# വെളിച്ചത്തിലേക്ക് നടത്തുന്നവർ

## ദീപ്തസംഭാഷണങ്ങൾ



മനോജ് കെ. പുതിയവിള

# വെളിച്ചത്തിലേക്കു നടത്തുന്നവർ

## ദീപ്തസംഭാഷണങ്ങൾ

മനോജ് കെ. പുതിയവിള

2021
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Veḷiccathilēkku naṭathunnavar — dīptasambhāṣaṇangaḷ**

(Malayalam: Interviews)

Manoj K. Puthiyavila

First published: in various print media as provided at the end of each chapter

Sayahna digital edition has been published in 2021.

Copyright © 2021, Manoj K. Puthiyavila. All the graphic material used in this book, except for chapter 4, had been provided by the author. The graphic materials used in chapter 4 were provided by C. V. Radhakrishnan.

These electronic versions are released under the provisions of Creative Commons Attribution By Non-commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The HTML version was generated by LuaTeX from the same LaTeX sources. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The cover was designed by the famed calligrapher, Narayana Bhattathiri.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആമുഖം

## കൗതുകക്കലവറയുടെ താക്കോൽ

പലതരത്തിൽ സവിശേഷതകളുള്ള ആറ് അഭിമുഖങ്ങളാണ് ഈ പുസ്തകം. ചില തു ജീവിതംകൊണ്ട്, ചിലതു ജീവിതദർശനംകൊണ്ട്, ചിലതു കർമ്മമണ്ഡലത്തിന്റെ വ്യത്യസ്തതകൊണ്ട്. ദൃശ്യ-അച്ചടിമാദ്ധ്യമങ്ങൾക്കായി ചെയ്തിട്ടുള്ള ധാരാളം അഭിമുഖ ങ്ങളിൽ ഏറ്റവും കൗതുകവും പ്രചോദനവും പകരുന്നവയും കൂടുതൽപേർ വായിക്ക ണം എന്നു തോന്നുന്നവയും തെരഞ്ഞെടുക്കുകയാണു ചെയ്തത്. ഓരോ ചോദ്യോ ത്തരത്തിലും വായനക്കാർക്കു കൗതുകം തോന്നുന്ന എന്തെങ്കിലും ഉണ്ട് എന്നു തോ ന്നിയ അഭിമുഖങ്ങൾ മാത്രമാണ് എടുത്തത്. ആറുപേരും ആറു വ്യത്യസ്തമേഖലക ളിൽ ഉള്ളവർ. ആദ്യം അവരെ ഒന്നു പരിചയപ്പെടുത്താം.

ഡച്ച് റാണി നൈറ്റ്ഹുഡ് പദവി നല്കി ആദരിച്ച, 30 വർഷത്തിനിടെ ഏറ്റവും സ്വാധീനിച്ച 15 പേരിൽ ഒരാളായി ചൈനാഭരണകൂടം പ്രഖ്യാപിച്ച, നൊബെയ്ൽ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ട, അന്ധയായ ജർമ്മൻ വനിത തിരുവന ന്തപുരത്തെ വെള്ളായണിയിൽ വലിയൊരു സ്ഥാപനം പണിതു ലോകമാകെയു ള്ള ദുരിതബാധിതസമൂഹങ്ങൾക്കായി സാമൂഹികസംരംഭങ്ങൾ പടുത്തുയർത്താൻ കഠിനാദ്ധ്വാനം ചെയ്യുന്നത് എത്രപേർക്കറിയാം! കണ്ണിൽ പതിയുന്ന തരത്തിൽ മാത്രം ലോകം കാണാൻ വിധിക്കപ്പെട്ട നിങ്ങളെക്കാൾ എത്രയോ ഉയരെയാണു മനക്കണ്ണിൽ അനന്തവൈവിദ്ധ്യങ്ങളോടെ ലോകം കാണാൻ കഴിയുന്ന ഞാൻ എന്നു ചോദിച്ചു നമ്മെ സ്തബ്ധയാക്കുന്ന അവർ അന്ധതയെ വെന്നു നീന്തലും കുതി രസവാരിയും വരെ അഭ്യസിച്ചതടക്കമുള്ള ആ ത്രസിപ്പിക്കുന്ന കഥ ആരെയാണു വിസ്മയിപ്പിക്കാത്തത്! സെബ്രിയെ ടെൻബേർക്കെൻ എന്ന ഈ മഹതി നടത്തുന്ന സ്ഥാപനത്തിനും അവിടെ ആണ്ടോടാണ്ടു പരിശീലനത്തിനെത്തുന്ന പരദേശികൾ ക്കും അവരെ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന രീതികൾക്കും പോലുമുണ്ട് കൗതുകപ്പൊലിമ.

സ്റ്റീഫൻ ഹോക്കിങ്ങിനു വന്ന മോട്ടോർ ന്യൂറോൺ രോഗം ബാധിച്ചു പാതിശ രീരം തളർന്ന, 70-കളിലെന്നോ മരിച്ചുപോകുമെന്ന് ദില്ലി ഓൾ ഇൻഡ്യാ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വിധിയെഴുതിയ, സി.വി.ആർ. എന്ന സി.വി. രാ ധാകൃഷ്ണനാണ് ലോകത്തെ നൂറിൽപ്പരം സമുന്നതമായ ശാസ്ത്ര, ഗണിത ജേർണലു കൾ തിരുവനന്തപുരത്തെ മലയിൻകീഴിലിരുന്നു രൂപകല്പന ചെയ്യുന്നത് എന്നതും

ആ ഗ്രാമത്തിൽപ്പോലും പലർക്കും അറിയാത്ത കാര്യമാണ്. നൂറിലേറെ ഡിസൈനർമാരെ ടെക് എന്ന സവിശേഷ ഡിസൈൻ സോഫ്റ്റ്വെയർ പഠിപ്പിച്ചു തൊഴിൽ നല്കി സി.വി.ആർ. നടത്തുന്ന ‘റിവർ വാലി’ എന്ന വലിയ സ്ഥാപനംപോലും കൗതുകങ്ങളുടെ കലവറയാണ്—അതിന്റെ നിർമ്മാണം മുതൽ പ്രവർത്തനശൈലിവരെ. ലോകത്തിനുതന്നെ പകർത്താവുന്ന പലതുമുണ്ടവിടെ.

ഇൻഡ്യയിൽ സ്വതന്ത്രസോഫ്റ്റ്വെയർ പ്രസ്ഥാനത്തിനു തുടക്കമിട്ട, അതിന്റെ പ്രചാരണത്തിനും ടെക്കിന്റെ വികാസത്തിനും അമൂല്യസംഭാവനകൾ നല്കിയ, ഓൺലൈൻ മലയാളപ്രസാധനത്തിൽ പുതിയ വഴി തുറന്ന ‘സായാഹ്ന ഫൗണ്ടേഷ’ന്റെ പ്രണേതാവായ ഈ നിശബ്ദവിപ്ലവകാരിയുടെ ജീവിതവും പ്രവർത്തനങ്ങളും സ്വാതന്ത്ര്യദർശനങ്ങളും വിശാലമായൊരു പാഠപുസ്തകംതന്നെയാണ്. ശാസ്ത്രീയമായ വിവരസഞ്ചയനത്തിനും മലയാളം ഭാഷാക്കമ്പ്യൂട്ടിങ്ങിനും പ്രസാധനത്തിനും മാർഗ്ഗദർശകമാകുന്ന ധാരാളം അറിവുകൾ സുദീർഘമായ അഭിമുഖത്തിലൂടെ അദ്ദേഹം പങ്കുവച്ചത് എനിക്കുതന്നെ വലിയ വെളിച്ചമാണു പകർന്നത്.

സമരം ചെയ്യാനും പഠിക്കേണ്ടതുണ്ടെന്നും കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടെ ലോകത്തെ മാറ്റിമറിച്ച സമരങ്ങൾ മിക്കതും ഇങ്ങനെ ശാസ്ത്രീയപരിശീലനം നേടി സംഘടിപ്പിച്ചതാണെന്നുമുള്ള അറിവ് അക്ഷരാർത്ഥത്തിൽ എന്നെ വിസ്മയിപ്പിച്ചു. മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പൗരാവകാശപ്രക്ഷോഭം (Civil Rights Movement) അവർ സംഘടിപ്പിച്ചത് പലസംഘങ്ങളായി ഇൻഡ്യയിൽ വന്നു ഗാന്ധിജിയുടെ അഹിംസാത്മകസമരരീതികൾ പഠിച്ചുകൊണ്ടുപോയി പകർത്തിയാണെന്ന് അതിൽ പങ്കാളിയായ പ്രൊഫ: മേരി എലിസബെത്ത് കിങ് അഭിമുഖത്തിൽ വിവരിക്കുന്നു. ആ അറിവാണു ലാറ്റിനമേരിക്കയിലെ പോരാട്ടങ്ങൾക്കു പാഠമായത്. ജർമ്മനിയുടെ ഏകീകരണവും സോവ്യറ്റ് യൂണിയനിൽനിന്നുള്ള അംഗരാജ്യങ്ങളുടെ വിമോചനവും ഫലസ്തീനിലെ അനന്തമായിനീളുന്ന വിമോചനപ്പോരാട്ടവും മുതൽ അമേരിക്കയിലെ ഒക്കുപ്പൈ സമരവും മുല്ലപ്പൂവിപ്ലവവും ദശാബ്ദങ്ങളായി വേരുറച്ചിരുന്ന ഏകാധിപത്യങ്ങളെ തകർത്തെറിഞ്ഞ മറ്റു സമീപകാലപ്രക്ഷോഭങ്ങളുംവരെ സംഘടിപ്പിക്കപ്പെട്ടത് ഗാന്ധിയൻ സമരരീതികൾ പുസ്തകം വച്ചു പഠിച്ചും ക്ലാസും ശില്പശാലയും നടത്തിയും സമാനസമരങ്ങളിൽ പങ്കെടുത്തും പരിശീലിച്ചാണെന്നതും നമ്മിൽ ഒട്ടുമിക്കവർക്കും പുതിയ അറിവാകാനാണു സാദ്ധ്യത.

ഗാന്ധിയൻ സമാധാനസമരങ്ങൾക്ക് ആറുതരം പരിസമാപ്തികൾ ഉണ്ടാകാമെന്നാണ് സമരം ചെയ്യാൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ വിലയിരുത്തിയിട്ടുള്ളത്. അതിൽ മനഃപരിവർത്തനം (conversion) എന്ന അന്ത്യം ഗാന്ധിജിക്കുശേഷം നടന്ന സമരങ്ങളിൽ സംഭവിച്ചിട്ടില്ല. ഗാന്ധിജി പങ്കു വഹിച്ച സമരങ്ങളിൽത്തന്നെ അതു സംഭവിച്ചതായി രേഖകൾ പറയുന്നതു വൈക്കം സത്യഗ്രഹത്തിൽ മാത്രം. അവിടെ യഥാർത്ഥത്തിൽ ഇതു സംഭവിച്ചോ എന്നു പരിശോധിക്കാനായിമാത്രം 15 കൊല്ലം കേരളത്തിൽ ഗവേഷണം നടത്തി ഈ അമേരിക്കൻ പ്രൊഫസർ! അതിന്റെ കണ്ടെത്തലുകൾ ഗവേഷണഗ്രന്ഥമായി പ്രസിദ്ധീകരിച്ചു. അത്രമാത്രം പ്രാധാന്യമുണ്ട് നാമൊക്കെ പരണത്തുവച്ച ആ സമരത്തിന്! അത്രമാ

ത്രും അക്കാദമികമായി പഠനഗവേഷണങ്ങൾ നടക്കുകയാണ് ഗാന്ധിയൻ സമര ത്തിന്റെ മേഖലയിൽ.

വൈക്കം സത്യഗ്രഹത്തിന്റെ ആ പുനർസന്ദർശനത്തിനൊപ്പം ഗാന്ധിവഴി യിൽ അമേരിക്കയിൽ നടത്തിയ 'നിസ്സഹകരണപ്രസ്ഥാന'ത്തിന്റെയും 'നിവർ ത്തനപ്രക്ഷോഭ'ത്തിന്റെയും 'കുത്തിയിരിപ്പുസത്യഗ്രഹ'ത്തിന്റെയുമൊക്കെ കഥകൾ മേരി കിങ് പങ്കുവയ്ക്കുന്നതും കൗതുകകരമാണ്—വിശേഷിച്ചും അവയിൽ പങ്കെടുക്കു കയും നേതൃദൗത്യം നിർവ്വഹിക്കുകയും ചെയ്ത അനുഭവതീക്ഷ്ണതയോടെ. 1966-ൽ ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിനു തന്റെ ചിന്തകൾ തിരികൊളുത്തിയ കഥ യും മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറിന്റെ ശിഷ്യയും സഹപ്രവർത്തകയും അമേ രിക്കൻ പ്രസിഡന്റായിരുന്ന ജിമ്മി കാർട്ടറുടെ സുഹൃത്തും സഹപ്രവർത്തകയും ഉപദേഷ്ടാവും ഒക്കെയായ ഈ പ്രമുഖരാഷ്ട്രീയശാസ്ത്രജ്ഞ പങ്കുവയ്ക്കുന്നുണ്ട്. ഐക്യ രാഷ്ട്രസഭയ്ക്കു കീഴിൽ കോസ്റ്റാ റിക്കയിലുള്ള യൂനിവേഴ്സിറ്റി ഫോർ പീസിലെ പീസ് ആൻഡ് കോൺഫ്ലിക്റ്റ്സ് വിഭാഗം പ്രൊഫെസ്സറായ ലോകപ്രശസ്തസമാധാനപ്ര വർത്തക സ്വയംതന്നെ ഒരു വിസ്മയമാണ്.

നാമെല്ലാം നന്നായി അറിയുന്ന, രണ്ടുവട്ടം കേരളത്തിന്റെ ധനമന്ത്രിയായ, തോമസ് ഐസക്കിന്റെ ജീവിതകഥ പക്ഷെ, നമ്മിൽ എത്രപേർക്കറിയാം? അതു കേൾക്കാൻ താത്പര്യമില്ലാത്ത ഏതെങ്കിലും കേരളീയർ ഉണ്ടാകുമോ? പുരോഹി തനും ട്രേഡ് യൂണിയൻ നേതാവുമൊക്കെ ആകാൻപോയയാൾ അക്കാദമീഷ്യനും വികസനവിദഗ്ധനും മന്ത്രിയുമൊക്കെയായ സംഭവബഹുലമായ ആ കഥ ആദ്യമാ യി വിശദമാക്കപ്പെട്ടത് എന്റെ അഭിമുഖത്തിലാണ്. സ്വന്തം അപ്പച്ചന്റെ തൊണ്ടുത ല്ലുമില്ലിലെ സമരം ഉദ്ഘാടനം ചെയ്തത്, തന്നെ കൊല്ലാൻ വന്ന ഗുണ്ടകളാണെന്ന റിയാതെ അവർ വന്ന കാറിൽ തലയിട്ടു നോക്കിയത്, ആളെ തിരിച്ചറിഞ്ഞേക്കും എന്നു തോന്നിയപ്പോൾ നടത്തിയ ഓട്ടമത്സരം, തന്നെ കിട്ടാതെ ആ സംഘം മറ്റൊരാളെ വധിച്ചത്, മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ മതിൽ ചാടിക്കടന്നത്, സി.എൻ. ശ്രീകണ്ഠൻ നായർ കിടന്ന ഐ.സി.യു.വിലെ കക്കൂസിൽ ഒളിച്ചത്, അടി യന്തരാവസ്ഥക്കാലത്ത് അല്പം വേഷമൊക്കെ മാറി നാട്ടിൽ നടക്കുന്നതിനിടെ അബദ്ധത്തിൽ അറസ്റ്റിലായത്, കയ്യാമം വച്ചു പരസ്യമായി നടത്തിയത്, പൊലീ സ്മർദ്ദനം, ജയിൽവാസം, ജീവിതം വഴിമാറ്റിയ ബസ്സപകടവും ഉറ്റമിത്രത്തിന്റെ മരണവും...

ഈ കൗതുകങ്ങൾക്കപ്പുറം ജനകീയാസൂത്രണകാലത്തും പിന്നെ മന്ത്രിയായ പ്പോൾ ലോട്ടറിയുമായി ബന്ധപ്പെട്ടും ഒക്കെയുണ്ടായ വിവാദങ്ങൾ, സി.പി.ഐ.- (എം.)-ൽ ഉണ്ടായ വിഭാഗീയതയും തെറ്റായ പ്രവണതകളും തെറ്റുതിരുത്തലും, ഇ.എം.എസ്. അടക്കം പാർട്ടിയിലെയും മറ്റുരംഗങ്ങളിലെയും പ്രമുഖരുമായുള്ള ബന്ധം, സംസ്ഥാനത്തെ ധനകാര്യം എന്നിങ്ങനെ പൊതുതാത്പര്യമുള്ള ഒട്ടനവ ധി കാര്യങ്ങളും അഭിമുഖത്തിൽ സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്. ആരോഗ്യംപോലും നോക്കാതെ ഊണും ഉറക്കവും ഉപേക്ഷിച്ചു നാടിനുവേണ്ടി കഷ്ടപ്പെട്ട നാളുകളിൽ അമേരിക്കൻ ചാരനെന്നുവരെ വിളിക്കപ്പെട്ടപ്പോഴുണ്ടായ വേദനയും ശിഥിലമായ കുടുംബബന്ധവും പണമില്ലാത്തതിനാൽ മക്കളുടെ പഠനത്തിൽ സഹായിക്കാനാ കാതെപോയ നിസ്സഹായതയുമൊക്കെ സംഭാഷണത്തിൽ കടന്നുവരുന്നുണ്ട്.

മറ്റൊരു അഭിമുഖം കേരളസമൂഹത്തെപ്പറ്റിയുള്ള വ്യത്യസ്തമായ നിരീക്ഷണങ്ങളും നിലപാടുകളും അടങ്ങുന്നതാണ്. സാമൂഹികശാസ്ത്രജ്ഞനും വിദ്യാഭ്യാസചിന്തകനും ശസ്ത്രസാഹിത്യകാരനും എൻജിനീയറിങ് അദ്ധ്യാപകനും കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ മുൻപ്രസിഡന്റും ഒക്കെയായ ഡോ: ആർ.വി.ജി. മേനോനാണ കേരളം എന്തുകൊണ്ട് ഇങ്ങനെയൊക്കെ ആയിപ്പോകുന്നു എന്നു പരിശോധിക്കുന്നത്. വിശ്വാസം, ദൈവം, ജാതീയത, മതാത്മകത, യുക്തിചിന്ത, ശാസ്ത്രബോധം, പരിസ്ഥിതിബോധം, ശാസ്ത്രവിദ്യാഭ്യാസം, ഗവേഷണമടക്കമുള്ള ഉന്നതവിദ്യാഭ്യാസം, സ്വാശ്രയക്കച്ചവടം, ഒക്കെ പരിശോധനാവിഷയമാകുന്നു.

കേരളത്തിലെ സാംസ്കാരിക-നവോത്ഥാനപ്രസ്ഥാനങ്ങൾക്കു സംഭവിച്ച വിപര്യയം, രാഷ്ട്രീയപ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെ സമ്മർദ്ദങ്ങൾക്കു വശംവദരാകുന്നതിന്റെ അപകടങ്ങൾ, കേരളീയരുടെ സോഷ്യലിസ്റ്റ് സങ്കല്പത്തിലെ ഗുണദോഷങ്ങൾ, സമഗ്രസമീപനമില്ലാത്ത ഏകവിഷയപ്രസ്ഥാനങ്ങൾ, കേരളീയർ നിലപാടുകളും സമീപനങ്ങളും രൂപപ്പെടുത്തുന്നതിലെ ശാസ്ത്രേതരരീതി, ശാസ്ത്രസാഹിത്യപരിഷത്തും യുക്തിവാദവും, സയൻസും ദൈവവും, ആർ.വി.ജി.യുടെ വിശ്വാസം, പുതുക്കാലപ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ രസകരവും ഗൗരവതരവുമായ നിരീക്ഷണങ്ങളാണ് ആർ.വി.ജി.യുടേത്.

പ്രമുഖ നാടകപ്രവർത്തകനായ പ്രശാന്ത് നാരായണന്റെ ജീവിതനാടകവും നാടകജീവിതവും ഒരുപോലെ കൗതുകകരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭ്രഷ്ടു കല്പിക്കപ്പെട്ടു നിലമ്പൂരിൽനിന്നു വർക്കലയിലെത്തിയ കഥകളിവേഷക്കാരൻ രാഘവപ്പിഷാരടിയുടെ മൂന്നാം തലമുറക്കാരനായ, തിരുവിതാംകൂർ സർവ്വകലാശാലയിൽ സാംസ്കാരികവിഭാഗം ഡീനും *കഥകളി* എന്ന ബൃഹദ്ഗ്രന്ഥത്തിന്റെയും *സ്യമന്തകം* ആട്ടക്കഥയുടെയും 32 നോവലുകളുടെയും കർത്താവുമായ ജി. രാമകൃഷ്ണപിള്ളയുടെ ചെറുമകനും 14 ആട്ടക്കഥ എഴുതിയ, കഥകളിസാഹിത്യകാരനും നിരൂപകനും ആയിരുന്ന വെള്ളായണി നാരായണൻ നായരുടെ മകനുമായ പ്രശാന്തിന്റെ രൂപപ്പെടൽതന്നെ സവിശേഷതകളുള്ളതാണ്. തെക്കൻ, വടക്കൻ ചിട്ടകളിൽ രണ്ടിലും കളിക്കുന്ന 'ഭാരതാന്തം' എന്ന ആട്ടക്കഥ പതിനേഴാം വയസിൽ എഴുതിയ ഇദ്ദേഹത്തിന്റെ 29 നാടകങ്ങളിൽ ഒന്നായ *ഛായാമുഖി*യിലാണ് മോഹൻലാലും മുകേഷും അഭിനയിച്ചത്. മോഹൻലാലിന്റെ സ്നേഹാദരങ്ങൾ കാവലായിട്ടും ചില സിനിമക്കാരിൽനിന്നുണ്ടായ തിക്തമായ അനുഭവങ്ങൾ പ്രശാന്ത് ഇതിൽ തുറന്നുപറയുന്നു.

അമിതമദ്യപാനവും അരാജകത്വവും തകർത്ത ജീവിതവും ആസന്നമരണനായി മോഹൻലാലിന്റെ കാറിൽ ആശുപത്രിയിൽ എത്തിയതും ഓർമ്മയില്ലാതെ ദിവസങ്ങൾ അവിടെ കിടന്നതും അതിൽനിന്നുണ്ടായ രണ്ടാം ജന്മവും കർമ്മകാണ്ഡത്തിന്റെ വീണ്ടെടുപ്പുമൊക്കെ ഇഴചേരുന്ന ആ സംഘർഷാത്മകനാടകം ആദ്യമായി തുറന്നെഴുതപ്പെട്ടത് ഈ അഭിമുഖത്തിലാണ്. ഗുരുകുലരീതിയിലുള്ള കഥകളിപഠനത്തിന്റെ തീവ്രാനുഭവങ്ങളും സഹപാഠികളുടെയും ചില ഗുരുനാഥരുടെയും ഈഗോയ്ക്കിരയായി പൂർത്തിയാക്കാൻ കഴിയാതെപോയ സ്കൂൾ ഓഫ് ഡ്രാമാ അനുഭവവും ചിതറിത്തെറിച്ച് ഒരുതുണ്ട് സ്കൂൾ ഓഫ് ഡ്രാമയിലും വീഴട്ടെ എന്നു കല്പിച്ചു റെയിൽപ്പാളത്തിലൂടെ നടന്നതും നാടകരംഗത്തു പിന്നിൽനിന്നേറ്റ

കുത്തുകളുമൊക്കെ വെളിവാക്കുന്നത് കലാരംഗത്തെയും നാടകപഠനമേഖലയിലെയും ദുഷ്പ്രവണതകൾകൂടിയാണ്. സ്കൂൾ ഓഫ് ഡ്രാമ, സംഗീത നാടക അക്കാദമി തുടങ്ങിയവയൊക്കെ അവശ്യം ഉടച്ചുവാർക്കേണ്ടതിന്റെ ആവശ്യകതയും വിസ്തരിച്ചുതന്നെ ചർച്ചയാകുന്നുണ്ട് അഭിമുഖത്തിൽ. മലയാളനാടകം ഊർജ്ജം കണ്ടെത്തേണ്ടതു നാട്യശാസ്ത്രത്തിലും കഥകളിയിലുമാണെന്ന് ആധികാരികതയൊടെ വ്യക്തമാക്കുന്ന അഭിമുഖം *ഛായാമുഖി, മകരദ്ധ്വജൻ, കറ, മഹാസാഗരം* തുടങ്ങിയ പ്രശാന്തിന്റെ പ്രധാനനാടകങ്ങളെയും നിരൂപണം ചെയ്യുന്നു.

ആമുഖമെന്നനിലയിൽ ഒരുകാര്യം പ്രത്യേകം പറയേണ്ടതുണ്ട്. സ്വന്തമായി നിലപാടുകൾ ഉള്ള ആളെന്ന നിലയിൽ അത് അനിവാര്യവുമാണ്. അഭിമുഖങ്ങളിൽ ഉള്ള നിലപാടുകൾ സ്വാഭാവികമായും അഭിമുഖം ചെയ്യപ്പെട്ടവരുടേതാണ്, ചെയ്തയാളിന്റേതല്ല. ഉത്തരപക്ഷത്തിന്റെ നിലപാടുകളോടു യോജിപ്പുണ്ടോ ഇല്ലയോ എന്നതു പരിഗണിക്കാതെ അങ്ങനെതന്നെ പകർത്തുന്ന പ്രൊഫഷണൽസത്യസന്ധത പാലിക്കാൻ നിഷ്ഠ പുലർത്തിയിട്ടുണ്ട്. മേരി ഇ. കിങ്ങിന്റെ അഭിമുഖത്തിലൊക്കെയുള്ള പലഭാഗങ്ങളും ഇപ്രകാരമുള്ളവയാണ്. ഒരു പ്രൊഫഷണൽ പത്രപ്രവർത്തകൻ എന്നനിലയിൽ പാലിക്കേണ്ട നിർമ്മമത്വത്തോടും സത്യസന്ധതയോടും വസ്തുനിഷ്ഠതയോടും ആ ചുമതല നിർവ്വഹിക്കുകമാത്രമാണു ചെയ്തിട്ടുള്ളത്.

ചില അഭിമുഖങ്ങൾ നേരത്തേ ചെയ്തവയാണെങ്കിലും അഭിമുഖം നല്കിയവരുമായി ഇപ്പോൾ വീണ്ടും സംസാരിച്ചു കാലികമാക്കേണ്ടവ കാലികമാക്കിയും സംഗതമായ പുതിയകാര്യങ്ങൾ കൂട്ടിച്ചേർത്തും 2021-ലെ അഭിമുഖങ്ങൾ എന്ന നിലയിൽ ആക്കിയാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ പുതിയവയായിത്തന്നെ വായിക്കാം.

ഇവരെക്കുറിച്ച് എഴുതണം എന്ന കടുത്തപ്രേരണയാൽ എഴുതിയവയാണ് ഈ പുസ്തകത്തിലെ ആറ് അഭിമുഖങ്ങളിൽ നാലും. കാരണം, അത്രമാത്രം ആളുകൾ അറിയേണ്ടവരാണവർ. അത്രമാത്രം വായനപ്പൊലിമ ഉള്ളവയാണ് ആ ജീവിതങ്ങൾ. ചിലതിനാകട്ടെ അതിലേറെ രാഷ്ട്രീയ, സാമൂഹിക, വൈജ്ഞാനിക മാനങ്ങളും. സാമൂഹികസംരംഭകത്വം എന്ന ആശയം ശക്തമായി സമൂഹത്തിൽ ഉയർത്തേണ്ടതാണ്. സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ പ്രയോഗവ്യാപനവും ശാസ്ത്രീയമായ വിജ്ഞാനസഞ്ചയനപരിപാലനങ്ങളും മലയാളത്തിൽ പ്രതിസന്ധി നേരിടുന്ന ഭാഷാസാങ്കേതികവിദ്യയും വിപുലമായ ചർച്ചയ്ക്കു പാത്രീഭൂതമാകേണ്ടതുണ്ട്. വിപ്ലവസ്വപ്നങ്ങൾ ട്രോളുകൾ ആക്കപ്പെടുന്ന ഇൻഡ്യൻ സാഹചര്യത്തിൽപ്പോലും വിപ്ലവപ്രതീക്ഷയുണർത്തുന്ന ഗാന്ധിയൻ സമരരീതികളുടെ ആഗോളപരീക്ഷണവിജയങ്ങൾ രാജ്യത്തിന്റെ ഭാവിയെപ്പറ്റി സ്വപ്നങ്ങൾ ഉള്ളവരിലേക്കെല്ലാം എത്തിക്കേണ്ടതുണ്ടെന്ന തീവ്രപ്രചോദനവും അഭിമുഖത്തിന് ഉണ്ടായിട്ടുണ്ട്.

കേരളീയർക്കു സുപരിചിതരായ തോമസ് ഐസക്കിന്റെയും ആർ.വി.ജി. മേനോന്റെയും അഭിമുഖങ്ങൾ ധാരാളമായി വരാറുള്ളതിനാൽ അത്തരത്തിലൊരു ചിന്ത അവരുടെ കാര്യത്തിൽ ഉണ്ടായില്ല. എന്നാൽ *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരായിരുന്ന മുൻസഹപ്രവർത്തകൻ കമൽ റാം സജീവ് ആവശ്യപ്പെടുകയും രണ്ടിനും കൗതുകകരമായ ആംഗിളുകൾ നിർദ്ദേശിക്കുകയും ചെയ്തപ്പോൾ അവയിലും സമാനമായ ആഭിമുഖ്യം ഉണ്ടാകുകയായിരുന്നു. 80-കളുടെ പകുതിമു

തൽ ഐസക്കിനെയും ആർ.വി.ജി.യെയും നേരിട്ടറിയുകയും പിന്നീട് ഏറെ അടുക്കുകയും ചെയ്ത ആളെന്നനിലയിൽ എന്നെ ഈ ദൗത്യങ്ങൾക്കു തെരഞ്ഞെടുത്ത സജീവിന്റെ ഉചിതജ്ഞതയും ആ അഭിമുഖങ്ങൾക്ക് ആഴം പകരാൻ പ്രേരണയായി. എഴുതിവന്നപ്പോൾ രണ്ടും എഴുതേണ്ടവതന്നെ ആയിരുന്നു എന്ന തോന്നൽ ഉണ്ടാകുകയും ചെയ്തു. ഇതിനു നിമിത്തമായ കമൽ റാം സജീവിനും *മാതൃഭൂമി ആഴ്ചപ്പതിപ്പി*ൽ പത്രാധിപസമിതിയംഗമായിരുന്ന മുൻസഹപ്രവർത്തക മനില സി. മോഹനും പ്രത്യേകനന്ദി രേഖപ്പെടുത്തുന്നു.

അഭിമുഖങ്ങൾക്കു സഹകരിച്ച ആറു മഹാവ്യക്തികൾക്കും അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ച മറ്റ് ആനുകാലികങ്ങളുടെ പത്രാധിപർമാരായ എന്റെ മുൻപത്രാധിപർകൂടിയായ എസ്. ജയച്ചന്ദ്രൻ നായർ, ഷാജി രാമചന്ദ്രൻ, ആർ.എസ്. ബാബു, കെ.കെ. ശൈലജടീച്ചർ എന്നിവർക്കും സ്നേഹാദരങ്ങളോടെ നന്ദി കുറിക്കട്ടെ.

ഈ പുസ്തകത്തിനു തിളക്കവും സുഗന്ധവും ചാർത്തി തിലകക്കുറിപോലെ പ്രശോഭിക്കുന്ന ചില നിരീക്ഷണങ്ങൾ നടത്തിയ അക്ഷരലോകത്തെ പ്രാമാണികരോടാണ് വലിയ കടപ്പാടുള്ളത്. പ്രസിദ്ധപ്പെടുത്തുമ്മുമ്പ് ഈ പുസ്തകം വായിച്ചുനോക്കി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ പ്രൊഫ: കെ. സച്ചിദാനന്ദൻ, ശ്രീ. സക്കറിയ, പ്രൊഫ: എസ്. ശാരദക്കുട്ടി, ഡോ: സുനിൽ പി. ഇളയിടം, ശ്രീമതി ഇന്ദു മേനോൻ എന്നീ സ്നേഹധനരായ പണ്ഡിതമിത്രങ്ങൾക്കും ഹൃദയപൂർവ്വം സ്നേഹവും കടപ്പാടും കുറിക്കുന്നു.

പ്രത്യേകനന്ദി പറയേണ്ട മറ്റൊരാൾ സി.വി.ആറാണ്. അദ്ദേഹത്തിന്റെ *സായാഹ്ന*യാണ് ഇതിന്റെ ഇ-പതിപ്പു പ്രസിദ്ധീകരിക്കുന്നത്. *സായാഹ്ന*യുടെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ (http://www.sayahna.org/) സ്വതന്ത്രപകർപ്പവകാശനിയമമായ ക്രിയേറ്റീവ് കോമൺസ് ലൈസൻസിലാണിതു പ്രസിദ്ധീകരിക്കുന്നത്. അതിനുപുറമെ, ഈ പുസ്തകത്തിന്റെ ഉൾത്താളുകൾ രൂപകല്പന ചെയ്തതും സി.വി.ആർ. ആണ്. ലോകോത്തരജേർണലുകൾ അണിയിച്ചൊരുക്കുന്ന അദ്ദേഹം അതേ പ്രൗഢഭംഗിയോടെ ഇതും വാർത്തെടുത്തിരിക്കുന്നു. രൂപകല്പനയുടെ അച്ചടക്കവും ഭംഗിയും പരമാവധി ആവഹിക്കാൻ കഴിയുന്ന ടെക് സോഫ്റ്റ്വെയറിലാണു സി.വി.ആർ. ഇതു ചെയ്തത്. മുമ്പു ഞാൻ സംസ്ഥാനസർക്കാരിനായി ചെയ്ത രണ്ടുപുസ്തകങ്ങൾക്കു സൗജന്യമായി ടെക് ലേഔട്ട് ചെയ്തതന്നതുകൂടി അനുസ്മരിച്ചുകൊണ്ട് സി.വി.ആറിനോടുള്ള പ്രത്യേക നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. സി.വി.ആറിന്റെ നിർദ്ദേശാനുസരണം ഉള്ളടക്കത്തിന്റെ കമ്പയിലേഷനും പ്രാഥമിക ലേ-ഔട്ടും നിർവ്വഹിച്ച അനുപ ആൻ ജോസഫിനും ജെ. എൻ. യമുനയ്ക്കും സ്നേഹപൂർണ്ണമായ നന്ദി.

ഈ പുസ്തകത്തിന് ഉള്ളടക്കത്തിന്റെ അന്തഃസത്ത പ്രതിഫലിപ്പിക്കുന്ന മനോഹരവും പ്രൗഢവുമായ മുഖപ്രസാദം ഒരുക്കിയത് മലയാളം കലിഗ്രാഫിയെ ലോകത്തോളം ഉയർത്തിയ ഭട്ടതിരിയാണ്. എനിക്കു കുടുംബസുഹൃത്തും മുൻസഹപ്രവർത്തകനും ഒട്ടേറെ സംരംഭങ്ങളിലെ രൂപകല്പനാപങ്കാളിയുമാണ് ഭട്ടതിരി. സഹോദരതുല്യനായ ഭട്ടതിരിയോടും ഹൃദയത്തിന്റെ ഭാഷയിൽ കടപ്പാടറിയിക്കുന്നു.

കഴിഞ്ഞ കുറേക്കാലമായി ഞാൻ എന്ത് എഴുതുമ്പോഴും അതു കാണിച്ച് അഭിപ്രായം തേടാറുള്ള, എന്റെ എഴുത്തിന്റെ ഒന്നാന്തരം നിരൂപകയായ, ജീവിതപങ്കാ

ളി ഡോ: പി.ആർ. സബിത, എഴുത്തിനുവേണ്ട പിന്തുണയും അന്തരീക്ഷവും ഒത്താശ കളും ചെയ്തുതരുന്ന മകൻ അമൻ എം.എസ്. എന്നിവർക്കും എഴുത്തിന്റെ രംഗത്തേ ക്ക് എനിക്കു വഴിയൊരുക്കിയ അച്ഛനമ്മമാർ, സഹോദരങ്ങൾ, എഴുത്തിൽ വഴികാ ട്ടിയ ഗുരുനാഥർ തുടങ്ങിവർക്കും എന്റെ സ്നേഹാർച്ചനകൾ.

വായിപ്പിക്കുക—അതാണ് എഴുതുന്നയാളുടെ അടിസ്ഥാനലക്ഷ്യം. വായി ക്കാൻ താത്പര്യപ്പെടുന്ന വിഷയങ്ങൾ കണ്ടെത്തുക, വായിക്കാൻ പ്രേരിപ്പിക്കു മാറു ലഭ്യമാക്കുക, വായിച്ചുതുടങ്ങാനും തുടർന്നു വായിക്കാനും തോന്നുന്നപോലെ എഴുതുക, വായിച്ചുകഴിഞ്ഞാൽ ഒരു കോപ്പി വാങ്ങണം എന്ന തോന്നൽ ജനിപ്പി ക്കുക—ഇതാണു വായനാസാമഗ്രികളുടെ മഹാപ്രളയകാലത്ത് ഒരു പ്രൊഫഷണ ലിനു ചെയ്യാനാവുക. അതു മനസിൽ വച്ചുകൊണ്ട് അക്കാര്യത്തിൽ എത്രമാത്രം വിജയമോ പരാജയമോ ആണെന്ന സ്വയംപരിശോധനകൂടിയാണിത്. വിധികർ ത്താക്കൾ നിങ്ങളാണ്. വായിച്ച് ഇഷ്ടപ്പെടുന്നവർക്കും ഓൺലൈൻ, ഡിജിറ്റൽ വായനകളിൽ താത്പര്യം ഇല്ലാത്തവർക്കും ആവശ്യപ്പെട്ടാൽ അച്ചടിച്ച പുസ്തകം വീട്ടിലെത്തിക്കാം. അതാണു വായനക്കാരിൽനിന്നു പ്രതീക്ഷിക്കുന്ന പ്രോത്സാഹ നം. നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്ന സഹായസഹകരണങ്ങൾക്കും പിന്തുണയ്ക്കുമു ള്ള കൃതജ്ഞത മുൻകൂട്ടിത്തന്നെ കുറിക്കട്ടെ!

സ്നേഹാഭിവാദനത്തോടെ,

തിരുവനന്തപുരം
2021 ജൂലൈ 4

(ഒപ്പ്)
മനോജ് കെ. പുതിയവിള

# അവതാരികാബിന്ദുക്കൾ

*നിരൂപണാത്മകമായ ദീർഘാവതാരിക ആവശ്യമുള്ള സർഗ്ഗരചന അല്ലാത്തതിനാൽ ആ പതിവ് ഒഴിവാക്കുകയാണ്. പകരം, എഴുത്തിന്റെ ആത്മാവു കണ്ടെത്തിയ ചില പ്രാമാണികർ പ്രസാധനത്തിനുമുമ്പ് പുസ്തകം വായിച്ചു നടത്തിയ ലഘുനിരീക്ഷണങ്ങൾ ചേർക്കുന്നു:*


## ഉൾക്കാഴ്ചകളുടെ പുസ്തകം



നല്ല അഭിമുഖങ്ങൾ ജീവിതങ്ങളുടെ ആഴങ്ങളിലേയ്ക്കു തുറന്നിട്ട വാതായനങ്ങളാണ്. വിഭിന്നമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതചേതസ്സുകളായ ആറു മനീഷികളുടെ ബാഹ്യലോകത്തേയ്ക്കും അന്തർലോകത്തേയ്ക്കുമുള്ള വാതിലുകളാണ് മനോജ് കെ. പുതിയവിള ഇവിടെ തുറക്കുന്നത്. ക്ലേശരഹിതമായ വായനയിലൂടെ വലിയ ഉൾക്കാഴ്ചകൾ സാദ്ധ്യമാക്കുന്ന പുസ്തകം.

—സച്ചിദാനന്ദൻ

## അറിവുകളും തിരിച്ചറിവുകളും



ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന കഥ എന്നു മനോജ് പുതിയവിള നടത്തിയ ഈ അഭിമുഖസംഭാഷണങ്ങൾ തെളിയിക്കുന്നു. മലയാളികളും അല്ലാത്തവരുമായ ആറു പ്രശസ്തവ്യക്തികളാണ് അവരുടെ ജീവിതപ്പാതകളുടെ കഥ ഈ സംഭാഷണങ്ങളിൽ വിവരിക്കുന്നത്. അവർ അനുഗമിച്ച ആദർശങ്ങളുടെയും നേരിട്ട വെല്ലുവിളികളുടെയും അതിജീവിച്ച പ്രതിസന്ധികളുടെയും അനുഭവോഷ്മളമായ ചരിത്രം വായനക്കാർക്കു സമ്മാനിക്കുന്നത് വിലയേറിയ അറിവുകളും തിരിച്ചറിവുകളുമാണ്. മലയാളത്തിലെ ജീവിതാനുഭവസാഹിത്യത്തിന്റെ ഒന്നാം നിരയിലാണ് ഈ ഗ്രന്ഥത്തിന്റെ സ്ഥാനം.

—സക്കറിയ

## ഏറ്റവും നല്ല സുഹൃത്ത്



ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ള, മനോജ് കെ. പുതിയവിള നടത്തിയ, അഭിമുഖങ്ങളിൽ വിഭിന്നമായതും വിശാലവീക്ഷണമുള്ളതുമായ ഒരുസംഘം വിശിഷ്ടവ്യക്തിത്വങ്ങളാണ്. എന്നാൽ എല്ലാവരും തമ്മിലുള്ള വൈജാത്യങ്ങളും പ്രകടമാണ്. അവരുടെ പ്രവർത്തനങ്ങളാണ്, എന്തുതന്നെ സംഭവിച്ചാലും കർമ്മനിരതരായിരിക്കുന്നവർ എന്നതാണ്, അവരെ ഒന്നിച്ചു നിർത്തുന്ന ഘടകം. 'അവരെങ്ങനെ പ്രവർത്തിക്കുന്നു എന്നതു നിരീക്ഷിക്കേണ്ട ഒന്നല്ല' എന്ന് അവരെല്ലാംതന്നെ പറയുമായിരിക്കും. പക്ഷെ വരാനിരിക്കുന്ന തലമുറയ്ക്കും ഇപ്പോൾ കർമ്മപഥങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുന്നവർക്കും തങ്ങളുടെ ജീവിതത്തിന്റെ ദൃഢമായ

ഏകാന്തതയിൽ ഈ അഭിമുഖങ്ങൾ ഒരു വെളിച്ചമായിരിക്കും. ഇതിലുംനല്ലൊരു സുഹൃത്തില്ല എന്ന് ഈ പുസ്തകം തോന്നിപ്പിക്കും. ബുദ്ധിയുടെയും പ്രതിഭയുടെയും പ്രവർത്തനങ്ങളുടെയും വൈഭവവും വിലാസവും ഇവരിലുണ്ട്. അത് പുറത്തുകൊണ്ടു വരാൻ അഭിമുഖകാരനു കഴിഞ്ഞിരിക്കുന്നു.

—എസ്. ശാരദക്കുട്ടി

## ഈ യാത്ര വൈജ്ഞാനികം, വൈകാരികം



ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന ജീവിതത്തിന്റെ അനന്തമായ വൈവിദ്ധ്യങ്ങളിലേക്കും വൈരുദ്ധ്യങ്ങളിലേക്കുമുള്ള നടപ്പാതകൾ കൂടിയാണ് ഈ അഭിമുഖങ്ങൾ. ധനതത്ത്വവിചാരവും ശാസ്ത്രഗവേഷണവും മുതൽ രംഗവേദിയുടെ സൗന്ദര്യശാസ്ത്രം വരെയുള്ള വിഭിന്നലോകങ്ങളുടെ സൂക്ഷ്മസ്വരൂപം ഈ അഭിമുഖങ്ങളിൽ വായനക്കാർക്കുമുന്നിൽ അനാവൃതമാകുന്നു. ഒരേസമയം വൈജ്ഞാനികവും വൈകാരികവുമായ ഒരു യാത്രയിലേക്കാണ് ഈ അഭിമുഖങ്ങൾ നമ്മെ കൈപിടിച്ചു നയിക്കുന്നത്.

—സുനിൽ പി. ഇളയിടം

## ജീവത്പ്രകാശങ്ങൾ



കറുത്തകാലത്തു ജീവിക്കുന്ന നമുക്കു പ്രത്യാശയ്ക്കും പ്രതീക്ഷയ്ക്കും വെളിച്ചമല്ലാതെ ഒരു വഴിയുമില്ല. വെളിച്ചമെന്നാൽ സൂര്യവെളിച്ചമോ ചാന്ദ്രവെളിച്ചമോ അല്ല, മനുഷ്യരുടെ ആത്മാവു സ്വന്തം കൊണ്ടു തിളങ്ങുന്ന ആ പൊൻവെളിച്ചമാണ്. ആയിരം മനുഷ്യർ സൂക്ഷിച്ചുവെച്ച വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും ഇരുട്ടിനെ ഒരു നിമിഷംകൊണ്ട് ഇല്ലാതാക്കുന്ന മഹാവെളിച്ചം.

അത്തരം വെളിച്ചം പ്രവൃത്തിയിലൂടെ സാദ്ധ്യമാക്കിയവർ—അവർ ആറുപേർ, ജീവിതംകൊണ്ടു തെളിയിച്ചുകാട്ടിയവർ, ജീവിച്ചുകാട്ടി പ്രതിസന്ധികളെ മറികടന്നവർ-അങ്ങനത്തെ ആറുപേരിലേക്കുള്ള യാത്രയാണു 'വെളിച്ചത്തിലേക്കു നടത്തുന്നവർ'. അതെ, ആറു വ്യത്യസ്തമനുഷ്യർ... വ്യത്യസ്തദിശകൾ... വ്യത്യസ്തമേഖലകൾ... വ്യത്യസ്തഭൂമികകൾ...

മനോജ് കെ. പുതിയവിള ആറുതരം ജീവത്പ്രകാശങ്ങളെ മനുഷ്യസ്നേഹം എന്ന ഒറ്റ നൂലിൽ കോർത്ത് ഒറ്റപ്പുസ്തകത്തിൽ ആവഹിക്കുന്നു. ദീർഘാഭിമുഖങ്ങളെന്നു പേരിട്ടുപറയുന്നുവെങ്കിലും ഇവ ജീവചരിത്രത്തിന്റെയും ആത്മഭാഷണത്തിന്റെയും സ്വഭാവം പ്രകടിപ്പിക്കുന്നു. ജീവിതത്തിലേക്കൊരു വെളിച്ചമാകുന്ന ഗ്രന്ഥം.

—ഇന്ദു മേനോൻ

# ഉള്ളടക്കം


ആമുഖം . . . . . . . . . . v

അവതാരികാബിന്ദുക്കൾ . . . . . . . . . . xii

1 ഇരുട്ടിനെന്തൊരു വെളിച്ചം! . . . . . . . . . . 2


2 ജനകീയത ആസൂത്രണം ചെയ്ത ജീവിതം . . . . . . . . . . 19

3 ഗാന്ധിസമരത്തിന്റെ ലോകായനം . . . . . . . . . . 66

4 ലോകോത്തരജേർണലുകളുടെ രൂപശില്പി . . . . . . . . . . 107

5 പതിനെട്ടാമത്തെ ആനയുടെ യുക്തി . . . . . . . . . . 161

6 നേരിൻചില്ലിലെ ഛായാമുഖം . . . . . . . . . . 205


ലോകോത്തരജേർണലുകളുടെ
രൂപശില്പി

# — 4 —

# ലോകോത്തരജേർണലുകളുടെ രൂപശില്പി

പ്രവേശിക

## സ്വാതന്ത്ര്യചക്രവാളത്തിൽ ഓടുന്ന യന്ത്രക്കസേര

സ്റ്റീഫൻ ഹോക്കിങ്ങിന്റെ രോഗവുമായി, പ്രവചിക്കപ്പെട്ട മരണത്തെ 43 കൊല്ലമായി ചിരിപ്പാടകലെ നിർത്തി കർമ്മയുദ്ധം നടത്തുന്ന സി. വി. ആർ. എന്ന സി. വി. രാധാകൃഷ്ണൻ പലനിലകളിലും ഒരു ജീനിയസാണ്. തന്റെ അവിശ്വസനീയമായ ജീവിതം പറയുന്നതോടൊപ്പം, മലയാളി പിൻതള്ളപ്പെടുന്ന പല വൈജ്ഞാനിക സാങ്കേതികവിദ്യാമേഖലകളെപ്പറ്റിയുള്ള വിലപ്പെട്ട അറിവുകളും ചിന്തകളും പങ്കുവയ്ക്കുന്നു. നൂറിൽപ്പരം ലോകോത്തരജേർണലുകളുടെ രൂപകല്പനാകേന്ദ്രമാക്കി തിരുവനന്തപുരത്തെ മാറ്റിയ ഈ അത്ഭുതമനുഷ്യൻ പറയുന്ന പലതും നമ്മെ ആകുലരാക്കും; ചിലതു വിസ്മയിപ്പിക്കും. വിവരസഞ്ചയങ്ങളുടെ പരിപാലനം, സംസ്കരണം, സ്വതന്ത്രവിതരണം, സ്വതന്ത്രപകർപ്പവകാശനിയമങ്ങൾ, പ്രസാധനം, സാങ്കേതികവിദ്യകൾ, ഭാഷാസേവനം, കമ്മ്യൂൺ ജീവിതം,... വിപുലവും വിചിത്രവുമാണ സി.വി.ആറിന്റെ കർമ്മമേഖലകളും ചിന്തകളും.

ഇൻഡ്യൻ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളായ സി.വി.ആറിന്റെ വീടാണ് ആ പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനായ റിച്ചാർഡ് സ്റ്റോൾമാൻ തിരുവനന്തപുരത്തു വന്നാൽ ഇഷ്ടവാസസ്ഥാനം. ഗണിതം, സംഗീതം, ശാസ്ത്രം തുടങ്ങിയ ചിഹ്നവ്യവഹാരങ്ങളുള്ള വിഷയങ്ങളിലുള്ള പുസ്തകങ്ങളും ജേർണലുകളും രൂപകല്പന ചെയ്യാൻ കഴിയുന്ന സവിശേഷസോഫ്റ്റ്‌വെയറാണ സി.വി.ആറിന്റെ കളിത്തട്ട്. കീഴ്കുതിയുടെ ചലനശേഷി നഷ്ടമായി ഹോക്കിങ്ങിനെ അനുസ്മരിപ്പിക്കുന്ന യന്ത്രക്കസേരയിൽ മലയിൻകീഴിലെ റിവർ വാലി ടെക്നോളജീസിന്റെ സുദീർഘമായ റാമ്പിലൂടെ പാറിനടക്കുന്ന സി.വി.ആറിനൊപ്പം എത്താൻ മലയാളപ്രസാധനരംഗം ഏറെ ഓടേണ്ടിവരും.

വിവരസംരക്ഷണത്തിലും ശാസ്ത്രീയമായ പരിപാലനത്തിലുമൊക്കെ കേരളസമൂഹം കാട്ടുന്ന ഗുരുതരമായ, അക്ഷന്തവ്യമായ അലംഭാവത്തെപ്പറ്റിയൊക്കെ ഈ ഭാഷാസ്നേഹി പറയുമ്പോൾ നാം പുതിയ തിരിച്ചറിവുകളാൽ അസ്വസ്ഥരാ

കും. ഇന്ന വിപണിയിൽ ലഭ്യമല്ലാത്ത ഐതിഹ്യമാലയും ശബ്ദതാരവലിയും കേരളപാണിനീയവും ഇന്ദുലേഖയും മാർത്താണ്ഡവർമ്മയും മുതൽ ഒരുപിടി അമൂല്യ ഗ്രന്ഥങ്ങൾ അവയ്ക്കിണങ്ങുന്ന സവിശേഷരൂപകല്പനയോടെ സൗജന്യവായനയ്ക്ക് ഒരുക്കിത്തന്ന് അതുല്യമായ ഭാഷാസേവനവും നിർവ്വഹിക്കുന്ന സി.വി.ആറിന്റെ സുദീർഘാഭിമുഖം മൂന്ന ഭാഗമായാണ തയ്യാറാക്കിയിരിക്കുന്നത്—ജീവിതം, സാങ്കേതികവിദ്യ, നിലപാട് എന്നിങ്ങനെ.

# ലോകോത്തരജേർണലുകളുടെ രൂപശില്പി

— സി. വി. രാധാകൃഷ്ണൻ

## സി.വി.ആർ. ജീവിതം പറയുന്നു

ലോകത്തെ ഏറ്റവും മികച്ച നൂറിൽപ്പരം ശാസ്ത്ര-ഗണിത-സാങ്കേതികവിദ്യാ ജേർണലുകൾ അണിഞ്ഞൊരുങ്ങുന്നതു കേരളത്തിലാണെന്നും അതു ചെയ്യുന്നത് ഒരു മലയാളിയാണെന്നും കേട്ടപ്പോൾ ആദ്യം വിശ്വാസമായില്ല. പിന്നെ അറിഞ്ഞു സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ റിച്ചാഡ് സ്റ്റോൾമാൻ തിരുവനന്തപുരത്തു വന്നാൽ താമസിക്കുന്നത് ഇൻഡ്യയിലെ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാൾകൂടിയായ ഈ ആത്മമിത്രത്തിന്റെ വീട്ടിലാണെന്ന്.

അക്കാദമികലേഖനങ്ങൾ തയ്യാറാക്കാൻ സർവ്വോത്തമമായതിനാൽ ലോകമെമ്പാടുമുള്ള സർവ്വകലാശാലകളും മറ്റ് അക്കാദമികസ്ഥാപനങ്ങളും അക്കാദമികപ്രസാധകരും ടൈപ്പിങ്ങിനും ടെക്സ്റ്റ് എഡിറ്റിങ്ങിനും ഡിസൈനിങ്ങിനും ആശ്രയിക്കുന്ന ടെക് (TEX) എന്ന സോഫ്റ്റ്‌വെയറിന്റെ ലോകത്തേതന്നെ പ്രാമാണികരിൽ ഒരാൾ. ഡിജിറ്റൽ ആർക്കൈവിങ്ങിന്റെ കാര്യത്തിലും പ്രാമാണികൻ ആണെന്നുകൂടി അറിഞ്ഞപ്പോൾ ആളെ നേരിട്ടു കാണണമെന്ന താല്പര്യം കലശലായി. അങ്ങനെയാണ് സി.വി.ആർ. എന്ന് എല്ലാവരും വിളിക്കുന്ന സി.വി. രാധാകൃഷ്ണനെ കാണാൻ ആസൂത്രണബോർഡ് അംഗം ഡോ: ബി. ഇക്ബാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ പ്രൊഫ: വി. കാർത്തികേയൻ നായർ, ചിന്ത പബ്ലിഷേഴ്സ് ജനറൽ മാനേജർ കെ. ശിവകുമാർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സി. അശോകൻ, ഷിബു ശ്രീധർ എന്നിവരെയുംകൂട്ടി തലസ്ഥാനനഗരപ്രാന്തത്തിലെ മലയിൻകീഴിലുള്ള റിവർ വാലി ടെക്നോളജീസിൽ എത്തുന്നത്. സർക്കാരിലും വിവിധ സ്ഥാപനങ്ങളിലും ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ആലോചിക്കാൻകൂടി ആയിരുന്നു ആ കൂടിക്കാഴ്ച.

ചില്ലറ ഇലക്ട്രോണിക് നിയന്ത്രണസംവിധാനങ്ങളുള്ള യന്ത്രക്കസേരയിൽ ഉരുണ്ടുവന്ന് നിറചിരിയോടെ വരവേറ്റ ഈ പ്രതിഭാശാലിയെ കണ്ടപ്പോൾ ആദ്യം




ഇടത്തുനിന്ന്: ലേഖകൻ, ജനപഥം എഡിറ്റർ നാഫി മുഹമ്മദ്, സിവിആർ; സഹപ്രവർത്തകയായ രശ്മിയുമായി ചർച്ചയിലേർപ്പെട്ടിരിക്കുന്ന സിവിആർ.

ഓർമ്മവന്നത് സ്റ്റീഫൻ ഹോക്കിങ്ങിനെ. യന്ത്രക്കസേരയിലെ ഇരിപ്പ് മാത്രമല്ല സ്റ്റീഫൻ ഹോക്കിങ്ങുമായി സി.വി. രാധാകൃഷ്ണനുള്ള സാമ്യം. രണ്ടുപേർക്കും ബാധിച്ചത് ഒരേ രോഗമാണ്. രണ്ടുപേരും ശിഷ്ടജീവിതത്തിന് ആധാരമാക്കിയത് ഇലക്ട്രോണിക് വീൽ ചെയറാണ്. ഇരുവരും പ്രവചിക്കപ്പെട്ട 'ആസന്നമരണ'വുമായി അവിശ്രമം സ്വന്തം കർമ്മരംഗത്തു നേട്ടങ്ങൾ വിളയിച്ച് നമ്മെ അത്ഭുതപ്പെടുത്തിയവർ.

നാലേക്കറിൽ ബേക്കർ മാതൃകയിൽ പ്രകൃതിക്കിണങ്ങുമാറ് നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ ഒന്നാംനിലപ്പൊക്കത്തിലെ റാമ്പിലൂടെ ഗസ്റ്റ് ഹൗസിൽനിന്ന് ഓഫീസിലേക്കും കോൺഫറൻസ് മുറിയിലേക്കും ക്യാന്റീനിലേക്കുമൊക്കെ സി.വി.ആർ. ഉത്സാഹയോട്ടം നടത്തുമ്പോൾ, അഞ്ചുകൊല്ലത്തിനകം സംഭവിക്കുമെന്ന് 1977-ൽ ദില്ലി എയിംസിലെ ഡോക്ടർമാർ പ്രവചിച്ച മരണത്തെ കർമ്മചേതനകൊണ്ട് അകറ്റിനിർത്തിയതിലെ അത്ഭുതം മാത്രമല്ല, 'ആസന്നമരണനിമിഷങ്ങ'ളിൽ ജീവിച്ചുകൊണ്ട് ലോകത്തെ ഏറ്റവും പ്രമുഖങ്ങളായ നൂറിൽപ്പരം ശാസ്ത്ര ജേർണലുകളുടെ രൂപകല്പനാകേന്ദ്രമായി കേരളതലസ്ഥാനത്തെ അടയാളപ്പെടുത്തിയെടുത്തതിലെ വിസ്മയംകൂടിയാണു മനസിൽ നിറയുന്നത്.

എൽസ്‌വീയർ, നേച്ചർ, ഐഒപി പബ്ലിഷിങ് തുടങ്ങിയ ലോകത്തെ കേമരായ അക്കാദമിക് പ്രസാധകരുടെ ശാസ്ത്ര-ഗണിതജേർണലുകൾ മിക്കതും രൂപകല്പന ചെയ്യുന്നതു കേരളത്തിലാണെന്ന കാര്യം ഞാൻ പറഞ്ഞിട്ടുള്ളവരെല്ലാം അവിശ്വസനീയതയോടെയാണു കേട്ടിട്ടുള്ളത്. സി.വി.ആറിന്റെ മേൽനോട്ടത്തിൽ അവ എത്രയോ വർഷമായി ലോകോത്തരനിലവാരത്തോടെ കുറ്റമറ്റതായി ഇറങ്ങിക്കൊണ്ടിരിക്കുന്നു!

സി.വി.ആറിനെ പിന്നെയും പലകുറി കണ്ടു. സംസാരിച്ചു. എഴുതാൻവേണ്ടിത്തന്നെയും സുദീർഘം സംസാരിച്ചു. സി.വി.ആർ. വിവരവിദ്യയിലേക്കു കടക്കുന്നതും റിവർ വാലി ടെക്നോളജീസ് എന്ന സ്ഥാപനം തുടങ്ങുന്നതും ഇന്നത്തെ നേട്ടങ്ങൾ കൈവരിക്കുന്നതുമെല്ലാം ഡോക്ടർമാർ 'മരണമണി' മുഴക്കിയശേഷമാണ്. അതൊരു പോരാട്ടമായിരുന്നു. അവിടെ ജീവിതവും സംരംഭകത്വവും വിവരവിദ്യയുമെല്ലാം കൂടിക്കുഴഞ്ഞുകിടക്കുന്നു. നിസ്സംഗതയോടെ ജീവിതത്തെ കാണാനാവുന്ന ഒരു അവസ്ഥയിൽ ഒരു അവിശ്വാസി തപസ്സൊത്ത ജീവിതത്തിലൂടെ നേടിയ അറിവും വികസിപ്പിച്ച കാഴ്ചപ്പാടുകളും പങ്കുവയ്ക്കുമ്പോൾ ഈ സാങ്കേതികവിദ്യായുഗത്തിൽ നാം അറിയേണ്ട പലതും, നമ്മുടെ ധാരണ തിരുത്തുന്ന പലതും, ഉത്തരവാദപ്പെട്ടവർ സ്വീകരിക്കേണ്ട പലതും അതിലുണ്ട്.

## താമ്രപർണ്ണിയിൽ നീന്തിത്തുടിച്ച ബാല്യം

*മനോജ് കെ. പുതിയവിള:* 'റിവർ വാലി'. ഒരു സാങ്കേതികവിദ്യാസ്ഥാപനത്തിന് ഇങ്ങനെയൊരു പേരു സാധാരണം അല്ലല്ലോ?

*സി.വി.ആർ.:* ഇൻഫോ, ടെക്, സിസ് തുടങ്ങിയ വാക്കുകളൊന്നും ഉപയോഗിച്ച പേരുണ്ടാക്കാൻ താത്പര്യമില്ലായിരുന്നു. നദീതടങ്ങളാണല്ലോ മാനവസംസ്കാരത്തിന്റെതന്നെ ഈറ്റില്ലം. ഞാൻ ജനിച്ചുവളർന്നതും ഒരു നദീതീരത്താണ്—താമ്രപർണിയുടെ അടുത്ത്, കേരളത്തിന്റെ തെക്കേയതിരായ കുഴിത്തുറയിൽ. മഴക്കാലങ്ങളിൽ നദി നീന്തിക്കടന്നാണു ഞങ്ങൾ സ്കൂളിൽ പോയിരുന്നത്. ഉടുപ്പും നിക്കറും പുസ്തകവുമെല്ലാം കൂട്ടിക്കെട്ടി ഒരുകയ്യിൽ ഉയർത്തിപ്പിടിച്ച നഗ്നരായി മറ്റകൈകൊണ്ടു തുഴഞ്ഞ്. വഞ്ചിയിൽ പോകാൻ കഴിവുള്ള കുടുംബങ്ങളിലെ പെൺകുട്ടികളെ അച്ഛനമ്മമാരാരെങ്കിലും വഞ്ചിയിൽ കൊണ്ടാക്കും. നഗ്നരായി നീന്തുന്ന ഞങ്ങളെ നോക്കി ചില കുസൃതിക്കാരികൾ കൂകും.

(ശരീരത്തിന്റെ താഴേപ്പകുതിയുടെ ചലനമറ്റ വീൽ ചെയറിൽ ജീവിക്കുന്ന സി.വി.ആറിന്റെ കണ്ണുകളിൽ ബാല്യത്തിന്റെ ചുറുചുറുക്ക പൂത്തിരി കത്തിക്കുന്നു.)

*മനോജ്:* ദരിദ്രകുടുംബത്തിലായിരുന്നോ ജനനം?

*സി.വി.ആർ.:* അല്ല. നൂറുനൂറ്റിയിരുപത് ഏക്കർ ഭൂമി ഉണ്ടായിരുന്നു. പക്ഷേ, ഞങ്ങൾ കുട്ടികൾക്കിടയിൽ അത്തരം വേർതിരിവൊന്നും ഇല്ലായിരുന്നു. പണമുള്ളവരും നീന്താൻ കൂടും. അതൊരു ഒരുമപ്പെടലാണ്. എട്ടാം വയസ്സിലൊന്നും ജാതിയെപ്പറ്റിപ്പോലും ഒന്നും തോന്നിയിട്ടില്ല.

*മനോജ്:* ജാതിവിവേചനം കാര്യമായി ഇല്ലായിരുന്നു എന്നാണോ?

*സി.വി.ആർ.:* അല്ല. കുഴിത്തുറ പുത്തൻ ചന്തയ്ക്കു സമീപമായിരുന്നു വീട്. റോഡിന്



റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിൽ പ്രവേശിക്കുമ്പോൾ. (കടപ്പാട്: ഇ. പി. ഉണ്ണി)

ഒരുവശം വലിയ ഭൂസ്വത്തുള്ള നായർ ജന്മിമാർ. മാടമ്പിത്തരമൊക്കെ ഉണ്ടായിരുന്നവർ. ഞാൻ ജന്മംകൊണ്ട് ഈഴവനായിരുന്നു.

*മനോജ്:* ജന്മംകൊണ്ട്?

*സി.വി.ആർ.:* അതെ. ഇന്നു കർമ്മംകൊണ്ടു ജാതിയും മതവും ഇല്ല.

*മനോജ്:* ജന്മംകൊണ്ടും ജാതിവിവേചനം അനുഭവിച്ചില്ല?

*സി.വി.ആർ.:* അത് അല്പം വിശദീകരിക്കേണ്ടിവരും. ഞങ്ങളുടേതു കൂട്ടുകുടുംബം ആയിരുന്നു. മൂത്ത അപ്പൂപ്പൻ കർഷകൻ. രണ്ടാമത്തെയാൾ വൈദ്യൻ. മൂന്നാമത്തെ അപ്പൂപ്പൻ ജ്യൗതിഷിയും. ഭൂസ്വത്തും അപ്പൂപ്പന്മാരുടെ പാണ്ഡിത്യവും കാരണമാകാം, ജാതിഭേദവും അവഗണനയും കുട്ടിക്കാലത്തു തോന്നിയിട്ടില്ല. ജന്മിത്തവും അയിത്താചരണവുമൊക്കെ അപ്പോഴേക്കു നിയമംമൂലം അവസാനിപ്പിച്ചിരുന്നല്ലോ. എസ്.എസ്.എൽ.സി. കഴിഞ്ഞാണു 'താഴ്ന്നജാതി' ആണെന്നു മനസിലാകുന്നത്.

*മനോജ്:* ശരിയാണ്. ഇത്തരം ചില ഘടകങ്ങൾ ചിലർക്കു കവചം തീർത്തിരുന്നു. പുതിയതലമുറയ്ക്ക് അപരിചിതമായ ആ കാലം ഓർത്തുപറയുന്നതിന് ആ നിലയിൽ സാംഗത്യമുണ്ടല്ലോ. കൂട്ടുകുടുംബം ആയിരുന്നു എന്നു പറഞ്ഞു?

*സി.വി.ആർ.:* അച്ഛന്റെ ആറു സഹോദരങ്ങളും അമ്മച്ചിയും ഒന്നിച്ചായിരുന്നു. 1953 ജനുവരി 20-നാണു ഞാൻ ജനിക്കുന്നത്. അച്ഛന്റെ പേരു വാസുദേവൻ. അമ്മ വിശാലാക്ഷി. എനിക്ക് ഏഴെട്ടു വയസുള്ളപ്പോൾ കുടുംബം പിരിഞ്ഞു. ഒന്നായിക്കിടന്ന ഭൂമി വീതംവയ്ക്കുക ആയിരുന്നതിനാൽ എല്ലാവരും ചുറ്റുവട്ടത്തുതന്നെ ആയിരുന്നു.

ഞങ്ങളുടേതൊഴികെ എല്ലാം വിഭജിക്കപ്പെട്ടു. ഞങ്ങൾ നാല് ആണുങ്ങളാണ്. നാലുപേർക്കുംകൂടി മൂന്നു കുട്ടികൾ. ഏറ്റവും ഇളയ അനുജൻ രാജാറാമിനുമുണ്ട് അല്പം ആരോഗ്യപ്രശ്നം. മെനഞ്ചൈറ്റിസ് വന്നതിനെത്തുടർന്ന് ഇപ്പോഴും അതിന്റെ ആസ്കിതകളിൽ ബുദ്ധിമുട്ടുന്നു. 2009-ൽ അമ്മയും 2010-ൽ അച്ഛനും മരിച്ചു. വസ്തുവകകൾ അങ്ങനെ കിടക്കുന്നു.

അന്നവിടം കുഗ്രാമമായിരുന്നു. പോസ്റ്റ് ഓഫീസും പൊലീസ് സ്റ്റേഷനും

ഇടത്തുനിന്ന്: കാമ്പസിലെ സമൃദ്ധമായ വാഴക്കൃഷി. ഗ്രാഫിക്സ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന രാജേഷ് (ഇടത്ത്) ആണ് കാമ്പസിലെ ഹരിതവിപ്ലവത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാന സർക്കാരിന്റെ ബയോഡൈവേഴ്സിറ്റി അവാർഡ് നേടാനും കാരണക്കാരൻ; കാമ്പസിലെ പച്ചക്കറിക്കൃഷി.





സിനിമ തീയറ്ററും ഒന്നുമില്ല. പക്ഷേ, എല്ലാവരും വിദ്യാസമ്പന്നർ, ഉയർന്ന ഉദ്യോഗസ്ഥർ. വിദ്യാഭ്യാസത്തിനു നല്ല പ്രാധാന്യമുള്ള നാട്.

*മനോജ്:* അതെങ്ങനെ?

*സി.വി.ആർ.:* നാട്ടിലുണ്ടായിരുന്ന യൂണിയൻ ലൈബ്രറിയാണ് എന്നെ വാർത്തത്. കേരളത്തിന്റെ ചരിത്രമൊക്കെ വായിച്ചത് അവിടുന്നാണ്. ലോകസാഹിത്യം, സംസ്കൃതകൃതികൾ ഒക്കെ. സ്കൂളിനെക്കാൾ കൂടുതൽ വിദ്യാഭ്യാസം കിട്ടിയത് അവിടെനിന്നാണ്. അദ്ധ്യാപകരുമായി നല്ല ബന്ധമായിരുന്നു. ഒന്നിച്ചു സ്കൂളിൽ പോകും, വരും. ഈ നടപ്പിൽ അദ്ധ്യാപകരാണു വായനയ്ക്കു പ്രേരിപ്പിച്ചത്. ഇല്ലെങ്കിൽ ഇങ്ങനെ ആകുമായിരുന്നില്ല. *'ഡോൺ ശാന്തമായി ഒഴുകുന്നു'* പോലുള്ള ക്ലാസിക്കുകളൊക്കെ സ്കൂൾക്കാലത്തുതന്നെ വായിച്ചു.

അതൊന്നും മതിയാകാഞ്ഞ് ഞാനും സുഹൃത്തുക്കളായ ബാലചന്ദ്രനും കെ. വിജയകുമാരനും കൂടി 'കൾട്ട്' എന്നൊരു കടലാസുസംഘടന ഉണ്ടാക്കി. അമേരിക്കൻ ലൈബ്രറിയിൽ അംഗമാകാനായിരുന്നു അത്. അംഗമാകുന്ന സാംസ്കാരികസംഘടനകൾക്ക് 50 പുസ്തകവും 50 മാസികകളുടെ മുൻലക്കങ്ങളും അവരുടെ ചെലവിൽ അയച്ചുതരും. തിരികെ അയയ്ക്കുന്നതും അവരുടെ ചെലവിൽ. ആ വഴിക്കും ധാരാളം വായിച്ചു. കോൺക്രീറ്റ് കവിതകൾ, അസ്തിത്വവാദം, ആധുനികസാഹിത്യം ഒക്കെ പരിചയപ്പെട്ടു. ലോകസാഹിത്യത്തിലെ ധാരാളം എഴുത്തുകാരെ അറിഞ്ഞു. പക്ഷേ, അടിയന്തരാവസ്ഥയോടെ ഇത് അവസാനിച്ചു. ഇന്ദിര ഗാന്ധി ആവശ്യപ്പെട്ടപ്രകാരം അമേരിക്കൻ ലൈബ്രറിയുടെ ബന്ധം യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലേക്കായി ചുരുക്കി. പിന്നെ, മാതൃഭൂമി സ്റ്റഡി സർക്കിൾ, 'സംഗം' കൈയെഴുത്തുമാസിക ഒക്കെയായി ഒരു കാലം...

*മനോജ്:* കോളെജ് ജീവിതം?

*സി.വി.ആർ.:* കോളെജിലും അദ്ധ്യാപകരുമായി നിരന്തരചർച്ച ആയിരുന്നു. മാർത്താണ്ഡം ക്രിസ്ത്യൻ കോളെജിൽ. അവിടെ വിദ്യാർത്ഥിപ്രതിരോധങ്ങളിൽ പങ്കെടുത്തതിന് അധികൃതരുടെ കണ്ണിൽ കരടായി. ഒടുവിൽ അവർ നല്കിയ സ്വഭാവസർട്ടിഫിക്കറ്റിൽപ്പോലും എഴുതിയത് 'ചീത്ത' (bad) എന്ന്! സഭയുടെ ഭദ്രാസനത്തിൽ പരാതി നല്കി. പ്രീഡിഗ്രി പ്രവേശനാഴിമതി, വളം വാങ്ങൽ തുടങ്ങി പല ആരോപണങ്ങളും ചേർത്ത് അവർ അന്വേഷണം നടത്തി ആ പ്രിൻസിപ്പലിനെ പിരിച്ചുവിട്ടു. ആ വിരോധത്തിന് അവർ എന്റെ അനുജനു പ്രവേശം നല്കിയില്ല.

പഠിച്ചതു രസതന്ത്രമാണ്. എം.എസ്.സി.ക്കു ചേർന്നത് കൊല്ലം എസ്.-എൻ. കോളെജിൽ. യൂണിവേഴ്സിറ്റി കോളെജായിരുന്നു ഇഷ്ടം. പിന്നീട് അവിടെ കിട്ടി. പക്ഷെ, അച്ഛൻ സമ്മതിച്ചില്ല. അങ്ങനെ 1973-ൽ പഠനം നിർത്തി.

അക്കൊല്ലംതന്നെ ടെലികോം വകുപ്പിൽ ക്ലർക്കായി കിട്ടി. ആറുമാസം ജോലി ചെയ്തു. അതിനിടെ 1973 ഓഗസ്റ്റിൽ യു.പി.എസ്.സി. വഴി ഷിപ്പിങ് മന്ത്രാലയത്തിൽ അസിസ്റ്റന്റു നിയമനം. നല്ല ശമ്പളം. സുഖം. ദില്ലിയിൽ ശാന്തജീവിതം. അടിയന്തരാവസ്ഥ തീരുംവരെ അവിടെയായിരുന്നു. അക്കാലത്താണു രോഗം പിടികൂടുന്നത്. കാലിനു ബലക്കുറവുതോന്നി ആശുപത്രി




ഇടത്തുനിന്ന്: എങ്ങും പടികളില്ലാത്ത പാതകളും മുളയ്ക്കു മുൻതൂക്കം നല്കിയുള്ള പരിസ്ഥിതി സൗഹൃദമായ നിർമ്മാണരീതിയുമാണ് കാമ്പസ് സ്വീകരിച്ചിട്ടുള്ളത്; കാമ്പസിലെ കൂത്തമ്പലത്തിൽ ഗണിതശാസ്ത്രജ്ഞരായ ഡോ. കൃഷ്ണൻ (ഇടത്ത്) പ്രൊഫ. കെ.എസ്.എസ്. നമ്പൂരിപ്പാട് എന്നിവരോടൊപ്പം സിവിആർ.

യിൽ പോകുകയായിരുന്നു. 1975-ഓടെ രോഗം നിർണ്ണയിച്ചു—പെരനിയൽ മസ്കുലാർ ഡിസ്ട്രോഫി (Peroneal Muscular Dystrophy) എന്ന മോട്ടോർ ന്യൂറോൺ രോഗം. അന്നു വയസ് 25.

## മനസൊരുക്കിയ നാളുകൾ

*മനോജ്:* ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലല്ലേ രോഗം നിർണ്ണയിച്ചത്? അവിടെ ചികിത്സയൊന്നും ചെയ്തില്ലേ?

*സി.വി.ആർ.:* ഇല്ല. ഇതിനു ചികിത്സയൊന്നും ഇല്ലെന്നും അഞ്ചുകൊല്ലത്തിലധികം ജീവിക്കില്ലെന്നുമായിരുന്നു വിധി. 1977-ൽ ജോലി രാജിവച്ചു നാട്ടിൽ വന്നു. ജോലി രാജിവച്ചത് അച്ഛന് ഇഷ്ടമായില്ല. വഴക്കായി. രോഗമൊന്നും അച്ഛൻ അംഗീകരിച്ചില്ല. അങ്ങനെ നാടുവിട്ടു.

*മനോജ്:* അച്ഛൻ യാഥാസ്ഥികസമീപനം ഉള്ള ആളായിരുന്നോ?

*സി.വി.ആർ.:* അയ്യോ, അല്ല. തീവ്രയിടതുപക്ഷനിലപാടായിരുന്നു. അനുഭാവം മാത്രം. അന്നു നാട്ടിൽ നക്സലൈറ്റായ ഒരു തങ്കപ്പൻ നായർ സാർ ഉണ്ടായിരുന്നു. പൊളിടെക്നിക് അദ്ധ്യാപകൻ. കന്യാകുമാരി ജില്ലയിൽ ഉണ്ടായ ഒരു കേസിൽ നാടുവിട്ടു. പേരു മാറ്റി ബനാറസ് യൂനിവേഴ്സിറ്റിയിൽ ഫോർമാനായി ജോലിചെയ്തു. അദ്ദേഹത്തിന്റെ അമ്മ മരിക്കാൻ കിടന്നപ്പോൾ നാട്ടിൽ വന്നു. അറസ്റ്റിലായി. അന്നു ജാമ്യത്തിനു പോയത് അച്ഛനാണ്. അതിന് അച്ഛനെ പലരും വിമർശിച്ചു. അങ്ങനെയൊക്കെയാണെങ്കിലും എന്റെ രോഗക്കാര്യം അച്ഛനു ബോദ്ധ്യപ്പെട്ടില്ല.

*മനോജ്:* അന്നത്തെ കാലവും ചിന്താഗതികളുമൊക്കെയല്ലേ. അതിരിക്കട്ടെ, നാടുവിട്ടിട്ട്?

*സി.വി.ആർ.:* ചെന്നൈയിലെത്തി. ഹോട്ടൽ ബോയ്, ഹിഗിൻ ബോതംസിൽ സെയിൽസ് ബോയ്, പരസ്യക്കമ്പനിയിൽ കമേഴ്സ്യൽ ആർട്ടിസ്റ്റ് ഒക്കെയായി ജോലിചെയ്തു. ഒടുവിൽ ബാത്തിക് ആർട്ടിസ്റ്റുമായി.

*മനോജ്:* അതൊരു ഗംഭീര ട്വിസ്റ്റ് ആണല്ലോ.

*സി.വി.ആർ.:* അച്ഛനമ്മമാരോടു ദേഷ്യപ്പെട്ട് എടുത്തുചാടി പോയതാണല്ലോ. മദ്രാസിൽ ചെന്നുചേർന്നപ്പോൾ പോക്കറ്റ് കാലിയായിരുന്നു. ചില സുഹൃത്തുക്ക

ളോടൊപ്പം കൂടി. സഹായങ്ങളോടൊപ്പം ഊഹിക്കാവുന്ന ദുരിതങ്ങളുമുണ്ടായി. അർദ്ധപ്പട്ടിണിയും നിരാശതയും ചെയ്യതൊക്കെ ശരിയാണോ എന്ന ചിന്തയും പരാജയബോധവും ആത്മനിന്ദയും. ഒന്നും ചെയ്യാനില്ലാത്തവർക്ക് അഭയകേന്ദ്രമായിരുന്ന മറീനയിൽ ഞാനും കാലംപോക്കി. എന്നെപ്പോലെ തന്നെ വീടുവിട്ടിറങ്ങിയ ക്വാഫ എന്നൊരു ബർമ്മാക്കാരനെ ഒരിക്കൽ അവിടെ കണ്ടുമുട്ടി. ബാത്തിക് ആർട്ടിസ്റ്റായ ക്വാഫ ചോളമണ്ഡലത്തിൽ അതിഥിയായി കഴിയുകയാണ്. ക്വാഫയാണ് എന്നെ ചോളമണ്ഡലിൽ എത്തിക്കുന്നതും മറ്റു പെയിന്റർമാരെ പരിചയപ്പെടുത്തുന്നതും. പൊന്നാനിക്കാരൻ ഗോപിനാഥ്, ചെന്നൈയിൽ ധാരാളം മ്യൂറലുകൾ ചെയ്തിട്ടുള്ള വാസുദേവ് എന്നിവരെയൊക്കെ പരിചയപ്പെട്ടു. സഞ്ചിയിലുണ്ടായിരുന്ന 'സംഗം' എന്ന എന്റെ വിദ്യാർത്ഥികാലത്തെ കൈയെഴുത്തുമാസിക കണ്ട ക്വാഫ എന്നെ ഒരു പരസ്യക്കമ്പനിയുമായി ബന്ധപ്പെടുത്തി. ഷാവാലസ്സിന്റെയൊക്കെ കാമ്പയിനിൽ അങ്ങനെ പങ്കാളിയായി. കുറേക്കാലം അവിടെ പണിയെടുത്തു.

അതിനിടയിൽ അസുഖം കുഴപ്പത്തിലേക്കു നീങ്ങുകയാണോ എന്നു സംശയം തോന്നി. അങ്ങനെ കേരളസർവ്വകലാശാല, കേരള, തമിഴ്നാട് അക്കൗണ്ടന്റ് ജനറൽ ഓഫീസുകൾ എന്നിവയിൽ ടെസ്റ്റ് എഴുതി. മൂന്നും കിട്ടി. സർവ്വകലാശാലയിൽ ചേർന്നു—കാര്യവട്ടത്ത്. ബയോകെമിസ്ട്രിയിൽ അസിസ്റ്റന്റായി. 1978-ലാണത്. ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനോടുള്ള വിരോധം കാരണം 16 കൊല്ലം അത് എഴുതിയില്ല. അതു തട്ടിപ്പാണെന്നു കാണിച്ചു മൂന്നുവട്ടം മുഖ്യമന്ത്രിക്കു കത്തും എഴുതി. അങ്ങനെ ഒരേശമ്പളത്തിൽ അവസാനംവരെ ജോലി ചെയ്തു. വായ്പയെടുത്തു നാട്ടിൽ വീടുവച്ചു. തിരിച്ചടവ് 1,100 രൂപ. ശമ്പളം 2,000 രൂപയും. റേഷനും കഴിഞ്ഞാൽ പിന്നെ ബീഡിക്കു തികയില്ല!

*മനോജ്:* മരണം പ്രവചിക്കപ്പെട്ടിട്ടും വീടൊക്കെ വയ്ക്കാൻ മുതിർന്നത് ജീവിക്കാനുള്ള അഭിവാഞ്ഛകൊണ്ടാണോ?

*സി.വി.ആർ.:* അഞ്ചുകൊല്ലം ആണല്ലോ വൈദ്യവിധി. തോല്ക്കുന്ന യുദ്ധമാണെങ്കിലും അന്തസ്സുള്ള ഒരു പോരാട്ടം കൂടാതെ വിട്ടുകൊടുക്കേണ്ടെന്നു തീരുമാനിച്ചിരുന്നു. ഉണർന്ന മനസ്സും പ്രതികരിക്കാത്ത ശരീരവുമായാകും അവസാനകാലം എന്ന ഡോക്ടർമാരുടെ മുന്നറിയിപ്പ് എപ്പോഴും മനസിലുണ്ടായിരുന്നു. അതിനും തയ്യാറായിരിക്കണമല്ലോ. ബന്ധുക്കൾക്കൊന്നും എന്നെ ശുശ്രൂഷിച്ചിരിക്കാൻ നേരമോ മനസോ ഉണ്ടാകണമെന്നില്ലല്ലോ. ഏകാന്തമായ അന്ത്യനാളുകളുടെ ചിന്ത വേട്ടയാടി. എന്തിലെങ്കിലും ഏർപ്പെട്ടിരിക്കാനാകണം. അങ്ങനെയാണു കമ്പ്യൂട്ടർ എന്ന ആശയം ഉദിക്കുന്നത്. സംവദിക്കാവുന്ന ഒരു യന്ത്രമാണല്ലോ. അതാകുമ്പോൾ അനിഷ്ടവും മടുപ്പുമൊന്നും കാട്ടുകയുമില്ല. പേഴ്സണൽ കമ്പ്യൂട്ടർ വിപണിയിൽ വന്നുതുടങ്ങുന്ന കാലം. ഒരെണ്ണം ഒരുവിധത്തിൽ സ്വന്തമാക്കി—ഒരു എക്സ്റ്റി മഷീൻ. ഇന്നത്തെ കളിപ്പാട്ടങ്ങൾക്കുണ്ട് അതിലും ശേഷി. അതിൽ ഡോസ്, വേഡ്സ്റ്റാർ, ലോട്ടസ് 123 ഒക്കെ പഠിച്ചു. അക്കാലത്തെ സൗഭാഗ്യമായിരുന്ന രണ്ട് എംബി റാമും 20 എംബി ഹാർഡ് ഡിസ്കുമുള്ള ഒരു പിസി ക്രമേണ ഞാൻ സംഘടിപ്പിച്ചു.

ആർ എം എസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന റിച്ചാർഡ് മാത്യൂ സ്റ്റാൾമാൻ (ജനനം 1953). എം ഐ റ്റിയിലെ നിർമ്മിതബുദ്ധി പരീക്ഷണകേന്ദ്രത്തിൽ ജോലിചെയ്യവേ സോഫ്റ്റ്‌വേർ ലൈസൻസിനെക്കുറിച്ചുള്ള ആശയവിയോജിപ്പുമൂലം 1984-ൽ ജോലി രാജിവെയ്ക്കുകയും ഫ്രീ സോഫ്റ്റ്‌വേർ ഫൗണ്ടേഷനു രൂപം കൊടുക്കയും ചെയ്തു. അന്നുമുതൽ സ്വതന്ത്രസോഫ്റ്റ്‌വേറിന്റെ വ്യാപനത്തിനും സ്വകാര്യതാസംരക്ഷണത്തിനും പടപൊരുതുന്നു. ഗ്നൂ/ലിനക്സിലെ കേർണലൊഴികെയുള്ള അനുബന്ധ സോഫ്റ്റ്‌വേർ ഘടകങ്ങൾ, ഈമാക്സ് എന്ന റ്റെക്സ്റ്റ് എഡിറ്റർ, ജിസിസി എന്ന സി കമ്പൈലർ എന്നിവ രചിച്ചു.



## ജീവിതം വഴിമാറ്റിയ ടെക്ക്

*മനോജ്:* എങ്ങനെയാണ ടെക് സോഫ്റ്റ്‌വെയറിലേക്ക് എത്തുന്നത്?

*സി.വി.ആർ.:* യൂണിവേഴ്സിറ്റിയിലെ ജോലിയും കമ്പ്യൂട്ടർ സല്ലാപവുമായി കഴിയുമ്പോഴാണ മാത്തമാറ്റിക്സ് ഡിപാർട്ട്മെന്റിലെ നമ്പൂരിസാറിനെ (പ്രൊഫ: കെ.എസ്.എസ്. നമ്പൂരിപ്പാട്) പരിചയപ്പെടുന്നത്. അഞ്ചുകൊല്ലത്തിനകം മരിക്കും എന്ന വിവരം കേട്ട അദ്ദേഹമാണ് ടെക് പഠിക്കാൻ ഉപദേശിച്ചത്. പുസ്തകവും സോഫ്റ്റ്‌വെയറും തന്നു. 14 ഫ്ലോപ്പി ഡിസ്കുകൾ. അദ്ദേഹം പറഞ്ഞു. "സങ്കീർണ്ണമാണ്, പഠിക്കാൻ നന്നേ സമയമെടുക്കും." എനിക്കാണെങ്കിൽ ധാരാളമുള്ളതും അതാണ്. ബാഡ്മിന്റൻ കളി കഴിഞ്ഞ് അദ്ദേഹം ഹോസ്റ്റലിൽ വരും. നാലുകൊല്ലമെടുത്തു ലാടെക്കിൽ ഒരുവിധം നന്നായി പാക്കേജും മാക്രോസും എഴുതാൻ.

അദ്ദേഹത്തിന്റെ വിദ്യാർത്ഥികളുടെ ഗവേഷണപ്രബന്ധങ്ങളും സാറിന്റെ തന്നെ പുസ്തകങ്ങളുമൊക്കെ ചെയ്തു. വരുമാനമായി. പലരോടും പൈസ വാങ്ങില്ല. എന്തുകൊണ്ടു പൈസ വാങ്ങിക്കൂടാ എന്നു സുഹൃത്തുക്കളായ റിസർച്ച് സ്കോളർമാർ ചോദിക്കും. എനിക്ക് അന്ന് ഒരുമാസം 1500 രൂപയുടെ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. അതു കിട്ടിയാൽ ബാക്കി ചെയ്യുന്നതു ഫ്രീ. അങ്ങനെ ധാരാളം വർക്കായി. സുവോളജി വകുപ്പ് അവരുടെ *'എന്റൊമോൺ' (Entomon)* എന്ന ജേർണലിന്റെ ടൈപ് സെറ്റിങ് ജോലി എന്നെ ഏല്പിച്ചു. അന്നത്തെ മാനേജിങ് എഡിറ്ററായ ഡോ: മുരളീധരൻ സ്ഥാനം ഒഴിയുന്നതുവരെ (1995 – 2011) കടപ്പാടെന്ന നിലയിൽ ഞാനതു ചെയ്തുകൊടുത്തിരുന്നു. ചുരുക്കത്തിൽ എന്റെ നിലനില്പിന്റെ ആധാരമായി ടെക് മാറി. നിങ്ങൾക്കു സങ്കല്പിക്കാനാവാത്ത നിലയിലുള്ള മനോവ്യഥയിലും നിരാശതയിലുംനിന്ന് അതെന്നെ വീണ്ടെടുത്തു.

*മനോജ്:* അപ്പോഴൊക്കെ രോഗാവസ്ഥ എങ്ങനെ ആയിരുന്നു?

*സി.വി.ആർ.:* കാര്യവട്ടത്തെ താമസക്കാലം (1988 – 94) മുഴുവൻ വ്യായാമമെന്ന നിലയിലും കാലുകളിൽ ഉള്ള ശക്തി നിലനിറുത്താനുമായി എന്നും ശ്രീകാര്യംവരെയും തിരിച്ചും സൈക്കിൾ ചവിട്ടുമായിരുന്നു.

*മനോജ്:* താങ്കൾ സർവ്വകലാശാലയിൽ എത്തിയ 78 – 79 കാലമെന്നൊക്കെ പറയുമ്പോൾ, ഒരുപക്ഷെ, കേരളത്തിൽ ആദ്യം കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ അവസരം ലഭിച്ച അപൂർവ്വം ആളുകളിൽ ഒരാളായിരിക്കും, അല്ലെ?

*സി.വി.ആർ.:* ശരിയാണ്. കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിഞ്ഞവർതന്നെയും അതിനെ ഒരു ആധുനിക ടൈപ് റൈറ്ററായിമാത്രം കണ്ടിരുന്ന കാലമാണ്. പക്ഷേ, ഞാൻ അതിന്റെ സാദ്ധ്യതകളെല്ലാം എക്സ്പ്ലോർ ചെയ്തു എന്നുതന്നെ പറയാം.

അക്കാലത്ത് എനിക്ക് ഒബ്സർവേറ്ററിയിലേക്കു സ്ഥലംമാറ്റം കിട്ടി. പത്തുമിനുട്ട് ചെയ്യാനുള്ള ജോലിയേ അവിടെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ധാരാളം വായിച്ചു. അവിടത്തെ കമ്പ്യൂട്ടറിലെ ഓപ്പറേറ്റിങ് സിസ്റ്റം സോളാരിസ് ആയിരുന്നു. അതും പരിചയിച്ചു. സർവ്വകലാശാലയിലെ ഊർജ്ജതന്ത്ര വിഭാഗം മേധാവി ആയിരുന്ന ഡോ: പ്രഭാകരൻ നായർ സറിനായിരുന്നു ഒബ്സർവേറ്ററിയുടെ ചുമതല. ഞാൻ 92 വരെയാണ് അവിടെ ഉണ്ടായിരുന്നത്.

## റിവർ വാലിയുടെ കഥ; ഒരു ചതിയുടെയും

*മനോജ്:* അതിനുശേഷമാണോ സംരംഭകനായി പരിണമിക്കുന്നത്?

*സി.വി.ആർ.:* അതെ. ജോലി കൂടിയപ്പോൾ എനിക്ക് ഒറ്റയ്ക്കു ചെയ്യാൻ കഴിയാതായി. അന്നാണു തിരുവനന്തപുരത്ത് റിസർവ്വ് ബാങ്കിനടുത്തായി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് (STP) വരുന്നത്. 1994-ൽ അവിടെ 200 ച. അടി സ്ഥലമെടുത്ത്, രണ്ട് അനിയന്മാരെയും—രാജേന്ദ്രനെയും രാജഗോപാലിനെയും—കൂട്ടി ഒരു സ്റ്റാർട്ടപ് സംരംഭം തുടങ്ങി. അന്നൊക്കെ എനിക്കു നടക്കാൻ കഴിയുന്ന കാലമായിരുന്നു.

ഇക്കാലത്താണ് ഇൻഡ്യൻ ടെക് യൂസേഴ്സ് ഗ്രൂപ് തുടങ്ങുന്നത്. സെബാസ്റ്റ്യൻ റാത്സ് ആയിരുന്നു ഉദ്ഘാടകൻ. അദ്ദേഹത്തെപ്പറ്റി പറഞ്ഞാൽ, ടെക് ലൈവ് എന്ന ഡിസ്ട്രിബ്യൂഷന്റെ എഡിറ്ററും CTAN എന്ന ടെക് സോഫ്റ്റ്‌വേറിന്റെ റിപ്പോസിറ്ററിയുടെ സ്ഥാപകരിലൊരാളും ടെക്സ്റ്റ് എൻകോഡിങ് ഇനീഷിയേറ്റീവിന്റെ (Text Encoding Initiative—TEI) പ്രധാനപ്രവർത്തകനും ഓക്സ്ഫഡ് സർവ്വകലാശാലയുടെ കമ്പ്യൂട്ടിങ് സർവ്വീസസിലും ഐറ്റി സർവ്വീസസിലുമൊക്കെ ചുമതലക്കാരനും പിന്നീട് ചീഫ് ഡേറ്റ ആർക്കിടെക്റ്റും ആയ ആൾ. എക്സ്എംഎലിന്റെ പ്രാധാന്യത്തിനുവേണ്ടി വാദിക്കുകയും ആ ആശയം പ്രചരിപ്പിക്കുകയും ചെയ്തു ഇവരാണ് യൂറോപ്പിലെ ആർക്കൈവ് ചെയ്യേണ്ട പുസ്തകങ്ങൾ മുഴുവൻ ആർക്കൈവ് ചെയ്തത്. നമ്മുടെ സർവ്വകലാശാലകൾക്കും ഇതിനുള്ള സാങ്കേതികസഹായം സൗജന്യമായി നല്കാമെന്ന് ഇവർ വാഗ്ദാനം നല്കി. എന്നാൽ നാം അതിനോടു പ്രതികരിച്ചില്ല!

*മനോജ്:* ഇത്തരം പ്രവർത്തനങ്ങൾ ബിസിനസിനെ ബാധിച്ചില്ലേ?



റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിലെ കെട്ടിടസമുച്ചയം. (കടപ്പാട്: ഇ. പി. ഉണ്ണി)

*സി.വി.ആർ.:* ഇല്ല. ഇതൊക്കെ റിവർ വാലിയുടെ പ്രവർത്തനത്തിന് അനുഗുണമായ കാര്യങ്ങളാണ്. സ്ഥാപനം എസ്.റ്റി.പി.യിൽ രജിസ്റ്റർ ചെയ്തതുകാരണം അഞ്ചുലക്ഷം ഡോളറിന്റെ കയറ്റുമതി ചെയ്യണം എന്ന നിബന്ധന ഉണ്ടായിരുന്നു. അതിനു വഴികാണാതെ ഇരുന്നപ്പോഴാണ് ഇൻഡ്യയിൽ ഒരു ബിസിനസ് പങ്കാളിയെ തേടുകയായിരുന്ന കാവേ ബസർഗൻ എന്ന ഇറാൻ വംശജനായ ബ്രിട്ടിഷ് പൗരന്റെ വരവ്. എന്നെപ്പറ്റി അറിയാമായിരുന്ന സെബാസ്റ്റ്യൻ റാത്സ് വന്നത് ഇദ്ദേഹത്തെയും കൂട്ടിയാണ്. ഔട്ട്സോഴ്സിങ്ങിനു ഞങ്ങൾ കരാർ വച്ചു. അക്കാലത്ത് വഴുതക്കാട്ടുള്ള സെന്റ് ജോസഫ്സ് പ്രസിന്റെ മുകളിലേക്ക് സ്ഥാപനം മാറ്റി. അവിടെ ആയിരുന്നു 2008 വരെ റിവർ വാലി.

2008-ഒക്കെ ആയപ്പോഴേക്കു രോഗം മോശമായി ഞാൻ വീണുതുടങ്ങിയിരുന്നു. 2009-ലാണു വീൽ ചെയറിലേക്കു മാറുന്നത്. അതിനിടെ ഇവിടെ (മലയിൻകീഴിനു സമീപം റിവർ വാലി ടെക്നോളജീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം) സെന്റിനു 18,000 രൂപ നിരക്കിൽ നാലേക്കർ സ്ഥലം വാങ്ങി. കെട്ടിടം പണിയൊക്കെ വന്നപ്പോൾ 40 ശതമാനം ഓഹരി കാവേയ്ക്കു നല്കി പങ്കാളിയാക്കി.

*മനോജ്:* അങ്ങനെയാണോ ലൻഡനിൽ റിവർ വാലി തുടങ്ങുന്നത്? അതിന്റെ വെബ്സൈറ്റിൽ പറയുന്നത് ഡോ: ബസർഗൻ 1988-ൽ റിവർ വാലി തുടങ്ങി എന്നാണല്ലോ.

*സി.വി.ആർ.:* അതു ശരിയല്ല. ആ കമ്പനിക്കു നമ്മുടെ റിവർ വാലിയുമായി ഒരു ബന്ധവുമില്ല. അതൊരു ചതിയുടെ കഥയാണ്.

*മനോജ്:* ചതിയോ?


*സി.വി.ആർ.:* അതെ. ബസർഗന്റെ കമ്പനിയുടെ പേര് ഫോക്കൽ ഇമേജ് എന്നായിരുന്നു. ഏതോ മാർക്കറ്റിങ് വിദഗ്ധരുടെ ഉപദേശപ്രകാരം വാണിജ്യാവശ്യത്തിനുവേണ്ടി റിവർ വാലിയുടെ പേര് ഉപയോഗിക്കാൻ അദ്ദേഹം അനുവാദം തേടി. ഞാൻ ലൻഡനിൽ ഉള്ളപ്പോഴായിരുന്നു. നമ്മുടെ കമ്പനിബ്രാൻഡ് ആഗോളമായി അറിയുമല്ലോ എന്നു കരുതി ഞാൻ അനുവാദം നല്കി. നമ്മുടെ കമ്പനി വന്ന് പത്തുകൊല്ലം കഴിഞ്ഞാണത്—2004-ൽ. അദ്ദേഹം പിന്നീട് താൻ മാത്രം ഉടമയായി റിവർ വാലി എന്ന പേരിൽ ഇംഗ്ലൻഡിൽ കമ്പനിയും ട്രേഡ് മാർക്കും രജിസ്റ്റർ ചെയ്തു. ബസർഗൻ 2009-ൽ കമ്പനി സഹോദരി മറിയത്തിന്റെ പേരിലാക്കി. ഇതൊക്കെ ഞാൻ അറിയുന്നത് 2011-ലാണ്. 2013 ഡിസംബറിൽ ഞാനും കാവേയും തമ്മിലുള്ള വാണിജ്യബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കപ്പെട്ടപ്പോൾ 'റിവർ വാലി'യുടെ ട്രേഡ്മാർക്കിനായി ഞാൻ അപേക്ഷിച്ചു.

*മനോജ്:* ബന്ധം വിച്ഛേദിക്കാൻ കാരണം?

*സി.വി.ആർ.:* വിദേശനാണ്യനിയന്ത്രണത്തിനായി ഇൻഡ്യാസർക്കാർ 'ട്രാൻസ്ഫർ പ്രൈസിങ്' എന്ന നിയമം കൊണ്ടുവന്നപ്പോഴാണു വാണിജ്യബന്ധത്തിൽ വിള്ളലുണ്ടാവുന്നത്. 25%-ൽ കൂടുതൽ ഓഹരിയുള്ള ഒരു വിദേശസ്ഥാപനമോ വ്യക്തിയോ വഴിയുള്ള ബിസിനസിൽ സർക്കാർ നിശ്ചയിച്ച നിരക്കിലേ നമുക്കു ബിൽ ചെയ്യാനാവൂ. അപ്പോൾ നമുക്കു കൂടുതൽ തുകയ്ക്കു ബിൽ ചെയ്യേണ്ടിവന്നു. സാമ്പത്തികക്കുറ്റം ചെയ്യാൻ ഞാൻ ഒട്ടും തയ്യാറല്ലാത്തതുകൊണ്ടു വളരെവേഗം ഞങ്ങളുടെ വാണിജ്യബന്ധം ഉലഞ്ഞു. എല്ലാ കോൺട്രാക്ടും

ഇടത്തുനിന്ന്: ഉച്ചചക്ഷണത്തിന് ശേഷം അലസചർച്ചയിൽ. ഇടത്തുനിന്ന്: സി.വി. രാജഗോപാൽ, ഡോ. രാധാകൃഷ്ണൻ ചെട്ടിയാർ, ഡോ. ഇ. കൃഷ്ണൻ, പ്രൊഫ. നമ്പൂരിപ്പാട്, പ്രിയദത്ത (ശ്രീമതി നമ്പൂരിപ്പാട്), സിവിആർ; സിവിആർ ജീവിതപങ്കാളിയായ വിദ്യയോടൊപ്പം തമിഴ്നാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ.





പിൻവലിച്ചു കാവേ വേറൊരു കമ്പനി തിരുവനന്തപുരത്ത് തുടങ്ങി, ടെക്നോ പാർക്കിൽ. പത്തൊൻപതു ജീവനെക്കാരെ അടർത്തിയെടുത്തു പൂർണ്ണമായും അന്യനായി മാറി.

അന്നുവരെ നമ്മുടെ കമ്പനിയുടെ ഔദ്യോഗികനാമം 'ഫോക്കൽ ഇമേജ് ഇന്ത്യ' എന്നായിരുന്നു. ബന്ധമുലഞ്ഞപ്പോൾ 'എസ്.ടി.എം. ഡോക്കുമെന്റ് എൻജിനീയറിങ്' എന്നു മാറ്റി. 'റിവർ വാലി' നമ്മുടെ ബ്രാൻഡ് നെയിമാണ്. ആ പേരിലാണ് അറിയപ്പെടുന്നത്, അന്നും ഇന്നും

ഇൻഡ്യൻ കമ്പനിനിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്വതന്ത്രസ്ഥാപനം ആയതിനാൽ നമ്മുടെ പ്രവർത്തനം തടയാൻ പറ്റില്ല. അതിനാൽ നമ്മുടെ ഇടപാടുകാരെ ചാക്കിടാൻ ശ്രമം നടത്തി. റിവർ വാലിക്കുവേണ്ടി അദ്ദേഹമാണു കരാറുകൾ ഒപ്പിട്ടിരുന്നത്. അതിന്റെ ബലത്തിൽ മുഴുവൻ കരാറും അദ്ദേഹം തുടങ്ങിയ കമ്പനിയിലേക്കു മാറ്റി. 2013-ഓടെ ഞങ്ങളുടെ എല്ലാ ബിസിനസ്സും പോയി. ആർക്കും ശമ്പളമില്ല. എല്ലാവരോടും അയാളുടെ കമ്പനിയിൽ ചേരാൻ പറഞ്ഞു. ആരും പോയില്ല. 2200 അക്കാദമിക് ജേർണലുകൾ പ്രസിദ്ധീകരിക്കുന്ന എൽസ്‌വിയറും നമുക്കൊപ്പം നിന്നു. നമ്മുടെ സേവനത്തിന്റെയും സാങ്കേതികഗുണമേന്മയുടെയും മികവ് അംഗീകരിച്ച് ആയിരുന്നു ഇത്. ഇതെല്ലാം ടെക് സമൂഹത്തിലുള്ള എല്ലാവർക്കും അറിയാം.

*മനോജ്:* ഞാൻ ഇടയ്ക്കു വരുമ്പോൾ ചിലപ്പോഴൊക്കെ സി.വി.ആർ. ലൻഡനിലെ കേസിന്റെ ഭാഗമായ ബന്ധപ്പാടുകളിൽ ആയിരുന്നല്ലോ. അത് ഈ കമ്പനിയുടെയും ട്രേഡ് മാർക്കിന്റെയും ഉടമാവകാശം സംബന്ധിച്ച് ആയിരുന്നോ?

*സി.വി.ആർ.:* അല്ല. അതു മറ്റൊരു വിഷയമാണ്. ബസർഗൻ ഞങ്ങൾക്ക് ഒരു കോൺസെപ്റ്റ് കൈമാറ്റം ചെയ്തിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിലാണു ഞങ്ങൾ വികസനം നടത്തിയതെന്നും അതുകൊണ്ട് നമ്മുടെ വരുമാനത്തിൽ ഒരു വിഹിതം കിട്ടണമെന്നും ആവശ്യപ്പെട്ട് ബ്രിട്ടിഷ് കോടതിയിൽ അദ്ദേഹം കേസു കൊടുത്തു. നമുക്കെതിരെ കേസുകൊടുക്കാൻ ഇവിടെ വരണമല്ലോ. എന്നാൽ, നമ്മൾ അവിടെ ചെല്ലാൻ ഇടയായാൽ കോടതിയുടെ നോട്ടീസ് നമുക്കു നല്കാൻ ബ്രിട്ടിഷ് നിയമപ്രകാരം അവർക്കു കഴിയും. അങ്ങനെവന്നാൽ, നാം പിന്നെ കേസു നടത്തണം. റിവർ വാലിയിലെ രണ്ടുപേർ ലൻഡൻ ബുക് ഫെയറിനു ചെന്നപ്പോൾ വക്കീലിനെക്കൊണ്ട് നോട്ടീസ് കൊടുപ്പിച്ചു.

ഭീമമായ ചെലവുവരും എന്നതിനാൽ അവിടെ കേസു നടത്താനൊന്നും നാം മുതിരില്ലെന്നും അങ്ങനെ കമ്പനി പിടിച്ചെടുക്കാമെന്നും ഉള്ള ചിന്തയിലായിരുന്നു നീക്കം. എന്നാൽ, അവിടെ വക്കീലിനെയൊക്കെ ഏർപ്പാടാക്കി കേസ് വാദിക്കാൻ നമ്മൾ തീരുമാനിച്ചു. വിദഗ്ദ്ധർ വന്നു പരിശോധിച്ചപ്പോൾ ബസർഗന്റെ ആരോപണം ശരിയല്ലെന്നു തെളിഞ്ഞു. കേസ് തെറ്റാണെന്നു വന്നാൽ നമുക്കു 15 കോടി രൂപ നഷ്ടപരിഹാരം തരേണ്ടിവരും. വിസ്താരം തുടങ്ങുന്നതിനു മുമ്പാണെങ്കിൽ മൂന്നുകോടി തന്നാൽ മതി. സുഖമില്ലാത്ത ഈ ഞാൻ വിസ്താരത്തിനായി പോകാൻ തയ്യാറെടുക്കുകയായിരുന്നു.

*മനോജ്:* അതിന്റെ ബുദ്ധിമുട്ടുകളെപ്പറ്റിയുള്ള വ്യാകുലതയിൽ കഴിയുമ്പോഴാണല്ലോ ഞാൻ ഒടുവിൽ വന്നത്.

*സി.വി.ആർ.:* അതെ. പോകേണ്ടിവന്നില്ല. വിസ്താരം തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം കേസ് പിൻവലിച്ചു. നഷ്ടപരിഹാരം തരാമെന്നും സമ്മതിച്ചു.

ഒരു കാര്യവുമില്ലാത്ത കേസിനായി കുറെ പണം പാഴായെങ്കിലും കേസ് പിൻവലിക്കപ്പെട്ടതിന്റെ വലിയ സമാശ്വാസത്തിലാണു സിവിആർ. പ്രതീക്ഷയും പ്രചോദനവും പ്രസരിക്കുന്ന ആ ചിരിക്ക് ഇപ്പോൾ കൂടുതൽ ആത്മവിശ്വാസത്തിന്റെയും മനഃസമാധാനത്തിന്റെയും സൂര്യകാന്തി. സിവിആറിന്റെ റിവർ വാലിയും 'സായാഹ്ന'യുമൊക്കെ നിറയെ കൗതുകങ്ങളാണ്; സാങ്കേതികവിദ്യയും മലയാളഭാഷയുമൊക്കെയായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളിൽ നമ്മുടെ കണ്ണുതുറപ്പിക്കുന്ന ഒട്ടേറെ ആഗോളദർശനങ്ങളും. മാദ്ധ്യമപ്രവർത്തനത്തിനും വിവരസംബന്ധിയായ എല്ലാ ആധുനികപ്രവർത്തനങ്ങൾക്കും മുതൽക്കൂട്ടാകുന്നതാണ് ആ അറിവുകൾ.

## സിവിആർ സാങ്കേതികവിദ്യ പറയുന്നു

കേരളം ഇങ്ങനെയൊന്നും പോരെന്നാണു സി.വി.ആറിന്റെ അഭിപ്രായം. നിലവാരമുള്ള സമ്പൂർണ്ണസാക്ഷരതയും ലോകത്തെങ്ങുമില്ലാത്തത്ര മാദ്ധ്യമബാഹുലതയും വായനയും ജനസംഖ്യയെക്കാൾ മൂന്നിലൊന്നിലധികം കൂടുതൽ സെൽ ഫോൺ കണക്ഷനും അതിനൊത്ത എണ്ണം സ്മാർട്ട് ഫോണും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും മുക്കിനുമുക്കിന് എൻജിനീയറിങ് കോളെജുമെല്ലാമുള്ള കേരളം അതിന്റെ പൊതുജീവിതത്തിൽ വിവരസാങ്കേതികവിദ്യയുടെയും ഇന്റർനെറ്റിന്റെയും സാദ്ധ്യതകൾ സാദ്ധ്യമായതിന്റെ ചെറിയയംശംപോലും ഉപയോഗിക്കുന്നില്ല എന്നത് ഒരു സമസ്യയാണല്ലോ. ഉപയോഗിക്കുന്നതാകട്ടെ, കഴിയുന്നത്ര മോശപ്പെട്ട നിലയിലും. അല്ലെങ്കിൽ നമ്മുടെ കുട്ടികൾ ഇത്രയും ഭാരം ചുമന്നു സ്കൂളിൽ പോകണോ? പാഠപുസ്തകമെല്ലാം ഇ-ബുക്കാക്കിയാൽ ഒരു ടാബുമായി പോയാൽപ്പോരെ? നോട്ടുകളും ടാബിൽ എഴുതാം. മറ്റു പഠനസാമഗ്രികളായ പടവും വീഡിയോയും ആനിമേഷനും പസിലും ഗെയിമുമെല്ലാം അതിൽ കാണാം. അപ്പോഴല്ലേ ക്ലാസുമുറിപോലെ കുട്ടികളും സ്മാർട്ടാകൂ. ലക്ഷക്കണക്കിനു പുസ്തകങ്ങൾ അച്ചടിക്കുന്നത് ഒഴിവാക്കാം. അത്യദ്ധ്വാനം നിറഞ്ഞ പുസ്തകവിതരണം ഒഴിവാക്കാം. സമയത്തു പുസ്തകം കിട്ടാത്ത സ്ഥിതി വരില്ല. പുസ്തകവും ബുക്കുമെല്ലാം ഉണ്ടാക്കാൻ വെട്ടിനശിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കാം. മാത്രവുമല്ല, അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമായുള്ള ആശയവിനിമയങ്ങളും കൂടും. അങ്ങനെ എന്തെല്ലാം മെച്ചങ്ങൾ!

ഇതൊക്കെ എത്രയോ വർഷം മുമ്പേ നമുക്കു സാധിക്കാമായിരുന്നു. ഇപ്പോൾപ്പോലും നമുക്കതൊന്നും സാധിക്കുന്നില്ല. ആലോചനയിൽപ്പോലും വരുന്നില്ല. (ഈ അഭിമുഖം നടന്ന 2017-ലെ സ്ഥിതിയാണ്. 2019—20-ഓടെ പാഠപുസ്തകങ്ങൾക്ക് ഇ-ബുക് പതിപ്പ് ഉണ്ടായി.) പാഠപുസ്തകം ഒരു ഉദാഹരണം മാത്രമാണ്. ഒട്ടെല്ലാ രംഗത്തും ഇതുതന്നെയാണു സ്ഥിതി. എവിടെയാണു കേരളീയർക്ക് ഈ ബ്ലോക്ക്?

സി.വി.ആറിനോടുതന്നെ ചോദിച്ചു.




ഇടത്തുനിന്ന്: ആർട്ടിസ്റ്റ് വാസുദേവൻ നമ്പൂതിരി കാമ്പസ് സന്ദർശിച്ചപ്പോൾ; റിവർ വാലി കാമ്പസിലെ മഴവെള്ള സംഭരണി.

*മനോജ്:* എവിടെയാണ് ബ്ലോക്ക്?

*സി.വി.ആർ.:* അത് സാമൂഹികശാസ്ത്രജ്ഞർ കണ്ടുപിടിക്കേണ്ടതാണ്. പ്രധാനപ്രശ്നം സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ മനസിലാക്കി പ്രയോജനപ്പെടുത്താനുള്ള വിമുഖതയാണ് എന്നു തോന്നുന്നു. പാഠപുസ്തകത്തിന്റെ കാര്യം എടുക്കാം. മലയാളം യൂണിക്കോഡു നിലവിൽവന്ന് ഒന്നരപ്പതിറ്റാണ്ടായിട്ടും പുസ്തകരൂപകല്പന യൂണിക്കോഡിലായില്ല. യൂണിക്കോഡിൽ രൂപകല്പന ചെയ്താലേ ഇ-ബുക്ക് ആക്കാൻ പറ്റൂ. ഇ-ബുക്കാക്കിയാൽ കാഴ്ചയില്ലാത്തവർക്കു ശബ്ദമായി കേട്ടുപഠിക്കാം. കാഴ്ചയും കേഴ്‌വിയുമില്ലാത്തവർക്കു ബ്രെയിലാക്കി നല്കാം. വിശേഷിച്ചൊരു പണച്ചെലവുമില്ലാത്ത, ധനലാഭം മാത്രമുള്ള ഈ കാര്യത്തിനു തടസം നിന്നത് പേജ്മേക്കർ എന്ന കാലഹരണപ്പെട്ട ഡിസൈനിങ് സോഫ്റ്റ്‌വെയറിൽനിന്നു മാറാൻ തയ്യാറല്ലാത്ത എസ്.സി.ഇ.ആർ.റ്റി.യിലെ ഏതാനും ഡിസൈനർമാരും ഏതു ഫോണ്ടു വേണമെന്ന കാര്യം തീരുമാനിക്കുന്നതിൽ ഒരു റോളും ഇല്ലാത്ത അദ്ധ്യാപകസംഘടനകളുമാണെന്നാണു ഞാൻ മനസിലാക്കുന്നത്. പിന്നെ, അധികൃതരുടെ ഇച്ഛാശക്തിയില്ലായ്മയും. ഇതിലുണ്ട് ആ ചോദ്യത്തിന്റെ ഉത്തരം. ഇത്തരം കുറെ ദുഷ്പ്രവണതകളാണു കേരളത്തിന്റെ ബ്ലോക്ക്.

*മനോജ്:* പുസ്തകരൂപകല്പനയ്ക്ക് ഉപയോഗിച്ചുവന്ന സോഫ്റ്റ്‌വെയറായ പേജ്മേക്കറിൽ യൂണിക്കോഡ് സാദ്ധ്യമായിരുന്നില്ലല്ലോ.

*സി.വി.ആർ.:* ഇല്ല. പക്ഷേ കമ്പനിതന്നെ വർഷങ്ങൾക്കുമുമ്പേ ആ ഉത്പന്നം പിൻവലിച്ചു പുതിയ ഉത്പന്നം ഇറക്കി. അത് യൂണിക്കോഡ് കമ്പാറ്റിബിൾ ആണ്. അതും പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറാണ്. ശാസ്ത്ര, ഗണിതപുസ്തകങ്ങളടക്കം എല്ലാം മനോഹരമായി ചെയ്യാവുന്ന സ്വതന്ത്രസോഫ്റ്റ്‌വെയർ ഉള്ളപ്പോൾ സർക്കാർ എന്തിനു പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിനു പിറകെ പോകണം? സർക്കാർതന്നെ പിന്തുടരുന്നത് സ്വതന്ത്രസോഫ്റ്റ്‌വെയർ നയമല്ലേ? ചില സന്നദ്ധപ്രവർത്തകർ ആറേഴുകൊല്ലം മുമ്പ് പാഠപുസ്തകങ്ങൾ ടെക് എന്ന സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ചു യൂണിക്കോഡിൽ ചെയ്തു നല്കിയിരുന്നു. എന്നിട്ടും അതു വീണ്ടും ആസ്കി ഫോണ്ടിലേക്കും പേജ്മേക്കറിലേക്കും മാറ്റി. ടെക്കിൽ കമാൻഡുകളിലൂടെ ഇട്ടിരുന്ന ചിഹ്നങ്ങളും അതിന്റെയടിസ്ഥാനത്തിൽ ക്രമീകരിച്ചിരുന്ന അക്ഷരങ്ങളും അക്കങ്ങളും അതോടെ സ്ഥാനം തെറ്റി. പു

സ്തകങ്ങൾ ആ തെറ്റുകളോടെ അച്ചടിച്ചെന്നു ചരിത്രം. വളരെ വിചിത്രമാണു നമ്മുടെ കാര്യങ്ങൾ.

*മനോജ്:* ആ സംഭവത്തിൽ എനിക്കും ഇടപെടേണ്ടിവന്നിരുന്നു. പഴയലിപി വേണോ പുതിയലിപി വേണോ എന്ന തർക്കമാണ് അന്ന് ആ പരിശ്രമം അട്ടിമറിക്കാൻ ചിലർ ഉപയോഗിച്ചത്. യൂണിക്കോഡിലും പഴയലിപി ഫോണ്ട് ഉണ്ടായിരുന്നെങ്കിലും അവ ഭംഗിയുള്ള ലേഔട്ടിനു യോഗ്യമായി അതു ചെയ്തവർക്കു തോന്നാഞ്ഞതിനാൽ പഴയലിപിയിലാണു പുസ്തകങ്ങൾ ചെയ്തത്. ഇതു ചിലർക്കു സ്വീകാര്യമാകാഞ്ഞതാണ് അന്ന് അത് ഉപേക്ഷിക്കാൻ കാരണമെന്നാണു ഞാൻ മനസിലാക്കിയത്. പണ്ട് മലയാളം അക്ഷരങ്ങളെല്ലാം ടൈപ് റൈറ്ററിന്റെയും ഫോട്ടോ കമ്പോസിങ് മഷീന്റെയും കീബോർഡിൽ ഒതുക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായപ്പോൾ അക്ഷരങ്ങൾ മുറിച്ചും സ്വരചിഹ്നങ്ങൾ വേർപെടുത്തിയും ലിപിപരിഷ്കരണം നടത്തിയ ഉത്തരവ് ആ പ്രതിസന്ധിഘട്ടമെല്ലാം കഴിഞ്ഞിട്ടും, എല്ലാ അക്ഷരവും ടൈപ് ചെയ്യാവുന്ന നില വന്നിട്ടും, പിൻവലിച്ചിട്ടില്ലല്ലോ. അതിന്റെ ബലത്തിലായിരുന്നു അത്. അക്ഷരബാഹുല്യം ഭാഷാപഠനത്തിനു തടസമാണെന്നതാണ് പരിഷ്കരിച്ച ലിപിക്കു വേണ്ടി ഉയർത്തിയ വാദം. ഐറ്റി@സ്കൂളിൽ പഠിച്ചുവന്ന ലക്ഷക്കണക്കായ കുട്ടികൾ പഴയലിപി എഴുതിപ്പഠിക്കാൻ താത്പര്യമെടുക്കുന്നു എന്നതൊന്നും പരിഗണിച്ചില്ല.

*സി.വി.ആർ.:* അതെ. ഒരുകൂട്ടം ഭാഷാസാങ്കേതികവിദഗ്ധർ ദിവസങ്ങൾ മെനക്കെട്ടാണു പുസ്തകങ്ങൾ യൂണിക്കോഡിൽ തയ്യാറാക്കിയത്. യൂണിവേഴ്സിറ്റി കോളെജിൽനിന്നു വിരമിച്ച ഡോ: കൃഷ്ണനാണു ഗണിതപുസ്തകം അതീവസൂക്ഷ്മതയോടെ ടെക്കിൽ ലേഔട്ട് ചെയ്തത്. അതെല്ലാം പ്രസുകാർ മാറ്റി. അവസാനനിമിഷം നടത്തിയ ഫോണ്ടുമാറ്റവും സോഫ്റ്റ്‌വെയർമാറ്റവും മൂലം വന്ന തെറ്റുകളോടെ അച്ചടിച്ച ലക്ഷക്കണക്കിനു പുസ്തകങ്ങൾ പാഴാകുകയും ചെയ്തതായാണ് അറിഞ്ഞത്.

## ടെക്കും ലാടെക്കും

*മനോജ്:* ഇപ്പറഞ്ഞ ടെക്കിലല്ലേ സി.വി.ആർ. ശാസ്ത്രജേർണലുകൾ ചെയ്യുന്നത്? ടെക്കിനെപ്പറ്റി ഒന്നു ചുരുക്കി പറയാമോ?

*സി.വി.ആർ.:* ടെക് ഒരു ടൈപ്പ് സെറ്റിങ് സംവിധാനമാണ്. ടെക്കിൽ എഴുതിയ 'ഡോക്യുമെന്റ് മാർക്കപ് ലാങ്ഗ്വേജാ'ണ് ലാടെക്. ടെക് എന്ന് ഉച്ചരിക്കുമെങ്കിലും സ്പെല്ലിങ് TEX എന്നാണ്. ഇത് എഴുതേണ്ടത് ഇങ്ങനെയല്ല. E അല്പം താഴ്ന്ന നില്ക്കണം—$\TeX$—ഇങ്ങനെ. ലാടെക് എന്ന് എഴുതുന്നതും ഇതുപോലെയാണ്. A അല്പം ചെറുതായി L-ന്റെ മടിയിൽ കയറി ഇരിക്കും. പുതിയ വേർഷന്റെ പേരായ $\LaTeX2_\varepsilon$-ൽ ഇറ്റാലിക്സിൽ ഒരു എപ്സിലോണും ഉണ്ട്. ഇങ്ങനെയൊക്കെ അനായാസം ടൈപ്പ് സെറ്റ് ചെയ്യാൻ ടെക്കിൽ കഴിയും എന്നു കാണിക്കാൻതന്നെയാണ് ഇത്തരത്തിൽ എഴുതുന്നത്. കാരണം അതാണ് ടെക്കിന്റെ പ്രത്യേകതയും ഉപയോഗവും.

ശാസ്ത്ര-ഗണിതചിഹ്നങ്ങൾ, സങ്കീർണ്ണമായ സമവാക്യങ്ങൾ, മ്യൂസിക് സ്കോറുകൾ, ചെസ് നീക്കങ്ങൾ എന്നിങ്ങനെ സാധാരണ വേഡ് പ്രോസസറുകളിലോ ടെക്സ്റ്റ് എഡിറ്ററുകളിലോ ചെയ്യാൻ കഴിയാത്തതും പേജിനേഷൻ, ഡിസൈൻ സോഫ്റ്റ്‌വെയറുകളിൾ പണിപ്പെട്ടുമാത്രം ചെയ്യാവുന്നതുമായ കാര്യങ്ങൾ കീബോർഡ് കമാൻഡുകളിലൂടെ അനായാസം ടൈപ്സെറ്റ് ചെയ്യാം എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. ഫോണ്ട്, വലിപ്പം, സ്റ്റൈൽ, സ്പേസിങ്, കേണിങ്, ലിഗേച്ചർ, ഊന്നൽ, ടൈറ്റിലിങ്, ഉപടൈറ്റിലിങ്, പട്ടികകൾ, ഡേറ്റയിൽനിന്നു രൂപപ്പെടുത്തുന്ന ഡയഗ്രങ്ങൾ, ബിബ്ലിയോഗ്രഫി, ഇൻഡെക്സ്, വരിയും പേജും മുറിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നിവയൊക്കെയും ടൈപ്പ് ചെയ്യുന്ന വേളയിൽത്തന്നെ കമാൻഡായി ടൈപ്പ് ചെയ്തു പോകാം. ടൈപ് ചെയ്തിട്ട് ഇവയോരോന്നും തെരഞ്ഞെടുത്ത് പ്രത്യേകമായി ഫോർമാറ്റ് നല്കാൻ ഓരോതവണയും കമാൻഡ് വിൻഡോയിലേക്കും തിരികെ ടെക്സ്റ്റിലേക്കും വരേണ്ട. അതുകൊണ്ടുതന്നെ അക്കാദമികപ്രബന്ധങ്ങൾ, ജേണലുകൾ, പുസ്തകങ്ങൾ, ഓൺലൈൻ വായനസാമഗ്രികൾ എന്നിവയെല്ലാം തയ്യാറാക്കാൻ ഇതാണ് ഏറ്റവും അനുയോജ്യം.




ഇടത്ത്: പ്രൊഫ. ഡൊണാൾഡ് ഇർവിൻ ക്നൂത് (1938-ൽ ജനനം), സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകൻ, ഗണിതശാസ്ത്രജ്ഞൻ. "ആർട്ട് ഓഫ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്" എന്ന ബൃഹദ്ഗ്രന്ഥ പരമ്പര ടൈപ്സെറ്റ് ചെയ്യുവാനായി എഴുപതുകളിൽ ടെക് എന്ന പാഠവിന്യാസക്രമം വികസിപ്പിച്ചു. അന്നു നിലവിലുണ്ടായിരുന്ന സോഫ്റ്റ്‌വേറുകൾ ഗണിതസമവാക്യങ്ങളും സംജ്ഞകളും വിന്യസിക്കാൻ അപര്യാപ്തമായിരുന്നു. വലത്ത്: സെബാസ്റ്റ്യൻ റാറ്റ്സ് (1955–2016). ഓക്സ്ഫെഡ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടിങ് സെർവീസസിൽ ചീഫ് ഡാറ്റാ ആർക്കിടെക്റ്റായിരിക്കെ ദിവംഗതനായി. നിരവധി ടെക് ലൈബ്രറികളുടെ കർത്താവ്, ടെക് ഡിസ്ട്രിബ്യൂഷൻ എഡിറ്റർ, സിറ്റാൻ സ്ഥാപകൻ, റ്റിഇഐ എക്സ്എംഎൽ, ഓക്സ്ഫോർഡ് റ്റെക്സ്റ്റ് ആർക്കൈവ് എന്നീ സംരഭങ്ങളിലെ സജീവപ്രവർത്തകൻ, ഇന്ത്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിന്റെ ഉദ്ഘാടകൻ.



ഇടത്തുനിന്ന്: പരിസ്ഥിതി പ്രവർത്തകയായ കാതറീൻ ലീ കാമ്പസ് സന്ദർശിച്ചപ്പോൾ; റിവർ വാലിയിൽ ഇടയ്ക്കിടെ എൽസേവിയർ നടത്തുന്ന ടെക്നോളജി ഓഡിറ്റുകളിൽ ഒന്ന്.

ഇടയ്ക്കു വായനക്കാരോടു പറയട്ടെ, ഞാനും ടെക്കിന്റെ ഒരു ഗുണഭോക്താവായി. പബ്ലിക് റിലേഷൻസ് വകുപ്പിനുവേണ്ടി 'സർക്കാർധനസഹായപദ്ധതികൾ' എന്ന പുസ്തകം തയ്യാറാക്കിയത് ടെക്കിലാണ്. സി.വി.ആർ. അതു സൗജന്യമായി ചെയ്തുതരികയായിരുന്നു. ആ പുസ്തകത്തിന്റെ ക്ലാസിക്കൽ കെട്ടും മട്ടും മാത്രമല്ല, ആദ്യന്തം പുലർത്താൻ കഴിഞ്ഞ ഏകതാനതയും എന്നെ അത്ഭുതപ്പെടുത്തി. ഉള്ളടക്കത്തിൽനിന്നു ജനറേറ്റ് ചെയ്ത അകാരാദിക്രമത്തിലുള്ള പദസൂചിക (index) വിസ്മയിപ്പിച്ചുകളഞ്ഞു. പുസ്തകത്തിൽ ഉൾപ്പെട്ട മുഴുവൻ പദ്ധതികളുടെയും പേര് അകാരാദിക്രമത്തിൽ ടെക്കുതന്നെ അടുക്കി പേജുനമ്പരും ചേർത്തു തന്നു. ഇത് ഉപഭോക്താക്കൾക്കു വലിയ സഹായമായി. പുസ്തകത്തെ കൂടുതൽ ഉപഭോക്തൃസൗഹൃദമാക്കി.

*സി.വി.ആർ.:* ഇൻഡിസൈൻ ഒക്കെ പോലുള്ള പേജിനേഷൻ സോഫ്റ്റ്‌വെയറുകളിൽ പദസൂചിക തയ്യാറാക്കുന്ന പണി നമ്മൾ ചെയ്യണം. വേണ്ട ഓരോ പദത്തിനും നമ്പരിട്ടു പോകണം. ഇവ ഓരോന്നും അക്ഷരക്രമത്തിൽ പട്ടികയാക്കണം. ലേ ഔട്ട് കഴിഞ്ഞ് അവ ഓരോന്നും ഉള്ള പേജുകൾ കണ്ടുപിടിച്ച് ആ നമ്പരുകൾ ചേർത്ത് ടൈപ്പ് ചെയ്ത് പദസൂചിക തയ്യാറാക്കണം. ഇത്രയുമൊക്കെ കഴിഞ്ഞ് ആദ്യഭാഗത്തെ കുറെ ഖണ്ഡികകൾ ഒഴിവാക്കേണ്ടിവന്നാലോ? ആ ഖണ്ഡികകളിൽനിന്ന് ഉണ്ടായിരുന്ന വാക്കുകൾ പദസൂചികയിൽനിന്ന് ഒഴിവാക്കണം. ആദ്യം കുറേ ഭാഗം പോകുമ്പോൾ പദസൂചികയിലെ പദങ്ങളുടെയെല്ലാം ക്രമനമ്പരുകളും പേജുനമ്പരുകളും മാറുമല്ലോ. അവയും ആദിമുതൽ വീണ്ടും നോക്കി കണ്ടുപിടിക്കണം. പദസൂചികയിൽ അവ മുഴുവൻ തിരുത്തണം. ഒഴിവായപദങ്ങൾ സൂചികയിൽ കണ്ടുപിടിച്ചു നീക്കണം. ഫുട്നോട്ടുകളുടെയുംമറ്റും ക്രമനമ്പരും പേജും മാറും. അവ മുഴുവൻ അതതു പേജിൽപ്പോയി തിരുത്തണം. എന്തൊരു അദ്ധ്വാനമാണെന്നു നോക്കൂ. എന്നാൽ, ടെക്കിലാണെങ്കിൽ എത്ര ഭാഗം എടുത്തുകളഞ്ഞാലും കൂട്ടിച്ചേർത്താലും ഞൊടിയിടയിൽ അതു സ്വയം എല്ലാം ശരിയാക്കിത്തരും.

ഗഹനമായ അക്കാദമികപ്രബന്ധങ്ങളൊക്കെ എഴുതുമ്പോൾ ഖണ്ഡികകളും പട്ടികകളും പടങ്ങളുംമറ്റും ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ സ്ഥാനം മാറ്റുകയോ ഒക്കെ ചെയ്യേണ്ടിവരുമല്ലോ. അപ്പോൾ, ഇൻഡക്സും ഫൂട്ട് നോട്ടും അദ്ധ്യായം, പട്ടിക, ചിത്രങ്ങൾ തുടങ്ങിയവയുടെയൊക്കെ നമ്പരുകളുമെല്ലാം

മാറും. ടെക്കിലല്ല ചെയ്യുന്നതെങ്കിൽ ഇതൊക്കെ ശരിപ്പെടുത്താനും ഫോർമാറ്റിങ്ങിനുമായി ഇടയ്ക്കിടയ്ക്കു ശ്രദ്ധ മാറ്റേണ്ടിവരുന്നത് എഴുത്തിന്റെ ഒഴുക്കിനെ ബാധിക്കുന്നു എന്നു കണ്ടു. ഇതുമൂലം നമ്മുടെ സാദ്ധ്യതകൾ പരിമിതപ്പെട്ടുന്നെന്നും ഗുണനിലവാരം താഴുന്നെന്നും അമേരിക്കൻ നാഷണൽ സയൻസ് ഫൗണ്ടേഷൻ കണ്ടെത്തി. അവർ വലിയൊരു പ്രൊജക്റ്റ് ഉണ്ടാക്കി. പ്രബന്ധങ്ങൾ ടെക്കിൽ നല്കണം എന്നു നിഷ്കർഷിച്ചു. ഗവേഷകർ സ്വയമാണു ടൈപ്പിങ്. ഒരു പ്രത്യേക ഫോണ്ട് തന്റെ പ്രബന്ധത്തിന് ആവശ്യമാണെന്നുവന്നാൽ അയാൾക്കുതന്നെ ടെക്കിൽ അതു തയ്യാറാക്കാം. ഇതൊക്കെക്കൊണ്ട് അമേരിക്കയിലും മറ്റുമുള്ള സർവ്വകലാശാലകൾ ഗവേഷണം തുടങ്ങും മുമ്പ് ഗവേഷകർ ടെക് പഠിച്ചിരിക്കണം എന്നതു നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഒരുപക്ഷേ, നമ്മുടെ നാട്ടിൽ മാത്രമേ ഇതൊന്നും ഇല്ലാതെയുണ്ടാകൂ എന്നു തോന്നുന്നു. ഇവിടെ പ്രബന്ധങ്ങൾ യൂണിക്കോഡിലും ടെക്സ്റ്റ് ഫോർമാറ്റിലും വെബ്ബിൽ പ്രസിദ്ധീകരിക്കാൻതന്നെ സർവ്വകലാശാലകൾക്കു വൈമുഖ്യമല്ലേ! ഗവേഷണങ്ങളുടെ നിലവാരവും ആ നിലയ്ക്കേ ഉള്ളല്ലോ.

## ടെക്സ്റ്റിന്റെ ജൈത്രയാത്ര

*മനോജ്:* ടെക്കും മറ്റു ടെക്സ്റ്റ് എഡിറ്ററുകളും തമ്മിലുള്ള വ്യത്യാസം എന്താണ്?




കാമ്പസിലെ കാലിത്തൊഴുത്ത്, മുകളിൽ നിന്നുള്ള കാഴ്ച. (കടപ്പാട്: ഇ. പി. ഉണ്ണി)




താത്വികനായ പി ഗോവിന്ദപ്പിള്ള കാമ്പസ് സന്ദർശിച്ചപ്പോൾ.

*സി.വി.ആർ.:* ഇതു മനസിലാകണമെങ്കിൽ ടെക്സ്റ്റിന്റെ കമ്പ്യൂട്ടർ പ്രയോഗങ്ങൾ പറയണം. ടൈപ്പ് റൈറ്ററിൽനിന്നുള്ള പുരോഗതി ആയിരുന്നു വേഡ് പ്രോസസറുകൾ. ടൈപ്പ് റൈറ്റർ പോലെ വേഡ് പ്രോസസറുകളും വൈകാതെ കാലഹരണപ്പെടും. അവയിൽ ചെയ്തുവച്ചിട്ടുള്ള സകല ആർക്കൈവും നഷ്ടമാകും.

*മനോജ്:* അല്പംകൂടി വിശദീകരിക്കാമോ?

*സി.വി.ആർ.:* ആസ്കി ഫോണ്ടിലുള്ള മലയാളം ടെക്സ്റ്റ് നോട്ട് പാഡിൽ വായിക്കാൻ പറ്റുമോ? ഇല്ല. അതേസമയം യൂണിക്കോഡ് ഫോണ്ട് വായിക്കാം. നോട്ട് പാഡിൽ a b c എന്ന് അടിച്ചാൽ ഏതു കമ്പ്യൂട്ടറിലും a b c എന്നു കാണാം. അതിനപ്പുറം ഇറ്റാലിക്സും ബോൾഡും ഒന്നുമായി കാണില്ല. വേഡ് പ്രോസസർ വന്നപ്പോൾ ഇതൊക്കെ സാദ്ധ്യമായി. ഫോണ്ടുകൾ യഥേഷ്ടം മാറ്റാം. ഈ ഓരോ മാറ്റത്തിനും ഓരോ കമാൻഡുണ്ട്. മാറ്റം വരുത്തിയ ഭാഗത്തിനു മുന്നിലും പിന്നിലും കമാൻഡ് ഉണ്ട്. ഇത് ഓരോ വേഡ് പ്രോസസറിനും അതിന്റെതന്നെ ഓരോ പതിപ്പിനും വ്യത്യസ്തമാകും. അതു ബൈനറി ആയി മാറും. അതിനാൽ നമുക്കതു ദൃശ്യമാവുകയുമില്ല.

ഇങ്ങനെ പ്രോസസ് ചെയ്ത ഡാറ്റ എപ്പോൾ വേണമെങ്കിലും എടുത്ത് അതേരൂപത്തിൽ ഉപയോഗിക്കാം എന്ന അബദ്ധധാരണയാണു പലർക്കും ഉള്ളത്. സോളാരിസ്, മെയിൻ ഫ്രെയിം തുടങ്ങിയവയിലേക്കൊക്കെ മാറ്റി

യാൽ ഫോർമാറ്റിങ്ങൊന്നും കിട്ടില്ല. ലോകത്തെ കമ്പ്യൂട്ടറുകളിലെല്ലാം വിൻഡോസ് ആണെന്ന ധാരണയിൽനിന്നാണ മുഴുവൻ കുഴപ്പവും ഉണ്ടായത്. വേഡിലെ ടെക്സ്റ്റ് ഇന്റർനെറ്റിലേക്ക പകർത്തിനോക്കു. നോട്ട് പാഡിലെപ്പോലെയേ വരൂ. നെറ്റിലും മറ്റു സിസ്റ്റങ്ങളിലും സംരക്ഷിക്കുന്ന ശേഖരങ്ങളിലുമൊക്കെ ഇതാണ സംഭവിക്കുന്നത്. ഇതു തിരികെ വേഡിലേക്ക വീണ്ടും പകർത്തിയാലോ? വേഡിൽ ആദ്യം ചെയ്തിരുന്ന ഫോർമാറ്റിങ്ങൊന്നും ഉണ്ടാവില്ല. ടെക്സ്റ്റ് എഡിറ്ററിന്റെ ബൈനറിയിലുള്ള ഫോർമാറ്റിങ് കമാൻഡുകൾ നഷ്ടമായി അസംസ്കൃതമായ ടെക്സ്റ്റ് മാത്രം ശേഷിക്കും.


സോഫ്റ്റ്‌വെയറുകൾ മാറുന്നു, വേഡ് പ്രോസസറുകൾ മാറുന്നു, പുതിയ പതിപ്പുകൾ വരുന്നു, അവയുടെ പല സ്വഭാവവിശേഷവും പോകുന്നു, ചിലതു മാറുന്നു... അതിന്റെ കുഴപ്പം നാം മനസിലാക്കുന്നത് കഴിഞ്ഞ പത്തുപന്ത്രണ്ടുകൊല്ലത്തിനിടെയാണ്. വികസിതരാജ്യങ്ങൾ നേരത്തേ മനസിലാക്കി. അവിടങ്ങളിൽ മാനകീകരണത്തിനു ശ്രമം നടക്കുകയാണ്. ഡേറ്റാ എന്റ്റിങ്ങിനും സംസ്കരണത്തിനും വെവ്വേറെ പ്രക്രിയ ആക്കേണ്ടിവന്നു.

ടെക്സ്റ്റ് എങ്ങനെ ദൃശ്യമാകണമെന്ന നിർദ്ദേശം അസംസ്കൃതമായ ടെക്സ്റ്റ് തന്നെയായി ചേർക്കുകയാണ് ഇതിനുള്ള പരിഹാരം. ഇതിനു മാർക് അപ് എന്നു പറയും. കാണേണ്ടരൂപത്തിൽ ദൃശ്യമാക്കുമ്പോൾ മാത്രം ഇതു മറയും. മാർക്കപ്പിനുപകരം അതുകൊണ്ട് ഉദ്ദേശിച്ച രൂപമാറ്റം ദൃശ്യമാകും. മാർക്കപ്പിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് പാഠത്തെ ദൃശ്യവത്ക്കരിക്കാനുള്ള സോഫ്റ്റ്‌വേർകൂടി ഈ രീതിയുടെ ഭാഗമായതിനാലാണ് ഇതു സാധിക്കുന്നത്.

ഈ ഡേറ്റ എത്രകാലം കഴിഞ്ഞാലും നാം നല്കിയ രൂപഘടനയിൽ കാണാം, ഉപയോഗിക്കാം. കോഡുകൾകൂടി മാനകീകരിച്ചാൽ ലോകത്ത് എവിടെയും ഏതു സിസ്റ്റത്തിലും ഏതു സോഫ്റ്റ്‌വെയറിലും സംസ്കരിച്ച രൂപത്തിൽ ത്തന്നെ അതു കാണാം. അങ്ങനെയാണ് SGML-ഉം XML-ഉം ഉണ്ടായത്. ചുരുക്കത്തിൽ, ഇവിടെ പാഠനിവേശനവും പാഠത്തിന്റെ ദൃശ്യവത്ക്കരണവും രണ്ടു വ്യത്യസ്ത പ്രക്രിയകളായി വേർതിരിച്ചിരിക്കുന്നു.

ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് വെബ്സൈറ്റുകളിൽ നമ്മൾ ഉപയോഗിക്കുന്ന HTML രൂപത്തിലുള്ള പ്രമാണങ്ങൾ. മാനകീകരിച്ച മാർക്കപ് കോഡുകളാണ് HTML പാഠത്തിനായി ഉപയോഗിക്കുന്നത്. ലോകത്ത് ഏവർക്കും ആ കോഡുകൾ മാത്രമേ ഉപയോഗിക്കാനാവുകയുള്ളൂ. എന്നിട്ടും എല്ലാ വെബ്പേജുകളും കാഴ്ചയ്ക്കു വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ, ഈ മാർക്കപ് ഉപയോഗിച്ച പാഠത്തെ ബ്രൗസറിൽ എങ്ങിനെ ദൃശ്യവത്ക്കരിക്കണമെന്നു തീരുമാനിക്കുന്നത് CSS (Cascading Style Sheet) എന്ന സോഫ്റ്റ്‌വേറാണ്. അപ്പോൾ ഈ CSS-നെ വേറൊരു ശൈലിയിൽ എഴുതിയാൽ അതേ വെബ്പേജിനെ (പാഠത്തെ) പുതിയ രീതിയിൽ ദൃശ്യവത്ക്കരിക്കാൻ കഴിയും.

*മനോജ്:* വീണ്ടും വിശദീകരണം വേണ്ടിവരുന്നു. SGML, XML ഒക്കെ?




ഇടത്ത്: ഡോ. ചാൾസ് ഗോൾഡ്ഫാർബ്, ഐബിഎമ്മിന്റെ അൽമാദേൻ ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി പ്രവർത്തിക്കുമ്പോൾ 1969-ൽ ജെനറലൈസ്ഡ് മാർക്കപ് ലാംഗ്വേജ് (GML) എന്ന രീതിക്ക് രൂപം നല്കി. 1979-ൽ അദ്ദേഹം തന്നെ നേതൃത്വം കൊടുത്ത ഐഎസ്ഓ വർക്കിങ് ഗ്രൂപ് ജിഎംഎലിനെ സ്റ്റാന്റേർഡ് ജനറലൈസ്ഡ് മാർക്കപ് ലാംഗ്വേജ് (SGML) എന്ന പേരിൽ മാനകീകരിച്ചു. ഇന്ന് വെബിനെ ഭരിക്കുന്ന എച്ടിഎംഎൽ (HTML) എന്ന മാർക്കപ് സമ്പ്രദായം എസ്ജിഎംഎലിന്റെ ഏറ്റവും വിജയിച്ച പ്രയോഗങ്ങളിൽ ഒന്നാണ്. വലത്ത്: പ്രൊഫ. കെ. എസ്. എസ്. നമ്പൂരിപ്പാട് (1935–2020), ലോകം ആദരിക്കുന്ന കേരളത്തിൽ നിന്നുള്ള ഗണിതശാസ്ത്രജ്ഞൻ, കേരള സർവ്വകലാശാല ഗണിതവിഭാഗം മേധാവിയായി വിരമിച്ചു. സെമിഗ്രൂപ്പ് സിദ്ധാന്തത്തിലൂന്നിയ ബൈഓർഡേഡ് സെറ്റ് എന്ന സരണിയുടെ ഉപജ്ഞാതാവ്. സ്വതന്ത്രസോഫ്റ്റ്‌വേറിന്റെയും ടെക്കിന്റെയും വ്യാപനത്തിനായി അനവരതം പ്രയത്നിച്ചു. ഇന്ത്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിന്റെ സ്ഥാപകപ്രസിഡന്റ്.

*സി.വി.ആർ.:* പറയാം. അല്പം പഴയകാര്യം പറയേണ്ടിവരും. ഐ.ബി.എമ്മിന്റെ മെയിൻ ഫ്രെയിം കമ്പ്യൂട്ടറിന്റെ സാങ്കേതികരേഖകൾ (technical documentation) പത്തുലക്ഷം പേജായിരുന്നു! കമ്പ്യൂട്ടർ വില്ക്കുമ്പോൾ ഈ രേഖയും നല്കും. സോഫ്റ്റ്‌വെയറിൽ നവീകരണം വരുമ്പോഴെല്ലാം ഈ രേഖയുടെ പുതിയ പതിപ്പ് നല്കണം. വളരെ വേഗം കമ്പ്യൂട്ടറിൽ നവീകരണം നടക്കുന്നതിനാൽ വീണ്ടും വീണ്ടും പുതിയ പതിപ്പ് അച്ചടിച്ച് വിതരണം ചെയ്യുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കണ്ടെത്തിയ മാർഗ്ഗമാണ് ഈ രേഖകൾ ഒരു കേന്ദ്രസെർവ്വറിൽ ഇട്ട് നെറ്റ്‌വർക്കുവഴി ലഭ്യമാക്കുക എന്നത്. ചാൾസ് ഗോൾഡ്ഫാർബ് (Charles Goldfarb) ഇതിന് ഒരു രീതി ഉണ്ടാക്കി. ഈ വിവരങ്ങൾ കമ്പ്യൂട്ടർ വാങ്ങുന്നവർക്കു കാണാം. മാറ്റങ്ങൾ വരുത്തുമ്പോൾ അപ്പപ്പോൾ എടുക്കുകയും ചെയ്യാം.

എഴുത്തും മാർക്കപ്പും വെവ്വേറെ ആക്കിയ ഈ രീതി വന്നതോടെ, ഏറ്റ

വും വിപുലമായ ഡേറ്റ കൈവശമുള്ള അമേരിക്കൻ അസോസിയേഷൻ ഓഫ് പബ്ലിഷേഴ്സ് ചാടിവീണു. ഐബിഎമ്മിൽനിന്ന് ആ മാർക്കപ് ലാങ്ഗ്വേജ് (IML) വാങ്ങി ജനറിക് മാർക്കപ് ലാങ്ഗ്വേജ് (GML) അവർ ഉണ്ടാക്കി. ഗോൾഡ്ഫാർബ് നല്കിയ പേരാണത്. വൈകാതെ പലതരം ജിഎംഎലുകളായി. ഒന്നും പരസ്പരം പൊരുത്തപ്പെട്ടില്ല. അങ്ങനെയാണു മാനകീകരണം (standardisation) വേണ്ടിവന്നത്. ഐഎസ്ഒയ്ക്കു പ്രൊപ്പോസൽ നല്കി. 1979-ൽ കമ്മിറ്റിയായി. ഗോൾഡ്ഫാർബ് തന്നെ ആയിരുന്നു അദ്ധ്യക്ഷൻ. എല്ലാ രാജ്യത്തെയും പ്രസാധകരുടെ പ്രതിനിധികൾ അംഗങ്ങളും. അങ്ങനെ ആദ്യമായി സ്റ്റാൻഡേഡ് ജനറലൈസ്ഡ് മാർക്കപ് ലാങ്ഗ്വേജ് (SGML) ഉണ്ടായി.

ഞങ്ങൾ തുടങ്ങുമ്പോൾ എസ്ജിഎംഎലേ ഉള്ളൂ. എക്സ്എംഎൽ വന്നിട്ടില്ല. എസ്ജിഎംഎൽ വളരെ കർക്കശവും സങ്കീർണ്ണവും ആളുകളെ പിന്തിരിപ്പിക്കുന്നതും ആയിരുന്നു. തൊണ്ണൂറു ശതമാനം സങ്കീർണ്ണതയും മാറ്റി വികസിപ്പിച്ചതാണ് എക്സ്റ്റെൻസിബിൾ മാർക്കപ് ലാങ്ഗ്വേജ് എന്ന എക്സ്എംഎൽ.

2000-ത്തോടെയാണ് പ്രസാധകർ എക്സ്എംഎലിലേക്കു വരുന്നത്. കേരളത്തിൽ ഇപ്പോഴും നാം ഇതേപ്പറ്റിയൊന്നും ആലോചിക്കുന്നതായിപ്പോലും അറിയില്ല. ഡി.സി. ബുക്സ് ഇപ്പോൾ ഈ സമ്പ്രദായം സ്വീകരിച്ചതായി അറിയുന്നു. പാഠപുസ്തകം അടക്കമുള്ള എല്ലാ പുസ്തകവും ഈ രൂപത്തിൽ തയ്യാറാക്കുന്നതാണു നാം ആലോചിക്കേണ്ടത്.

## ഡേറ്റ എന്നാൽ എക്സ്എംഎൽ

*മനോജ്:* വേഡ് പ്രോസസറിൽനിന്ന് ഇതിനുള്ള മെച്ചം എന്താണ്?

*സി.വി.ആർ.:* വെബ്ബിലെ എച്ച്റ്റിഎംഎൽ ഒക്കെ എസ്ജിഎംഎലി(SGML)ൽനിന്നു രൂപപ്പെടുത്തിയതാണ്. വെബ്പേജുകൾ ഒരേരീതിയിൽ ലോകം മുഴുവൻ കാണാൻ പറ്റുന്നത് ഇതുകൊണ്ടാണെന്നു പറഞ്ഞല്ലോ. ഇതുപോലെതന്നെ എക്സ്എംഎലിൽ തയ്യാറാക്കുന്ന ഫയലുകൾ എവിടെയും ഏതുകാലത്തും ഒരേപോലെ കാണാം. ഇപ്രകാരം സൂക്ഷിച്ചാൽ ഒരിക്കൽ അച്ചടിക്കു തയ്യാറാക്കിയ പുസ്തകം അതേ രൂപത്തിൽ വീണ്ടും അച്ചടിക്കാൻ കഴിയും. മാർക്കപ് നിർദ്ദേശങ്ങൾ മാറ്റിയാൽ പേജുകളും പുസ്തകവും പുതിയ വ്യക്തിത്വത്തിൽ ആക്കാനും കഴിയും. സോഫ്റ്റ്‌വെയർ മാറുന്നതിനനുസരിച്ച് കാലഹരണപ്പെടില്ല. കാരണം, വേഡ് പ്രോസസറുകളിലെപ്പോലെ ബൈനറിയായല്ല ഇതിൽ കോഡുകൾ ഇരിക്കുന്നത്; ആസ്കി (ASCII) ആയാണ്. ടെക്സ്റ്റിലേക്ക് ഉരുകിച്ചേരാതെ കോഡ് സ്വതന്ത്രമായി നില്ക്കുന്നു. നിർദ്ദേശക്കോഡുകൾ മാറ്റി വെറും ടെക്സ്റ്റായും ഇത് ഉപയോഗിക്കാം.

ആറേഴുകൊല്ലത്തിനിടെ വേഡ് പ്രോസസറും ബൈനറിയിൽനിന്നു മാർക്കപ്പിലേക്കു മാറി. കോഡ് നമുക്കു കാണാൻപറ്റില്ല എന്നുമാത്രം.

*മനോജ്:* വേഡ് പ്രൊസസറും എക്സ്എംഎൽ രീതിയിലായെങ്കിൽ പിന്നെ എന്തിനു നാം അതിൽനിന്നു മാറണം?

*സി.വി.ആർ.:* ഈ മാറ്റം വന്നത് .docx-ലാണ്. ഇതിലെ x എക്സ്എംഎലിന്റെ സൂചകമാണ്. പക്ഷേ, ഇതിൽ സംഭവിക്കുന്നത് റെൻഡറിങ് മാത്രമാണ്. അതിലു

പരി ഘടനപ്പെടുത്തൽകൂടിയാണു നാം ലക്ഷ്യംവച്ചത്. ടെക്സ്റ്റിനെ അവാന്ത രവിഭാഗങ്ങളായി ചെറുചെറുതലങ്ങളിലേക്കു തിരിക്കാം. ലോജിക്കൽ സ്ട്രക്ച റിങ് എന്നു പറയാം. ഇത് വേഡിനു വിഷയമല്ല. എക്സ്എംഎലിൽ പറ്റുന്നതു പോലൊന്നും അതിൽ പറ്റില്ല. ഏറെക്കാലത്തേക്കു സൂക്ഷിക്കാനും ആവില്ല. ഗസറ്റിന്റെ കാര്യം എടുക്കാം. പൂർണ്ണമായും ഘടനപ്പെടുത്തി എടുക്കാം. റെൻ ഡറിങ്ങിനു മാത്രമുള്ള സോഫ്റ്റ്വെയറിൽ ചെയ്താൽ പലതരം സൂക്ഷിക്കൽ, വീ ണ്ടെടുക്കൽ സാദ്ധ്യതകൾ ഇല്ലാതാകും. അപ്പോഴത്തെ ആവശ്യം നടക്കും. പക്ഷേ, വിവരത്തിന്റെ ഉടമകൾക്ക് അതിന്റെ സംരക്ഷണവും പരിപാലനവും അടക്കമുള്ള കാര്യങ്ങൾ ഉണ്ടല്ലോ.

*മനോജ്:* അങ്ങനെയെങ്കിൽ നമ്മുടെ ഭാഷയിൽ ഇപ്പോഴുള്ള അതിവിപുലമായ വി വരശേഖരങ്ങൾ എങ്ങനെ എക്സ്എംഎലിലേക്കു മാറ്റും? അതൊരു ഭഗീരഥപ്ര യത്നം ആകുമല്ലോ!

*സി.വി.ആർ.:* മഹാരാഷ്ട്ര സർക്കാരിന് ഈ ആവശ്യബോധം ഉണ്ടായപ്പോൾ അവർ ഐഐറ്റിയോടു ചോദിച്ച ചോദ്യമാണിത്. അവർ അതിനുത്തരം തേടുകയാ ണ്. സെക്രട്ടേറിയറ്റ്, കോടതികൾ, നിയമസഭ, മറ്റനവധി സ്ഥാപനങ്ങൾ എന്നിവയൊക്കെ ഈ വെല്ലുവിളി നേരിടാൻപോകുകയാണ്. കമ്മിറ്റികൾ,

കോഴിക്കോട്ട് സർവ്വകലാശാല സംഘടിപ്പിച്ച പ്രബന്ധരചനയുടെ സാങ്കേതികതയെക്കുറി ച്ചുള്ള ശില്പശാലയിൽ ശാസ്ത്രജ്ഞനായ ഡോ. താണു പത്മനാഭനോടൊപ്പം സിവിആർ.



യോഗതീരുമാനങ്ങൾ, റിപ്പോർട്ടുകൾ, അവലോകനം, നിരീക്ഷണം, കുറിപ്പുകൾ, ഡ്രാഫ്റ്റിങ് തുടങ്ങിയവയ്ക്കെല്ലാം പറ്റുന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയാണു പരിഹാരം; വേണ്ട ഘടനയിൽ (structure) ആക്കിക്കിട്ടുന്ന ടെംപ്ലേറ്റിങ് രീതി ഉള്ളത്. ബ്രൗസറധിഷ്ഠിതമായ സിസ്റ്റത്തിൽ ഈ ടെംപ്ലേറ്റ് വന്നു നില്ക്കും. അതിൽ ടെക്സ്റ്റ് ഇടണം. എപ്പോൾ വേണമെങ്കിലും കാണാം. കാണേണ്ടവർക്കു മാത്രം കാണാവുന്ന രീതിയിലും ചെയ്യാം. സർക്കാരുകളിലെ ഫയൽപരിപാലനസംവിധാനമൊക്കെ ഈ രീതിയിലാണ്.

സൂക്ഷിക്കേണ്ട രേഖകൾക്ക് ഇത് ആവശ്യമാണ്. കാരണം, ഇന്നത്തെ കമ്പ്യൂട്ടറുപകരണങ്ങളോ സോഫ്റ്റ്‌വെയറുകളോ ഒന്നും കുറച്ചുനാൾ കഴിഞ്ഞാൽ ഉണ്ടാകണമെന്നില്ല.

*മനോജ്:* പ്രസാധകർക്ക് ഇത് എങ്ങനെയാണു ബാധകമാകുക?

*സി.വി.ആർ.:* അവർക്ക് ഏറ്റവും പ്രസക്തമായ കാര്യമാണിത്. 'എക്സ്എംഎൽ-ഫസ്റ്റ്-വർക്ക്ഫ്ലോ' (XML-first-workflow) എന്നാണ് എക്സ്എംഎലിനെ പറയുന്നതുതന്നെ. എന്തും എക്സ്എംഎൽ തയ്യാറാക്കി അതിൽനിന്നേ മറ്റു പ്രക്രിയകളും റെൻഡറിങ്ങുമെല്ലാം ചെയ്യാവൂ. എന്നിട്ട് ഹൗസ് സ്റ്റൈൽ അനുസരിച്ചു പിഡിഎഫിലേക്കു മാറ്റാം. ഏത് ഓപ്പറേറ്റിങ് സിസ്റ്റം വന്നാലും ഉപകരണം വന്നാലും ഈ എക്സ്എംഎൽ ഉപയോഗപ്പെടുത്താം. ഡേറ്റ എന്നാൽ ഇന്ന് എക്സ്എംഎൽ എന്ന് ആയിക്കഴിഞ്ഞു.

*മനോജ്:* സോഫ്റ്റ് രൂപത്തിൽ സൂക്ഷിച്ചിട്ടില്ലാത്തവയും പേജിനേഷൻ സോഫ്റ്റ്‌വെയറിനു മുമ്പ് ഉണ്ടാക്കിയവയുമായ പുസ്തകങ്ങളുടെ കാര്യത്തിലോ? അതൊരു വലിയ പ്രശ്നമല്ലേ?

*സി.വി.ആർ.:* വൻകിടപ്രസാധകരെല്ലാം പഴയ പുസ്തകങ്ങൾ സ്കാൻ ചെയ്തുവച്ചതിൽനിന്ന് എക്സ്എംഎൽ ആക്കുന്ന പണി വ്യാപകമായി ചെയ്യുകയാണ്. ഇംഗ്ലണ്ടിലെ ടെയ്‌ലർ ഫ്രാൻസിസ്, ആർ.കെ.പി. തുടങ്ങിയവരൊക്കെ ഇൻഡ്യയിലും പലരോടും ആവശ്യപ്പെട്ടു. ഞങ്ങളോടുമൊക്കെ ചോദിച്ചു. പലരും ചെയ്യുന്നു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടൊക്കെ ചെയ്യേണ്ടത് അതാണ്. ടൈപ്പ് സെറ്റിങ്ങിനു കൊടുത്താൽ എക്സ്എംഎലും പിഡിഎഫും ആവശ്യപ്പെടുക. രണ്ടിനും മാനദണ്ഡങ്ങൾ നിശ്ചയിക്കണം. അപ്പോൾ വരാവുന്ന അധികച്ചെലവ് അച്ചടിയും കടലാസുവിലയും കടത്തുകൂലിയും വില്പനച്ചെലവുമൊക്കെയായി നോക്കുമ്പോൾ എത്രയോ തുച്ഛമാണ്. രണ്ടാം എഡിഷൻ മുതൽ ഡിസൈൻചെലവ് ഇല്ലതാനും.

*മനോജ്:* എക്സ്എംഎലിൽനിന്നു മറ്റു സോഫ്റ്റ്‌വെയറുകളിലേക്കു മാറ്റണമെങ്കിലോ?

*സി.വി.ആർ.:* ഇതിന് എക്സ്എസ്എൽറ്റി (XSLT) എന്നൊരു ലാങ്ഗ്വേജ് ഉണ്ട്. ഇതുപയോഗിച്ച് എക്സ്എഎലിന്റെ മറ്റു ഡി.റ്റി.ഡി.-കളിലേയ്ക്ക് മാറ്റാം. എക്സ്എസ്എൽ ഫ്ളോ ഓബ്ജക്റ്റ് എന്ന ഫോർമറ്റിങ് രൂപത്തിലേയ്ക്ക് മാറ്റാം. ഫോർമാറ്റിങ് നിർദ്ദേശങ്ങൾക്കു ഷോർട്ട് കട്ടുകൾ ഉണ്ടാക്കാം. മൊത്തത്തിൽ 1200-ഓളം കോഡുകളുണ്ട്. എലമെന്റുകൾ എന്നാണ് ഇവയ്ക്കു പറയുന്നത്. ഏറെ പ്രചാ

രമുള്ള ഡി.റ്റി.ഡി.കൾ ഇതുപയോഗിച്ചാണ പാഠത്തെ സൂക്ഷ്മമായരീതിയിൽ സ്ട്രക്ചർ ചെയ്യുന്നത്.

*മനോജ്:* ഡി.റ്റി.ഡി.കൾ? അതെന്താണ്?

*സി.വി.ആർ.:* ഡോക്യുമെന്റ് ടൈപ്പ് ഡെഫനിഷൻ എന്നതിന്റെ ചുരുക്കമാണ്.

*മനോജ്:* വ്യക്തതയ്ക്കുവേണ്ടി ചില പ്രധാന ഡി.റ്റി.ഡി.കൾ പരിചയപ്പെടുത്താമോ?

*സി.വി.ആർ.:* പല മേഖലയ്ക്കും പല ഡിറ്റിഡികളാണുള്ളത്. അമേരിക്കയിലെ നാഷണൽ ലൈബ്രറി ഓഫ് മെഡിസിന്റെ എൻഎൽഎം ആണ് ഒന്ന്. ഓക്സ്ഫഡ് സർവ്വകലാശാല ആസ്ഥാനമായി പൊതുവുടമസ്ഥതയിലുള്ള കൺസോർഷ്യമായ ടെക്സ്റ്റ് എൻകോഡിങ് ഇനീഷിയേറ്റീവ് (TEI) ആണ മറ്റൊന്ന്. സാങ്കേതികവിഷയങ്ങൾക്കുള്ളതാണ ഡോക് ബുക്. പലതരം കൺവേർഷനുകൾ പറ്റുന്ന ഇതാണ് ലിനക്സിലൊക്കെ ഉപയോഗിക്കുന്നത്. അക്കാദമികജേർണലുകൾക്ക് ഏറ്റവും അനുയോജ്യമായ ഡി.റ്റി.ഡി. എൽസ്വിയർ (Elsevier) ആണ്. ജേർണൽ പ്രബന്ധങ്ങൾക്കും പുസ്തകങ്ങൾക്കും പറ്റുന്ന ഇത് സൗജന്യമായ ഉടമാസോഫ്റ്റ്വെയറാണ്.

ഇവയെല്ലാം സാർവ്വലൗകികമായതിനാൽ ഇവയിൽ തയ്യാറാക്കുന്ന സാമഗ്രികൾ ആർക്കും അയയ്ക്കാം. അതുകൊണ്ട്, ഇത്തരം ഡി.റ്റി.ഡി.കൾ പഠിക്കുന്നത് കോഴ്സുകളുടെ ഭാഗമാക്കണം. ഐറ്റി അറ്റ് സ്കൂൾ വിചാരിച്ചാൽ ഹയർസെക്കൻഡറി തലത്തിൽ പഠിപ്പിക്കാം.

## വിവരസംസ്കരണവും പരിപാലനവും

*മനോജ്:* സർക്കാരുത്തരവുകളൊക്കെ വെബ്സൈറ്റിൽ ഇടുന്നത് പിഡിഎഫായാണ്. അവയൊക്കെ എഡിറ്റുചെയ്യാവുന്ന ഫോർമാറ്റുകളിൽ ഇടുന്നതു ദുരുപയോഗത്തിനു കാരണമാവില്ലേ?

(സിവിആർ പൊട്ടിച്ചിരിച്ചു.)

*സി.വി.ആർ.:* പിഡിഎഫിൽ ഇട്ടാലും ഒരാൾക്ക് അതേ ഫോണ്ടിലും വലിപ്പത്തിലും ഡിസൈനിലും അതു ടൈപ്പ് ചെയ്ത് ഉണ്ടാക്കിക്കൂടെ? ഇന്നു പിഡിഎഫുകൾ പോലും എഡിറ്റ് ചെയ്യാമല്ലോ. അതൊക്കെ ഇപ്പോഴും പറ്റും. പക്ഷെ, നിങ്ങളുടെ സൈറ്റിൽ ഇട്ടിരിക്കുന്ന ഉള്ളടക്കം മറ്റൊരാൾക്കു തിരുത്താനാവില്ലല്ലോ. സാങ്കേതികവിദ്യയെപ്പറ്റി അറിവില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥർക്കുള്ള തെറ്റുധാരണകളാണ് അതൊക്കെ.

വാസ്തവത്തിൽ, കാലാകാലം ഭേദഗതി ചെയ്യപ്പെടുന്ന നിയമങ്ങൾ, മാർഗ്ഗരേഖകൾ, ഉത്തരവുകൾ തുടങ്ങിയവയൊക്കെ ആർക്കൈവ് ചെയ്യുന്നതിന് എക്സ്എംഎലാണ് ഏറ്റവും അനുയോജ്യം. ഇന്നു നാം ആദ്യനിയമം (Bare act) അച്ചടിച്ചു വച്ചിരിക്കുന്നു. വെബ്ബിൽ ഉള്ളതു പിഡിഎഫും. ഭേദഗതികളൊക്കെ കണ്ടാൽ ഒരു എത്തുംപിടിയും കിട്ടില്ല. ആ വാക്കിനു പകരം ഈ വാക്കാക്കി; ആ വാക്യത്തിലെ ഇന്ന ഭാഗം ഇങ്ങനെ മാറ്റി എന്നൊക്കെയേ ഭേദഗതിയിൽ പറയൂ. ഭേദഗതികൾ ഉൾപ്പെടുത്തി പരിഷ്കരിച്ച രൂപവും വെബ്ബിൽ വരും. നാം ഡൗൺലോഡ് ചെയ്യതാണോ അവസാനഭേദഗതിയോടുകൂടിയത് എന്നറി

യാൻ നിയമഭേദഗതികളെപ്പറ്റിയെല്ലാം നന്നായി അറിയുന്നവർക്കല്ലാതെ സാധാരണക്കാർക്ക് ഇന്നു മാർഗ്ഗമില്ല.

അതേസമയം എക്സ്എംഎലിൽ ഇട്ടാൽ ബെയർ ആക്റ്റും എല്ലാ ഭേദഗതികളും ഓരോ ഭേദഗതിക്കും മുമ്പുള്ളതും ശേഷമുള്ളതുമൊക്കെ ഒറ്റ ഡോക്യുമെന്റിൽ കാണാം. ഒരു നിയമത്തിന്റെ വികാസപരിണാമചരിത്രമൊക്കെ അതിൽനിന്നു മനസിലാക്കാം. ബ്രിട്ടിഷ് സർക്കാർ ഇതു ഭംഗിയായി ചെയ്യുന്നുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് പ്ലാനിങ്ങിലെ അജയ് ഷായാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽ പെടുത്തിയത്. കേന്ദ്രം ഇതിലേക്കു മാറാൻ ശ്രമിച്ച 2010 – 11 കാലത്ത് പാർലമെന്റിൽ അവതരിപ്പിക്കേണ്ട ബില്ലുകൾ എക്സ്എംഎലാക്കി രൂപപ്പെടുത്താൻ അവർ എന്റെ ഉപദേശവും സഹായവും തേടിയിട്ടുണ്ട്. നിയമം ഘടനപ്പെടുത്തൽ വളരെ സങ്കീർണ്ണമാണ്. അണുവിട മാറ്റാനാവാത്ത ഘടനയാണ്. നമ്പരിടലിൽ ആദ്യം റോമൻ, പിന്നെ ആൽഫ എന്നിങ്ങനെയൊക്കെയാണ്. അതുമായി നോക്കുമ്പോൾ ഗണിതമൊക്കെ എത്രയോ എളുപ്പം! ഇപ്പോൾ അവിടെ എല്ലാവർക്കും നന്നായി ടെക് ഉപയോഗിക്കാൻ അറിയാം. ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർ ഓരോന്നും കാണണം എന്നൊക്കെ തീരുമാനിക്കാം. ഡിജിറ്റൽ സിഗ്നേച്ചറൊക്കെ സുരക്ഷിതമായി വയ്ക്കാം. എല്ലാത്തരത്തിലും നല്ലത്.

*മനോജ്:* പത്രങ്ങൾക്കും ആനുകാലികങ്ങൾക്കുമൊക്കെ ഇത് എങ്ങനെയാണു പ്രയോജനപ്പെടുക?

*സി.വി.ആർ.:* *'ദ് ഹിന്ദു'* പത്രവും മറ്റും ബാക്ക് എൻഡ് എക്സ്എംഎലിലാണു ചെയ്യുന്നത്. അതുകൊണ്ടാണ് ഇ-പേപ്പർ നന്നായിരിക്കുന്നത്. മാഗസീനുകളും എക്സ്എംഎലായി സൂക്ഷിക്കുന്നു. ഫോട്ടോകൾ ലിങ്കോടുകൂടി പ്രത്യേകം കിടക്കും. ഹൗസ് സ്റ്റൈൽ കൃത്യമായി പാലിക്കുന്ന *'ദ് എക്കണോമിസ്റ്റ്'* പോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് ഒരു പേജിൽ ഇത്ര വാക്ക് എന്നുവരെ ഉണ്ട്. അവർക്കു പടവും ടെക്സ്റ്റുമെല്ലാം പേജതിരിനുള്ളിൽ നിർത്തണം. ഒക്കെ സാദ്ധ്യമാണ്.

ഗണിതജേർണലുകൾ സമവാക്യങ്ങളൊക്കെ കോഡ് ചെയ്യുന്നത് 'മാത്ത് എംഎൽ' (MathML)-ൽ ആണ്. ഇതൊക്കെ ഒരുപോലെ റെൻഡർ ചെയ്യാൻ കഴിവില്ലാത്ത ബ്രൗസറുകൾക്കുവേണ്ടി സമവാക്യങ്ങൾ ബാഹ്യലിങ്കുകളിൽ ചിത്രങ്ങളാക്കിക്കൂടി സൂക്ഷിക്കും. ശാസ്ത്രപ്രസാധകരെല്ലാം ഇതാണു ചെയ്യുന്നത്.

*മനോജ്:* മുമ്പൊക്കെ രൂപകല്പന കഴിഞ്ഞാൽ പിഡിഎഫാക്കി നല്കുകയായിരുന്നല്ലോ. കേരളത്തിൽ ആ നിലയ്ക്കു പൊതുവിൽ മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും അച്ചടി അല്ലാതെയുള്ള ആധുനികാവശ്യങ്ങൾക്കു പല ഡെറിവേറ്റീവുകൾ വേണമല്ലോ. വിദേശജേർണലുകൾക്ക് എന്തൊക്കെയാണു റിവർ വാലി നല്കുന്നത്?

*സി.വി.ആർ.:* ഇപ്പോൾ എക്സ്എംഎൽ, വെബ്ബിനും അച്ചടിക്കുമുള്ള പിഡിഎഫുകൾ, ജെപെഗ്ഗോ ജിഫോ ആയ ഇമേജ് എന്നിവയാണു നല്കേണ്ടത്. ചിലർക്ക് പട്ടി

കകളുടെ ഇമേജ് ഫയലും വേണം. പത്തും ഇരുപതുമൊക്കെ പേജു വരുന്ന പട്ടികകൾ വരെ ഉണ്ടാകും. പതിനായിരം ഇമേജുകൾ വരെയുള്ള ലേഖനങ്ങൾ ഉണ്ടാകും. ഒക്കെ ഞങ്ങൾ ചെയ്യുന്നുണ്ട്. മുമ്പ് 21 ദിവസംവരെ ഒരു ജേണലിനു തരുമായിരുന്നത് ഇപ്പോൾ അഞ്ചു ദിവസമായി കുറച്ചു! സാങ്കേതികവിദ്യയിലെ മാറ്റമാണു സമയം കുറച്ചത്.

ഏതു വിദ്യാഭ്യാസ-ഗവേഷണപ്രസിദ്ധീകരണവും കണ്ണുകാണാത്തവർക്കു കേൾക്കാൻ പറ്റണം എന്നാണു വികസിതലോകത്തു നിയമം. ഗണിതത്തെ ശബ്ദമാക്കാനുള്ള സോഫ്റ്റ്വെയർ ആയിട്ടില്ലാത്തതിനാൽ അതിനുമാത്രം ഇളവുണ്ട്. ഇതും വൈകാതെ വരും. വിദ്യാഭ്യാസവിഷയമല്ലാത്ത വിഭാഗം പുസ്തകങ്ങൾക്കും ഇതു നിർബ്ബന്ധമാക്കും. ഇൻഡ്യയിലും വൈകാതെ ഇതൊക്കെ നടപ്പാകും. അതിനൊക്കെ ഒത്തവണ്ണം മാറാൻ കേരളീയപ്രസാധനരംഗവും നിർബ്ബന്ധിതമാകും.


പുസ്തകങ്ങൾക്കുംമറ്റും ഇന്നു ഞങ്ങൾ സ്മാർട്ട് ഫോണുകളുടെ സ്ക്രീനുകളുടെ വലിപ്പത്തിലുള്ള പിഡിഎഫുകൾ ഉണ്ടാക്കുന്നുണ്ട്. കൂടാതെ ഇ-ബുക്കുകളും തയ്യാറാക്കുന്നു. 'ഇ.പബ്' എന്നതരം ഫയലാണ് ഇ-ബുക്ക്. മുമ്പൊക്കെ നമ്മുടെ പത്രങ്ങളും പ്രസാധകരുംമറ്റും ഇ-പേപ്പർ, ഇ-ബുക്ക് എന്നെല്ലാം പറഞ്ഞു നല്കിയിരുന്നത് പിഡിഎഫുകൾ ആയിരുന്നു.

ഇന്നു പിഡിഎഫിന് ഐഎസ്ഒ സ്റ്റാൻഡാർഡ് ഉണ്ട്—X1, X2, X3, X4, X5 എന്നിങ്ങനെ. ഇന്നു പിഡിഎഫ് തുറന്ന് എഡിറ്റ് ചെയ്യാം. മാർക്കും കമന്റും ഹൈലൈറ്റും ഒക്കെ ചെയ്യാം. ഹൈപ്പർ ലിങ്കുകൾ പ്രവർത്തിക്കും. ഇന്ററാക്ടിവാണത്. അച്ചടിക്കു കൊടുക്കുന്ന പിഡിഎഫുകൾ പ്രസുകാർ തുറന്ന് എഡിറ്റ് ചെയ്യാത്ത തരത്തിൽ ലോക്ക് ചെയ്തുവേണം കൊടുക്കാൻ. തിരുത്തുണ്ടെങ്കിൽ നാംതന്നെ ചെയ്തു കൊടുക്കണം. അതാണു നല്ല രീതി.

*മനോജ്:* പ്രസാധനരംഗത്തു വളരെപ്പെട്ടെന്നാണു മാറ്റങ്ങൾ വന്നത്. 90-കളുടെ പകുതിവരെയൊക്കെ ഞങ്ങൾ പത്രപ്രവർത്തകർ വാർത്ത പേനകൊണ്ട് എഴുതി നല്കുകയായിരുന്നു. ഡിറ്റിപിയൊക്കെ പ്രത്യേക വിഭാഗമാണ്. കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്യലൊന്നും ഇല്ല. ടൈപ്പ് സെറ്റ് ചെയ്തു പ്രിന്റൗട്ട് എടുത്തു വെട്ടിയൊട്ടിച്ചാണു പേജു തയ്യാറാക്കിയിരുന്നത്.

*സി.വി.ആർ.:* അതെ. 93-ൽ ഞാൻ ബിസിനസ് തുടങ്ങുമ്പോൾ പിഡിഎഫൊന്നും പ്രചാരത്തിൽ ആയിട്ടില്ല. അന്ന് കയ്യെഴുത്തായാണു മാറ്റർ കിട്ടുക. അതു ടൈപ്പ് ചെയ്യും. പ്രൂഫ് തിരുത്തും. എന്നിട്ടു ഫോർമാറ്റ് ചെയ്ത് പോസ്റ്റ് സ്ക്രിപ്റ്റായാണു നല്കിയിരുന്നത്. പിന്നെ പിഡിഎഫായി. പിന്നീട്ടു രണ്ടുതരം പിഡിഎഫ് രണ്ടാവശ്യത്തിനു നല്കണം എന്നായി—അച്ചടിക്കും വെബ്ബിനും. അച്ചടിക്കുള്ളതിൽ ചിത്രവും ഗ്രാഫിക്സുമെല്ലാം ഉയർന്ന റെസല്യൂഷനിൽ വേണം. ലിങ്കുകൾ വേണ്ടാ, ഹൈപ്പർ ലിങ്കു വേണ്ടാ...

2000-ൽ എത്തുന്നതോടെ എസ്ജിഎംഎൽ വന്നു. ജേർണൽ മുഴുവൻ പിഡിഎഫിൽ വേണം. പക്ഷെ, തുടക്കഭാഗവും ബിബ്ലിയോഗ്രഫിയും മറ്റും അടങ്ങുന്ന അവസാനഭാഗവും മാത്രം എസ്ജിഎംഎലിൽ വേണം. പിന്നെപ്പിന്നെ




കാമ്പസിൽ പാലിനുവേണ്ടി വളർത്തുന്ന പശുക്കൾ. (കടപ്പാട്: ഇ. പി. ഉണ്ണി)

മറ്റു ഭാഗങ്ങളും എസ്ജിഎംഎൽ ആയി. 2004 ആയപ്പോൾ മിക്ക പ്രസിദ്ധീകരണങ്ങളും എക്സ്എംഎലിലേക്കു വന്നു. മാത്തമാറ്റിക്കൽ മാർക്കപ്പും ഈ സമയത്ത് ഉപയോഗിച്ചുതുടങ്ങി. മാത്ത് എംഎൽ 1999-ൽ തുടങ്ങിയെങ്കിലും അതിന്റെ സ്പെസിഫിക്കേഷൻസ് ഇറങ്ങുന്നത് 2000-ൽ ആണ്. 2004-ൽ വ്യാപകമായി. ഇപ്പോൾ എല്ലാവരും അതിലേക്കു വന്നു. ഞങ്ങളുടെ അന്താരാഷ്ട്ര ഉപയോക്താക്കൾക്ക് ആവശ്യമാകുന്നമുറയ്ക്ക് ഓരോ പുതിയ രീതിയും ഞങ്ങൾ നടപ്പാക്കിവരികയാണ്.

*മനോജ്:* എക്സ്എംഎൽ, എസ്റ്റിഎംഎൽ, മാത്ത് എംഎൽ എന്നൊക്കെ പറഞ്ഞല്ലോ. ഇതെല്ലാം ആരാണു വികസിപ്പിക്കുന്നത്?

*സി.വി.ആർ.:* ഈ മൂന്നു മാർക്കപ്പുകളുടെയും സ്പെസിഫിക്കേഷനുകൾ എഴുതുന്നതും പരിപാലിക്കുന്നതും പരിഷ്കരിക്കുന്നതുമെല്ലാം വേൾഡ് വൈഡ് വെബ് കൺസോർഷ്യം (WWWC) ആണ്. വെബ്ബുംമറ്റുമെല്ലാം ആവിഷ്കരിച്ചത് ഗണിതജ്ഞരാണെങ്കിലും ഗണിതം വെബ്ബിൽ വന്നത് അവസാനമാണ്!

## ടെക് സംഘകാലവും മലയാളിപ്പുലികളും

*മനോജ്:* ടെക്സ്റ്റിന്റെ കഥ അവിടെ നില്ക്കട്ടെ. നമുക്കു ടെക്കിലേക്കു മടങ്ങിവരാം. ടെക് എങ്ങനെയാ, പഠിക്കാൻ എളുപ്പമാണോ?

*സി.വി.ആർ.:* ഒറ്റ ഉദാഹരണം പറയാം. പാലായിൽ ഒരു ചെറുകിടപ്രസാധകനുണ്ട്—റോയി. അദ്ദേഹത്തിനു ടെക്കിലേക്കു മാറണമെന്നു വലിയ ആഗ്രഹമായിരുന്നു. അതിനായി, അദ്ദേഹം പന്ത്രണ്ടാംക്ലാസിൽ പഠിക്കുന്ന മകൻ അരവിന്ദുമായാണ് വന്നത്. ഒരുനാൾകൊണ്ട് അരവിന്ദ് റോയ് സാമാന്യം നന്നായി ടെക് സ്വയം ഉപയോഗിക്കാൻ പാകത്തിനുള്ള പ്രാവീണ്യം നേടി മടങ്ങിപ്പോയി. ‘ഇതൾ’ ആണ് അരവിന്ദ് പഠിക്കാൻ ഉപയോഗിച്ചത്. അരവിന്ദ് ഇപ്പോൾ നന്നായി ജോലി ചെയ്യുന്നുണ്ട്. ഇത്രേ ഉള്ളൂ. പോണ്ടിച്ചേരി സർവ്വകലാശാലയിലെ പ്രൊഫസർ മഹേഷ് മംഗലാട്ട് അടുത്തിടെ വന്ന് ഒരാഴ്ച താമസിച്ച് നന്നായിത്തന്നെ പഠിച്ചു പോയി. പരിശീലനം നല്കിയാൽ നല്ല തൊഴിൽവിഭവം വികസിപ്പിക്കാനാകും.

*മനോജ്:* അരവിന്ദ് പഠിച്ചത് ഇതൾ ഉപയോഗിച്ചാണെന്നു പറഞ്ഞല്ലോ. എന്താണ് ഇതൾ?

*സി.വി.ആർ.:* ടെക് പഠിക്കാനും ടെക്കിൽ പേജുകൾ രൂപകല്പന ചെയ്യാനും സഹായിക്കാനായി ഞങ്ങളുടെ സായാഹ്ന ഫൗണ്ടേഷൻ ഒരുക്കിയിട്ടുള്ള വെബ്ബധിഷ്ഠിതസൗകര്യമാണ് ഇതൾ. കമ്പ്യൂട്ടറിൽ ടെക് ഇൻസ്റ്റാൾ ചെയ്യാതെതന്നെ മലയാളപുസ്തകങ്ങൾ ഇതിൽ അനായാസം ടൈപ്പ്സെറ്റ് ചെയ്യാം. ഇതുപയോഗിച്ച് ആർക്കും ടെക്കിൽ ഡിസൈൻ നടത്താം.

*മനോജ്:* പിന്നെ എന്താണിതൊക്കെ നമ്മുടെ നാട്ടിൽ പ്രചാരം നേടാത്തത്?

*സി.വി.ആർ.:* ആരും മുൻകൈ എടുക്കാത്തതുകൊണ്ടു മാത്രമാണ്. ടെക്കിനെപ്പറ്റി മനസിലാക്കുന്നവർ മാറാൻ തയ്യാറാകുന്നുണ്ട്. കോഴിക്കോട് പേരാമ്പ്രയിൽ ഡി.റ്റി.പി. നടത്തുന്ന സുഗീഷാണു നല്ല ഉദാഹരണം. ഇദ്ദേഹം നിർബ്ബന്ധപൂർവ്വം ടെക്കിലേക്കു മാറി. പ്രമുഖ ഡിസൈനറായ ഭട്ടതിരി പറഞ്ഞിട്ടുണ്ട് ഫുട്നോട്ടൊക്കെ ചെയ്യാൻ ഇൻഡിസൈനിൽ വലിയ പ്രയാസമാണെന്ന്. ടെക്കിൽ ലളിതമാണ്. കേരളപാണിനീയം ചെയ്തപ്പോൾ രണ്ടുപേജിലൊക്കെ വ്യാപിച്ചുകിടക്കുന്ന ഫൂട് നോട്ടുവരെ അനായാസം വന്നു.

ഇന്നു ‘ടെക് സ്റ്റുഡിയോ’ ഒക്കെ ലഭ്യമാണ്. അതിൽ രണ്ടു ജാലകം ഉള്ളതിൽ ഒന്നിൽ കോഡുനല്കി ഡേറ്റ ഇൻപുട്ട് ചെയ്താൽ അച്ചടിയിൽ വരുന്ന രൂപം മറ്റേ വിൻഡോയിൽ കാണാം. ഇതിന് WYSWYG എന്നു പറയും. What You See is What You Get എന്നതിന്റെ ചുരുക്കമാണത്. മെയിൻ ഫ്രെയിമും ആൻഡ്രോയിഡും അടക്കം എല്ലാ ഓപ്പറേറ്റിങ് സിസ്റ്റത്തിലും ടെക് ഉണ്ട്. എല്ലായിടത്തും പ്രവർത്തിക്കും. അത്ര ശക്തമാണത്.

tug.org എന്ന സൈറ്റിൽ ടെക് പഠിക്കാനുള്ള ട്യൂട്ടോറിയലുണ്ട്. ടെക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയും ചെയ്യാം. അതു സ്വതന്ത്രവും സൗജന്യവുമാണ്. ടെക് പാഠപുസ്തകത്തിന്റെ പിഡിഎഫും കിട്ടും. കൂടാതെ കോംപ്രിഹെൻസീവ് ടെക് ആർക്കൈവ് നെറ്റ്വർക്ക് എന്ന CTAN-ൽ info എന്ന

പേജിൽ ലക്ഷക്കണക്കിനു പേജുകളുണ്ട്. ടെക്കിന്റെ അടിസ്ഥാനകാര്യങ്ങൾ എങ്ങനെ പഠിക്കണം എന്നുതുടങ്ങി ഏറ്റവും സങ്കീർണ്ണമായ പ്രയോഗങ്ങൾവരെ ഇതിലുണ്ട്.

പഠിക്കേണ്ടവർക്ക് ആവശ്യംപോലെ ലാടെക് പുസ്തകങ്ങൾ വിക്കി ബുക്സിൽ ഉണ്ട്. ഇവയിൽ പുതിയ കാര്യങ്ങൾക്കനുസരിച്ച ടെക് പാഠപുസ്തകത്തിന്റെ പതിപ്പ് മലയാളിയായ കൃഷ്ണൻ മാഷ് തയ്യാറാക്കിയതാണ്.

*മനോജ്:* മലയാളികളാണോ ടെക്കിലെ പുലികൾ?

*സി.വി.ആർ.:* മറ്റിടങ്ങളിലെപ്പോലെ ഇൻഡ്യയിലും ടെക്കിനു ഉപയോക്തൃഗ്രൂപ്പുണ്ട്. 1997-ൽ ഉണ്ടാക്കിയതാണ്. പത്തിരുനൂറുപേരുള്ള ഒരു ടെക് ഡിവിഷനിൽ നിന്നാണു തുടക്കം. വിവിധ സ്ഥാപനങ്ങളിൽനിന്നു നൂറുപേരോളം വന്നു. ഒബ്സർവേറ്ററിയിലാണു കൂടിയത്. പ്രാഥമികതലത്തിലുള്ള രേഖ വേണമെന്ന ആവശ്യം വന്നു. ആദ്യം ഓൺലൈനായാണു തയ്യാറാക്കിയത്, ആഴ്ചയിൽ ഒരദ്ധ്യായംവീതം. അങ്ങനെ യൂസർ ഗ്രൂപ്പിൽ ആറേഴായിരം അംഗങ്ങളായി. പ്രധാന ഗവേഷണസ്ഥാപനങ്ങളിലും ഡിസൈനിങ് സ്ഥാപനങ്ങളിലും മാത്രമുള്ളവർ. എണ്ണായിരം അംഗങ്ങളുള്ള ജർമ്മൻ ഗ്രൂപ്പു കഴിഞ്ഞാൽ നമ്മളാണു രണ്ടാമത്. നമ്മൾ തയ്യാറാക്കിയതാണു മാനുവൽ. ആവശ്യം ഉയർന്നപ്പോൾ പുസ്തകമാക്കി. വിദേശസർവ്വകലാശാലകൾ ഇതു പാഠപുസ്തകമായി ഉപയോഗിക്കുന്നു. വിക്കി ബുക്സിലും ഫ്രീ സോഫ്റ്റ്വെയർ ഫൗണ്ടേഷനിലുമൊക്കെ ഇത് എടുത്തു.

കൃഷ്ണൻമാഷിന്റെ മറ്റൊരു സംഭാവനയാണു പിഎസ് ട്രിക്സ് എന്ന പോസ്റ്റ് സ്ക്രിപ്റ്റ് സൂത്രങ്ങൾ. പേജിലെ മഷിയുടെ വിതരണം സംബന്ധിച്ച് ഏറ്റവും ഫലപ്രദമായ സോഫ്റ്റ്വെയറാണു ടെക്. അതിന്റെ പ്രയോജനം ഉപയോഗിക്കാൻ ഉണ്ടാക്കിയതാണു പിഎസ് ട്രിക്സ്. നാലുലക്ഷം ഡൗൺലോഡാണ് ഇതിനുണ്ടായത്! കൃഷ്ണൻമാഷിന്റെ ഭാഷയുടെയും സമർപ്പണത്തിന്റെയും വിജയം!

*മനോജ്:* അന്നെല്ലാം സി.വി.ആർ. വളരെ സജീവമായിരുന്നു, അല്ലേ?

*സി.വി.ആർ.:* അതെ, 1997 – 2000 കാലത്തു വളരെ സജീവമായിരുന്നു.

*മനോജ്:* അന്നല്ലേ സ്വതന്ത്രസോഫ്റ്റ്വെയർ രംഗത്തൊക്കെ ഇടപെട്ടതും സ്വതന്ത്രസോഫ്റ്റ്വെയർ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചതുമൊക്കെ?


*സി.വി.ആർ.:* അതെ. അന്നൊക്കെ ആ മേഖലകളിൽ ഇടപെടാൻ വലിയ ആവേശമായിരുന്നു, എനിക്കു മാത്രമല്ല, ഇതൊക്കെ തലയ്ക്കു പിടിച്ച എല്ലാവർക്കും.

വീൽ ചെയറിലാണെങ്കിലും ആവേശത്തിനൊന്നും ഒരു കുറവുമില്ല. ചിലതൊക്കെ മറ്റുള്ളവരെ ഏല്പിച്ചു വഴിമാറിയ സി.വി.ആർ. ഇപ്പോൾ സ്വതന്ത്രപ്രസാധനത്തിനു വേണ്ടിയും പോരാട്ടം തുടരുകയാണ്, സ്വകർമ്മത്തിലൂടെ. വിവരത്തിന്റെയും അതു കൈകാര്യം ചെയ്യാനുള്ള ഉപാധികളുടെയും പൊതുവുടമാവകാശത്തെപ്പറ്റിയുള്ള നിലപാടുകളും ആ മേഖലകളിൽ സി.വി.ആർ. നിറഞ്ഞാടിയ കാലവും രേഖപ്പെടുത്തപ്പെടേണ്ടതും നാം അറിയേണ്ടതുമാണ്.

## സിവിആർ നിലപാടു പറയുന്നു

ചരിത്രം തന്നിഷ്ടപ്രകാരം മാറ്റിമറിക്കുന്ന ഇക്കാലത്ത് വിവരങ്ങൾ എക്കാലത്തേക്കും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന സി.വി. രാധാകൃഷ്ണന്റെ വാക്കുകൾക്കു പ്രസക്തി ഏറെയാണ്. സംരക്ഷിക്കൽ മാത്രമല്ല അത് എല്ലാവർക്കും എപ്പോഴും നിയന്ത്രണങ്ങളില്ലാതെ ലഭ്യമാക്കുക എന്നതും പ്രധാനമാണെന്നു സിവിആർ ഓർമ്മിപ്പിക്കുന്നു. അതിനായുള്ള സന്നദ്ധപരിശ്രമത്തിനാണു മുഴുവൻ ഒഴിവുസമയവും ഈ കർമ്മയോഗി വിനിയോഗിക്കുന്നത്.

ഇതിനായി തുടങ്ങിയ സന്നദ്ധസ്ഥാപനമാണു 'സായാഹ്ന ഫൗണ്ടേഷൻ'. കഴിയുന്നത്ര മലയാളപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്തു വായനക്കാർക്കു സൗജന്യമായി ലഭ്യമാക്കുക എന്നതാണു *സായാഹ്ന*യുടെ ലക്ഷ്യം. ഇതിനായി *സായാഹ്ന*യ്ക്കു വെബ്സൈറ്റുണ്ട്: www.sayahna.org. അതു തുറന്നാൽ *കേരളസാഹിത്യചരിത്രം, കേരളപാണിനീയം, ഐതിഹ്യമാല, വൃത്തമഞ്ജരി,* സി.വി. രാമൻ പിള്ളയുടെ കൃതികൾ (*മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജാ ബഹദൂർ*), എം. കൃഷ്ണൻ നായരുടെ *സാഹിത്യവാരഫലം, റിൽക്കെയുടെ തെരഞ്ഞെടുത്ത കവിതകളുടെ* പരിഭാഷ, എം.പി. പോളിന്റെ *സൗന്ദര്യദർശനം, ഫ്രഞ്ചു പ്രണയഗീതങ്ങൾ,* കെ. വേണുവിന്റെ *പ്രപഞ്ച*




റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിലെ കെട്ടിടസമുച്ചയത്തിന്റെ മറ്റൊരു കാഴ്ച. (കടപ്പാട്: ഇ. പി. ഉണ്ണി)

*വും മനുഷ്യനും, വി.വി.കെ. വാലത്ത്—കവിയും ചരിത്രകാരനും* എന്നുതുടങ്ങി ഇന്നു പുസ്തകശാലകളിൽ കിട്ടാത്ത ഒരുപിടി പുസ്തകങ്ങൾ കാണാം. വൈവിദ്ധ്യമാർന്ന മേഖലകളിലുള്ളവ. *ശബ്ദതാരാവലിയും* പൂർണ്ണരൂപത്തിലുള്ള *ഇന്ദുലേഖ*യും ഉടൻ എത്തും. എല്ലാം സൗജന്യമായി വായിക്കാം; ഡൗൺലോഡ് ചെയ്യാം. ഒരു പകർപ്പവകാശപ്രശ്നവുമില്ല. നല്ല വായനക്കാരനും ഭാഷാസ്നേഹിയുമായ സിവിആറിന്റെ കൗതുകകരമായ ഈ പ്രവർത്തനത്തിലേക്കു സംഭാഷണം വഴിതിരിഞ്ഞു.

## സായാഹ്ന എന്ന പുതുപുലരി

*മനോജ്:* ഇങ്ങനെയൊരു പരിശ്രമത്തിന്റെ പ്രേരണ?

*സി.വി.ആർ.:* മലയാളത്തിൽ ഡിജിറ്റൽ ഉള്ളടക്കം നന്നേ കുറവായിരുന്ന വേളയിൽ അതിനൊരു മാറ്റം വരുത്താൻ ഒരു മാതൃക എന്നനിലയിലാണതു തുടങ്ങുന്നത്. അതായിരുന്നു പ്രേരണ. ഒബ്രി മേനന്റെ പരിഭാഷയൊക്കെ ചെയ്തിട്ടുള്ള സുന്ദർ ആയിരുന്നു പ്രധാനവക്താവ്. കമ്പനിയിലെ ചില ജീവനക്കാരും സന്നദ്ധസേവനം ചെയ്തു. സെർവ്വർ സ്പേസ് എടുത്ത് ടൈപ്സെറ്റ് ചെയ്ത് ഇടുക, അതിനു പ്രചാരം കൊടുക്കുക. ഇതായിരുന്നു രീതി. 'മീഡിയ വിക്കി'യുടെ മാതൃകയിൽ അനായാസം തെരയാനും വായിക്കാനുമുള്ള സൗകര്യത്തോടെയാണു *സായാഹ്ന*യുടെ സൈറ്റ് തയ്യാറാക്കിയത്.

സ്വതന്ത്രപകർപ്പവകാശത്തോടെ സ്വന്തം കൃതികൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കാൻ സന്നദ്ധരാകുന്നവരുടെ രചനകളും പകർപ്പവകാശകാലാവധി കഴിഞ്ഞ പ്രസിദ്ധീകരണങ്ങളുമാണ് ഡിജിറ്റൈസ് ചെയ്യുന്നത്. ഡിജിറ്റൈസ് ചെയ്യുക എന്നാൽ സ്കാൻ ചെയ്തു പിഡിഎഫ് ആക്കലല്ല, യൂണിക്കോഡിൽ ടൈപ്പ് ചെയ്തു ചേർക്കുകതന്നെയാണ്.

ടാബിനും ഐപാഡിനും പറ്റുന്ന പതിപ്പുകൾ, അഞ്ചിഞ്ചു ഫോണിനും 16:9 സ്ക്രീനളവുള്ള ഫോണിനും പ്രത്യേകം പ്രത്യേകം പതിപ്പുകൾ, കിന്റിൽ പതിപ്പ്, ഇ-പബ്, വിക്കി പതിപ്പ് എന്നീ രൂപങ്ങളിൽ ഓരോ പുസ്തകവും രൂപകല്പന ചെയ്യും. അവയൊക്കെ ആർക്കും യഥേഷ്ടം ഡൗൺലോഡ് ചെയ്തു വായിക്കാം; പ്രചരിപ്പിക്കാം.

*കേരളപാണിനീയ*വും *വൃത്തമഞ്ജരി*യുമൊക്കെ അതിലെ പ്രത്യേകചിഹ്നങ്ങളും ഫൂട് നോട്ടുകളും പദസൂചികയും കാരികസൂചികയും പേജ് നമ്പരും സൂചനനമ്പരും ഒക്കെയായി ടെക്കിൽ ചെയ്യുന്നതുപോലെ മറ്റൊന്നിലും പറ്റില്ല. ടൈപ് ചെയ്യുമ്പോൾ മാർക് ചെയ്തു പോയാൽ ഇതെല്ലാം തനിയെ തയ്യാറാകും. രണ്ടുപേജിലേക്കു വ്യാപിച്ചുകിടക്കുന്ന ഫൂട്നോട്ടൊക്കെ ടെക്ക് സ്വയം ക്രമീകരിച്ചുകൊള്ളും. മൂന്നോ നാലോ തരം ഇൻഡക്സ് ഒരേസമയം ഉണ്ടാക്കാം. അച്ചടിക്കു തൊട്ടുമുമ്പ് വ്യാപകമായ മാറ്റിമറിച്ചിലുകൾ നടത്തിയാലും ഇവയെല്ലാം നൊടിയിടയിൽ തയ്യാറാകും. കുറഞ്ഞപക്ഷം ഹൃദ്രോഗം വരാതിരിക്കും. വ്യാകരണപുസ്തകമായിട്ടും *കേരളപാണിനീയ*മൊന്നും ആരും ഇതുപോലെ ഇപ്പോൾ അച്ചടിക്കുന്നില്ല. ടെക്കിൽ ചെയ്ത പുസ്തകങ്ങൾക്കു ഭംഗി ഒന്നു വേറെ തന്നെയാണ്.

*മനോജ്:* അതെ. ഐതിഹ്യമാല കണ്ടു. മറ്റ് ആര് ഇറക്കിയതിലും മനോഹരം! ഒന്നാന്തരം ചിത്രങ്ങളും!

*സി.വി.ആർ.:* പാലക്കാട് പാട്ടൂർസ്വദേശി അഭിജിത് എന്ന 16-കാരൻ വിദ്യാർത്ഥി വരച്ചതാണ ചിത്രങ്ങൾ. 126 കഥകൾക്കംകൂടി 270 ചിത്രം! ഇപ്പോൾ *ഇന്ദുലേഖ*യ്ക്ക ചിത്രം വരയ്ക്കുന്നു. ടെക്ക് പഠിക്കാൻ വന്നതാണ്. നേരത്തേ ഫേസ്ബുക്കിലെ അറിയിപ്പ കണ്ട് *ശബ്ദതാരാവലി* 50 പേജ് എന്റർ ചെയ്തു തന്നിരുന്നു. അഭിജിത്തിന്റെ ജ്യേഷ്ഠൻ 19-കാരൻ ഗൗതം ഫൊട്ടോഗ്രാഫറാണ്. ജാതിയും മതവും ദൈവവുമൊന്നും ഇല്ലാത്ത കുടുംബമാണ്. ഇടയ്ക്കൊക്കെ വരും.

*മനോജ്:* പകർപ്പവകാശം ഉപേക്ഷിച്ച് ഓൺലൈനിൽ പ്രസിദ്ധീകരിക്കാനൊക്കെ നമ്മുടെ എഴുത്തുകാർ തയ്യാറാകുന്നുണ്ടോ? അത്തരത്തിൽ പുസ്തകങ്ങൾ കിട്ടുന്നുണ്ടോ?

*സി.വി.ആർ.:* അതിന്റെ സാദ്ധ്യത മനസിലാക്കുന്നവർ തരുന്നുണ്ട്. സച്ചിദാനന്ദന്റെ രണ്ടു പുസ്തകങ്ങളുണ്ട്—*ഗാന്ധി*യും *തെരഞ്ഞെടുത്ത കവിതക*ളും. ആനന്ദ്, സി.വി. ബാലകൃഷ്ണൻ, ഇ. സന്തോഷ് കുമാർ, തുടങ്ങി പലരുടെയും രചനകളുണ്ട്. സച്ചിദാനന്ദനും എസ്. എസ്. മാധവനും സുനിൽ പി. ഇളയിടവും പോലുള്ളവർ പൂർണ്ണമായി സ്വതന്ത്രപ്രസാധനത്തിലേക്ക വരണം. മറ്റു വരുമാനം ഇല്ലാത്തവർ അതിന്റെ മെച്ചം ബോദ്ധ്യപ്പെടുന്നതുവരെ തത്ക്കാലം ചെയ്യണ്ടാ.

പകർപ്പവകാശം വേണമെന്നുള്ളവർക്ക് ഓൺലൈനിലെ സ്വതന്ത്രപ്രസാധനത്തിലും പകർപ്പവകാശത്തിനുള്ള വകുപ്പുകളുണ്ട്. ഓൺലൈനിലെ പകർപ്പവകാശനിയമങ്ങളായ ക്രിയേറ്റീവ് കോമൺസിന് ആറുതരം ലൈസൻസുകളുണ്ട്. ഇതിൽ മൂന്നെണ്ണമാണ വാണിജ്യേതരം. ഒരാൾ എഴുതിയാൽ അതേ ലൈസൻസിൽ ആർക്കും പുനഃപ്രസിദ്ധീകരിക്കാൻ അവസരം നല്കുന്നതാണ് ആദ്യത്തേത്. പക്ഷെ, ഈ അനുവാദം പ്രൊപ്രൈറ്ററി താല്പര്യം ഉള്ളവർക്കല്ല. എല്ലാ അനുമതിയും നല്കി പൊതുമണ്ഡലത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ലൈസൻസ് വീണ്ടെടുക്കാവുന്നതല്ല. ഇതുമുതൽ നിയന്ത്രണങ്ങളുള്ളവവരെ ഉണ്ട് ക്രിയേറ്റീവ് കോമൺസിൽ. ആറാമത്തേതിൽ ഡൗൺലോഡ് ചെയ്തു വായിക്കാൻ മാത്രമാണ് അവകാശം. ലംഘിച്ചാൽ ഇടപെടാനൊക്കെ സംവിധാനമുണ്ട്. വാണിജ്യതാത്പര്യത്തിൽ ആരും പ്രസിദ്ധീകരിക്കരുത് എന്ന വ്യവസ്ഥയോടെയാണ് ഇ. ഹരികുമാറിന്റെ 27 പുസ്തകവും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്.

## വില്പന കൂട്ടുന്ന സ്വതന്ത്രൻ!

*മനോജ്:* പകർപ്പവകാശം സംരക്ഷിച്ചാലും ഓൺലൈനിൽ സ്വതന്ത്രമായി പ്രസിദ്ധീകരിച്ചാൽ ആളുകൾ സൗജന്യമായി വായിക്കില്ലേ, അപ്പോൾ എഴുത്തുകാർക്ക് എന്താണ വരുമാനം?

*സി.വി.ആർ.:* ഈ സംശയം സാമാന്യബുദ്ധിയിൽ തോന്നാം. എന്നാൽ അനുഭവം മറിച്ചാണ്. അടുത്തിടെ അന്തരിച്ച പ്രമുഖകഥാകൃത്ത് ഇ. ഹരികുമാറിന്റെ 27




പിന്നിൽ ഇടത്തുനിന്ന്: ജനയുഗം പത്രാധിപർ രാജാജി മാത്യു തോമസ്, സ്വതന്ത്രസോഫ്‌വേർ പ്രവർത്തകൻ കെ.വി. രജീഷ്, രചന തുടങ്ങിയ സ്വതന്ത്രഫോണ്ടുകളുടെ രചയിതാവായ കെ.എച്ച്. ഹുസൈൻ, സൈ്ബസ് സ്വതന്ത്രസോഫ്റ്റ്‌വേർ പ്രോജക്ടിലെ പ്രധാന പ്രോഗ്രാമറായ ഫഹദ് അൽ സൈദി (മുന്നിൽ വലത്ത്) എന്നിവരോടൊപ്പം സിവിആർ.

പുസ്തകങ്ങൾ ഇങ്ങനെയാണു പ്രസിദ്ധീകരിച്ചത്–*സായാഹ്ന*യിലും ഹരികുമാരിന്റെ വെബ്സൈറ്റിലും. ഒടുവിൽ അവയെല്ലാം സമാഹരിച്ച് '*ഹരികുമാറിന്റെ സമ്പൂർണ്ണകൃതികൾ*' എന്ന പേരിൽ 12 വാല്യമായി പ്രസിദ്ധീകരിച്ചു. 3200 രൂപ വില. വമ്പിച്ച വില്പനയാണുണ്ടായതെന്ന് ഹരികുമാർ പറഞ്ഞിരുന്നു. അദ്ദേഹം ഫേസ്ബുക്കിൽ ഇത് എഴുതിയിട്ടുണ്ട്.

ജെ. ദേവികയുടെ '*കുലസ്ത്രീയും ചന്തപ്പെണ്ണും*' ആദ്യം അച്ചടിച്ചിറക്കിയപ്പോൾ സാധാരണ വില്പനയേ ഉണ്ടായുള്ളൂ. എന്നാൽ, അത് വിക്കി ഗ്രന്ഥശാലയിൽ പ്രസിദ്ധീകരിച്ചു സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിപ്പിച്ചതോടെ പുസ്തകത്തിന്റെ വില്പന ഗണ്യമായി ഉയർന്നു. അതിവേഗം മൂന്ന് എഡിഷൻ ഇറക്കേണ്ടിവന്നു. അത്ഭുതകരമാണ് ഈ പ്രവണത.

ഞങ്ങൾ *ഐതിഹ്യമാല* പ്രസിദ്ധീകരിച്ചപ്പോൾ മൂന്നുദിവസത്തിനിടെ ഉണ്ടായത് 14,000 ഡൗൺലോഡാണ്! രഞ്ജിത് കണ്ണൻകാട്ടിലിന്റെ '*കിൻസുകി-ഹൃദയം പുണരുന്ന മുറിവുകൾ*' എന്ന കവിതാസമാഹാരത്തിനു രണ്ടുദിവസംകൊണ്ടുണ്ടായത് മൂവായിരം ഡൗൺലോഡ്. മൂവായിരം ഡൗൺലോഡ് എന്നാൽ ആറായിരം പേരെങ്കിലും അറിയും. അതിന് ആനുപാതികമായി അച്ചടിച്ച പുസ്തകത്തിനു ഡിമാൻഡ് ഉണ്ടാകും. ഡിജിറ്റലായി പ്രസിദ്ധീകരിച്ചിട്ടു പുസ്തകം ആക്കുന്നു എന്ന് അറിയിച്ചാൽ മതി. ധാരാളം ഓർഡർ വരും.



കാമ്പസിലെ ആൽവൃക്ഷം. (കടപ്പാട്: ഇ. പി. ഉണ്ണി)

സാധാരണ രീതിയിൽ പ്രസിദ്ധീകരിച്ചാൽ 50 കോപ്പി വില്ക്കുമോ ഒരുദിവസം? പ്രചാരണത്തിൽ സമൂഹമാദ്ധ്യമം വലിയ സാദ്ധ്യതയാണ്.

*മനോജ്:* അതു കൗതുകകരമാണല്ലോ. പക്ഷെ, എഴുതിയയാൾ മരിച്ച് 60 കൊല്ലം കഴിഞ്ഞാലല്ലേ പകർപ്പവകാശം ഇല്ലാതാകൂ? ഇത്തരം പഴയ പുസ്തകങ്ങൾക്ക കാലം ചെല്ലുമ്പോൾ ലഭ്യതയും ആവശ്യവും കുറയുന്നതാണല്ലോ അനുഭവം.

*സി.വി.ആർ.:* അതെ. അതാണു പ്രശ്നം. പഴയ രചനകളിൽ പകർപ്പവകാശക്കാലം കഴിഞ്ഞവയേ എടുക്കാൻ കഴിയുന്നുള്ളു. പകർപ്പവകാശം കൈവശമുള്ള പ്രസാധകർ പുസ്തകത്തിന് ആവശ്യം കുറയുമ്പോൾ അവ അച്ചടിക്കാൻ മടിക്കും. അങ്ങനെ മികച്ച പല രചനകളും വിസ്മൃതിയിലേക്ക പോകുന്നുണ്ട്. അതേസമയം, ഓൺലൈനിൽ സ്വതന്ത്രമായി ലഭ്യമാകുമ്പോൾ അവയ്ക്കു വലിയ സ്വീകാരം വരികയും ചെയ്യുന്നു. അതിനർത്ഥം ആ പുസ്തകത്തിന് ആവശ്യക്കാർ ഇല്ലാതായിട്ടില്ല എന്നാണ്. ദൃശ്യത ഇല്ലാത്തതിനാൽ വിസ്മൃതിയിൽ ആകുന്നതാണ്. അത് പകർപ്പവകാശത്തിന്റെ അപകടമാണ്. ഇന്നു പകർപ്പവകാശത്തോടെ ഇറക്കുന്ന പല പുസ്തകത്തിനും ആ ഗതി വരാം. അറുപതുകൊല്ലമൊക്കെ കഴിഞ്ഞ് ആരെങ്കിലും ഓർത്തെടുത്ത് ഓൺലൈനിൽ ആക്കിയാൽ മാത്രമാകും പുനർജന്മം. ഇനി അഥവാ അധികം ആവശ്യക്കാർ ഇല്ലെങ്കിലും, ഓർഡറനുസരിച്ച് 50 – 100 കോപ്പിയൊക്കെ അച്ചടിച്ചുകൊടുക്കാവുന്ന പ്രിന്റ് ഓൺ ഡിമാൻഡ് സമ്പ്രദായം ഉള്ളതിനാൽ അച്ചടിച്ചുവച്ചു നഷ്ടം വരുമെന്ന ആശങ്കയും വേണ്ട.

*മനോജ്:* കുറച്ചു കോപ്പി അച്ചടിക്കുന്നതു നഷ്ടമാണെന്നാണല്ലോ പറയാറ്?

*സി.വി.ആർ.:* ആയിരുന്നു മുമ്പ്. പുതിയതരം പ്രസ് വന്നപ്പോഴാണ് പ്രിന്റ് ഓൺ ഡിമാൻഡ് സമ്പ്രദായം വന്നത്. ഇത്തരം പ്രസിൽ അച്ചടിക്കൂലി കുറവുമാണ്. ഇരുനൂറിൽത്താഴെ കോപ്പിയേ അടിക്കുന്നുള്ളെങ്കിൽ കവറിന്റെ ചെലവ് അധികമായി വഹിക്കേണ്ടിവരും.

അതുകൊണ്ടു ഞങ്ങൾ പരമാവധി വില കുറച്ചാണു പുസ്തകം വില്ക്കുന്നത്. ആ വിലതന്നെ ഞങ്ങൾ എടുക്കുകയല്ല. അതിൽ അച്ചടി, തപാൽ ചെലവു കഴിഞ്ഞുള്ള തുകയുടെ അഞ്ചു ശതമാനം വീതം സ്വതന്ത്രസോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ, ടെക് യൂസർ ഗ്രൂപ്പ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്, പുസ്തകത്തിൽ ഉപയോഗിച്ച ഫോണ്ട് രൂപകല്പന ചെയ്ത ആൾ, ചിത്രങ്ങൾക്കും മുഖചിത്രത്തിനും മറ്റും ആശ്രയിക്കുന്ന വിക്കി കോമൺസ് എന്നിവയ്ക്കു നല്കും. പത്തുശതമാനം എഡിറ്റർക്കും. രചിതാവുള്ള പുസ്തകമാണെങ്കിൽ 20 ശതമാനം ആ ആൾക്കും നല്കും. ഇതെല്ലാം ചേർത്താണു വിലയിടുക. രചിതാവ് ഇല്ലെങ്കിൽ അതു വിലയിൽ കുറയ്ക്കും. *കേരളപാണിനീയ*മൊക്കെ വിദ്യാർത്ഥികൾക്ക് ഡിസ്കൗണ്ടിലാണു നല്കാറ്.

*മനോജ്:* എങ്ങനെയാണ് ഇതിന്റെ വിപണനസമ്പ്രദായം?

*സി.വി.ആർ.:* അച്ചടി ഏല്പിക്കുന്ന കമ്പനിക്കു പിഡിഎഫ് നല്കും. പുസ്തകം ആവശ്യപ്പെടാനുള്ള ഫോം വെബ്സൈറ്റിൽ ഇടും. അതു പൂരിപ്പിച്ചു ക്ലിക് ചെയ്താൽ അച്ചടി ഏല്പിച്ച കമ്പനിയിലേക്ക് ഓർഡർ പോകും. അവർ അച്ചടിച്ച് എത്തിച്ചുകൊള്ളും. അമേരിക്കയിലും മറ്റും ഇതാണിപ്പോൾ രീതി.

*മനോജ്:* സ്വതന്ത്രപ്രസാധനം പരമ്പരാഗതപ്രസാധനത്തെ ബാധിക്കില്ലേ?

*സി.വി.ആർ.:* അതൊരു അബദ്ധധാരണയാണ്.

*മനോജ്:* ഇ-ബുക്ക് വന്നിട്ടും അച്ചടിപ്പുസ്തകവിപണി വളരുകയാണല്ലോ. അച്ചടിപ്പുസ്തകത്തിനു പ്രിയം കൂടുകയാണോ? അതെന്താണങ്ങനെ?

*സി.വി.ആർ.:* അതെ, ആവശ്യം കൂടുന്നതായാണു കാണുന്നത്. ഡിജിറ്റൽ പതിപ്പു സൗജന്യമായതിനാൽ ഉള്ളടക്കം നോക്കിയിട്ടു വാങ്ങിയാൽ മതി. വിപുലമായ തെരഞ്ഞെടുക്കൽ സാദ്ധ്യതയാണു മറ്റൊന്ന്. ഞങ്ങളുടെ പുസ്തകങ്ങളുടെ വിലക്കുറവും അതു പെട്ടെന്നു കിട്ടുന്നു എന്നതും ആകർഷണീയതയാണ്. സർവ്വോപരി ഒട്ടേറെ കമ്മ്യൂണിറ്റികളെ സഹായിക്കുന്ന സംരംഭമാണു *സായാഹ്ന* എന്ന പരിഗണനയും ഉണ്ടാകാം.

## സ്വതന്ത്രതയുടെ ആരാധകൻ

*മനോജ്:* പ്രസാധനത്തിന്റെയും സോഫ്റ്റ്‌വെയറിന്റെയും കാര്യത്തിലെന്നപോലെ വിവരങ്ങളുടെയും അറിവുകളുടെയും കാര്യത്തിലും താങ്കൾ സ്വാതന്ത്ര്യവാദി ആണല്ലോ. സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ ആദ്യകാലപ്രയോക്താക്കളിലും പ്രചാരകരിലും ഒരാളായ താങ്കൾ ഇൻഡ്യയിലെ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാൾകൂടി ആണെന്ന് അറിയാം. ലോകത്തേതന്നെ ഒരു പ്രധാനപ്രചാരകൻ എന്നാണു വിക്കിപീഡിയ പറയുന്നത്. റിച്ചാർഡ് സ്റ്റോൾമാൻ കേരളത്തിൽ വന്നാൽ തങ്ങാറുള്ളത് താങ്കളോടൊപ്പമാണെന്നും കേട്ടിട്ടുണ്ട്. സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനവുമായുള്ള ഈ

ബന്ധമാണോ വിവരങ്ങളുടെ സ്വതന്ത്രാവകാശം സംബന്ധിച്ച ചിന്തയ്ക്ക പ്രേരകം?

*സി.വി.ആർ.:* അറിവിന്റെമേൽ കുത്തകാവകാശം എന്നത് യുക്തിരഹിതമാണ്. പുതിയകാലത്തു വികസിച്ചുവരുന്ന ദർശനമാണിത്. പ്രസാധനവ്യവസായം വരുന്നതിനുമുമ്പും അതങ്ങനെ ആയിരുന്നു. എഴുത്തച്ഛനും പൂന്താനവുമൊക്കെ എഴുതിയതു പേരിനും പണത്തിനുമാണോ? അവരുടെയൊക്കെ പേരുപോലും നമുക്കറിയില്ല.

സർക്കാരിന്റെ വിവരങ്ങളടക്കം പൊതുവായ വിവരങ്ങളെല്ലാം പൊതുമണ്ഡലത്തിൽ സ്വതന്ത്രമായി ലഭ്യമാക്കുകതന്നെ വേണം. സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സ്വതന്ത്രലൈസൻസിങ്ങിൽ ആകണം. പാഠപുസ്തകങ്ങളൊക്കെ ഇങ്ങനെയാകണം. അതിൽ സർഗ്ഗാത്മകരചനകളോമറ്റോ ഉണ്ടായാൽത്തന്നെ ഒരാൾക്ക് ഒരു ലഘുരചനയുടെ അവകാശമല്ലേ പോകു? കർത്തൃത്വം പോകുന്നുമില്ല. അതുകൊണ്ട് അവർക്ക് എന്തുണ്ടാകാൻ! കൂടുതൽ പേരിൽ എത്തുന്നിടത്തല്ലേ രചനയുടെ വിജയം. കവിക്ക വീണ്ടും പ്രസിദ്ധീകരിക്കുകയും ചെയ്യാം. പ്രധാനചോദ്യം ഇതാണ്. കവിയോ ജനമോ വലുത്? കവിയെങ്കിൽ വേറെ കവിയെ നോക്കുക, അത്രതന്നെ. പകർപ്പവകാശവാദം ഉയർത്തിയതുമുതൽ ഇളയരാജയുടെ സംഗീതം കേൾക്കുന്നതു ഞാൻ നിർത്തി; മറ്റു പലരും.

ടെക്കിനുവേണ്ടി ഞാൻ വികസിപ്പിച്ച ഇരുപതോളം സോഫ്റ്റ്‌വെയറുണ്ട്. എല്ലാം CTAN-ൽ സൗജന്യമായാണ പ്രസിദ്ധപ്പെടുത്തിയത്. എനിക്ക ബിസിനസ് കൂടുകയാണുണ്ടായത്. നമുക്കുള്ള അംഗീകാരം കൂടും. സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ സന്ദേശമാണത്. വേദം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുമായിരുന്നതുകൊണ്ടാണ വേദങ്ങൾ പിന്നോട്ടുപോയത്. ശൂദ്രർ മുതൽ ദളിതരടക്കമുള്ളവർക്ക് അക്ഷരം വിലക്കി വിജ്ഞാനവികസനത്തിൽ സംഭാവന ചെയ്യാനുള്ള അവസരം ആ മഹാഭൂരിപക്ഷത്തിനു നൂറ്റാണ്ടുകളോളം നിഷേധിച്ചതാണല്ലോ ഇൻഡ്യയെ പിന്നോട്ടടിച്ചത്. ഇന്നു കോൺഫറൻസുകൾ നടത്തി പേപ്പറുകൾ പ്രസിദ്ധീകരിച്ചു വ്യാപിപ്പിക്കുന്നതിനാൽ പുതിയ ആശയങ്ങൾ വളരുന്നു. അതാണ വ്യത്യാസം.

സ്വതന്ത്രസോഫ്റ്റ്‌വെയർ ഡിറ്റിപിക്കാരെയടക്കം വ്യാപകമായി പഠിപ്പിക്കാനുള്ള പരിശ്രമം വേണം. ഇതിനായി ക്രാഷ് കോഴ്സ് നടത്തണം.

## ഡി.റ്റി.പി. രംഗത്തെ പ്രതിസന്ധിയും പരിഹാരവും

*മനോജ്:* ഡിറ്റിപികളെല്ലാംതന്നെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലാണ പ്രവർത്തിക്കുന്നത്.

*സി.വി.ആർ.:* അതു മാറ്റാൻ എളുപ്പമാണ്. കാരണം, ഇന്ന് അവർ ചെയ്യുന്ന എല്ലാ ജോലിക്കും പറ്റുന്ന സ്വതന്ത്രസോഫ്റ്റ്‌വെയറുകളുണ്ട്. ഓപ്പൺ ഓഫീസിലാണെങ്കിൽ മറ്റുള്ളവയിലെപോലെ ഫോണ്ട് പ്രശ്നമൊന്നും ഇല്ല. മലയാളം യൂണിക്കോഡിൽ ടൈപ് ചെയ്യാൻ പഴയ ആസ്കി ഫോണ്ടിൽ ടൈപ് ചെയ്യാൻ

ഉപയോഗിച്ച ഐ.എസ്.എം. പോലുള്ള ഇടനിലസോഫ്റ്റ്‌വെയറും ആവശ്യമില്ല. ഇപ്പോൾ ടൈപ് ചെയ്യുന്ന അതേ രീതിയിൽ ടൈപ് ചെയ്താൽ മതിതാനും. ഇൻസ്ക്രിപ്റ്റ്, ഫൊണെറ്റിക്, റെമിങ്ടൺ എന്നീ കീബോർഡുകളെല്ലാം അതിലും പറ്റും. എല്ലാനിലയിലും എളുപ്പവും സൗകര്യവും സ്വതന്ത്രസോഫ്റ്റ്‌വെയറും യൂണിക്കോഡ് ഫോണ്ടുമാണ്. ജി-മാർട്ടിലൊക്കെ ചെയ്യുന്നതുപോലെയെല്ലാം ലിനക്സിലും പറ്റും. വിൻഡോസിലും മാക്കി(Mac)ലും പറ്റണം. വിൻഡോസിലെ നോട്ട് പാഡ് പോലെ ലിനക്സിൽ ജിഎഡിറ്റ് ഉണ്ട്. വേറെയും ഉണ്ടെങ്കിലും മലയാളത്തിനു കൂടുതൽ നല്ലത് ജിഎഡിറ്റാണ്. യൂണിക്കോഡിലാകുമ്പോൾ ഇംഗ്ലിഷും മലയാളവും ഹിന്ദിയുമെല്ലാം തുടർച്ചയായി ടൈപ് ചെയ്തുപോകാം. ഫോണ്ടു മാറ്റിയാലും അതതു ഭാഷകൾ അങ്ങനെതന്നെ നില്ക്കും. ഇതൊന്നും മറ്റേതിൽ പറ്റില്ല.

ഡിറ്റിപിക്കാരെല്ലാം ഉപയോഗിച്ചുവന്ന പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ അതിന്റെ നിർമ്മാതാക്കൾ 2007-ൽത്തന്നെ ഉപേക്ഷിച്ചതാണ്. അവർ ഇറക്കിയ പുതിയ സോഫ്റ്റ്‌വെയറിനു വലിയ വിലയാണ്. മാത്രവുമല്ല, സോഫ്റ്റ്‌വെയറുകൾ ഉത്പന്നം എന്നതു മാറ്റി സേവനം ആക്കുകയാണ്. ഒപ്പം വലിയ വിലയും ഈടാക്കുന്നു. ഓൺലൈൻ പതിപ്പാണ് അവർ വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നത്. ക്ലൗഡിലെ സ്പേസടക്കം നല്കി, വിവിധ സോഫ്റ്റ്‌വെയറുകൾ പാക്കേജാക്കി പ്രത്യേക സ്യീറ്റ് എന്ന നിലയിൽ. പാക്കേജിലെ ചില ഘടകങ്ങൾ ആവശ്യമില്ലാത്തവർക്കും എല്ലാംകൂടിയേ വാങ്ങാൻ പറ്റൂ. പഴയ സോഫ്റ്റ്‌വെയറും പുതിയതിന്റെ വ്യാജപതിപ്പും ഉപയോഗിക്കുന്നതു വ്യാപകമായി പരിശോധന നടത്തി കണ്ടെത്തി പിഴ ഈടാക്കാനും തുടങ്ങിയിരിക്കുന്നു. പൊതുവിൽ ഡി.റ്റി.പി. രംഗം വലിയ പ്രതിസന്ധിയിലേക്കു വീഴുകയാണ്.

*മനോജ്:* എന്നിട്ടും എന്താണ് അവർ ഓപ്പൺ സോഫ്റ്റ്‌വെയറിലേക്കു മാറാത്തത്?

*സി.വി.ആർ.:* മാറാനുള്ള മനഃപ്രയാസവും നല്ല ഡിസൈൻ സോഫ്റ്റ്‌വെയർ ഇല്ലാത്തതുമാണ് അവരെ നിരുത്സാഹരാക്കുന്നത്. ശീലിച്ചതിന്റെ സുഖത്തിലാണവർ. പലതിനും ടെംപ്ലേറ്റുകൾ ഉണ്ടാക്കിവച്ചിരിക്കുകയാണ്. അതിൽ ടൈപ് ചെയ്താൽ മതി. സംഗതി എളുപ്പം. ഇന്നത്തെ അവസ്ഥ ശ്രദ്ധിച്ചിട്ടില്ലേ? പൊതുജനമാകെ ഉപയോഗിക്കുന്നത് യൂണിക്കോഡ്, ഡി.റ്റി.പി.ക്കാർമാത്രം ആസ്കിയിൽ!

*മനോജ്:* അടുത്തിടെ സ്ക്രൈബസ് എന്ന സ്വതന്ത്ര ഡിസൈൻ സോഫ്റ്റ്‌വെയർ മലയാളത്തിനു പാകത്തിൽ വികസിപ്പിക്കപ്പെട്ടല്ലോ. ഓരോരുത്തരും ശീലിച്ച പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന്റെ അതേ രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള കസ്റ്റമൈസേഷൻ ഇതിൽ ചെയ്യാനാകുമെന്നും അതു രൂപപ്പെടുത്തിയവർ പറഞ്ഞു. ഇനി എന്താണു വേണ്ടത്?

*സി.വി.ആർ.:* ഇന്നുള്ള മലയാളം പ്രസിദ്ധീകരണമെല്ലാം സ്ക്രൈബസിൽ രൂപകല്പന ചെയ്യാം. പ്രത്യേക ചിഹ്നങ്ങളും മറ്റും വേണ്ട സംഗീതചന്ദ്രിക, കേരളപാണിനീയം, ഗണിതപുസ്തകങ്ങൾ തുടങ്ങിയവ ടെക്കിലും ചെയ്യാം. അവ അവർ ശീലിച്ച പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിൽ ചെയ്യുക ഇപ്പോഴും ദുഃസാദ്ധ്യമാണ്.




ജീവനക്കാരുടെ ശിശുക്കൾക്കായി പണിത ക്രെഷ്. (കടപ്പാട്: ഇ. പി. ഉണ്ണി)

പക്ഷെ, ഇതിന് അവരെ മുഴുവൻ സൈബസും ടെക്കും പഠിപ്പിക്കാൻ ക്രാഷ് കോഴ്സ് നടത്തണം. തൊഴിൽവകുപ്പ് ക്യാമ്പയിനായി ഇതു ചെയ്യണം. എല്ലാ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിലും ഇവ നിർബ്ബന്ധമാക്കണം. സർക്കാരിൽ ഇവയേ പാടുള്ളൂ എന്നു നിഷ്ക്കർഷിക്കണം. സർക്കാരോഫീസുകളും ഐറ്റി@സ്കൂളിന്റെ ശിക്ഷണം കിട്ടുന്ന മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നവരായിട്ടും മറ്റ് ഉപയോക്താക്കൾ അതിലേക്കു വേണ്ടത്ര വരാത്ത സാഹചര്യത്തിൽ സർക്കാരും പ്രൊഫഷണൽ പ്രസ്ഥാനങ്ങളും പ്രത്യേകതാത്പര്യംതന്നെ ഇതിന് എടുക്കേണ്ടതുണ്ട്.

## സ്വാതന്ത്ര്യം നട്ടുനനച്ച്

*മനോജ്:* സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനമൊക്കെ ഉണ്ടായിട്ടും ഇതാണു സ്ഥിതി എന്നത് ചിന്തിക്കേണ്ട വിഷയമാണ്. ആ പ്രസ്ഥാനത്തിന്റെ ഇൻഡ്യയിലെ ഒരു തുടക്കക്കാരൻ എന്ന നിലയിൽ അതിനായി ചെയ്ത കാര്യങ്ങൾ ചുരുക്കി പറയാമോ?

*സി.വി.ആർ.:* ഞാൻ അതിൽ സജീവമായിരുന്നത് 1997 – 2005 കാലത്താണ്. അന്ന് സ്വതന്ത്രസോഫ്റ്റ്‌വെയറുകളും അതിന്റെ ട്യൂട്ടോറിയലുകളും മറ്റു സഹാ



ഇടത്തുനിന്ന്: കെ എച് ഹുസൈൻ, സി വി രാജഗോപാൽ; ഭിന്നശേഷി സൗഹൃദമായ കാമ്പസിലെവിടെയും വീൽചെയറിൽ ചുറ്റിക്കറങ്ങാം.

യസേവനങ്ങളുമൊക്കെ വിതരണത്തിനായി ഹോസ്റ്റ് ചെയ്യാൻ *sarovar.org* എന്നൊരു വെബ് പോർട്ടൽ ഞാൻ തുടങ്ങി. അനിൽ കുമാർ, രാജ്കുമാർ തുടങ്ങിയവരും സഹായത്തിനുണ്ടായിരുന്നു. പരസ്യങ്ങൾ ഇല്ലാത്ത പോർട്ടൽ. സോഫ്റ്റ്‌വെയർ വികസനം അടക്കമുള്ള ആവശ്യങ്ങൾക്ക് എത്ര സ്പേസ് വേണമെങ്കിലും തരും. ധാരാളം മിറർ സെർവ്വറുകളും ഇതിനുണ്ടായിരുന്നു. എപ്പോഴും അപ്ഡേറ്റിങ്. ആർക്കും എവിടെയും എപ്പോഴും ഡൗൺലോഡ് ചെയ്യാം. അന്ന് ഒരുലക്ഷം ഉപയോക്താക്കളും മുപ്പതിനായിരം പ്രൊജക്റ്റുകളും ഒക്കെ ഉണ്ടായിരുന്ന ഇതിലൂടെ ധാരാളം ടെക് ഉത്പന്നങ്ങൾ വികസിപ്പിക്കപ്പെട്ടു. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് (SMC) ഒക്കെ ഉണ്ടായത് ഇതിലായിരുന്നു. സൊളാരീസിന്റെ ഓപ്പൺ സൊളാരീസ് പോലും സരോവറിൽ ആയിരുന്നു. സവാനയും (Savannah) ജർമ്മനിയുടെ ബെർലിയോസും (Berlios) കഴിഞ്ഞാൽ മൂന്നാമതു സരോവർ ആയിരുന്നു.

*മനോജ്:* എന്നിട്ട്? ഇപ്പോൾ അതില്ലേ?

*സി.വി.ആർ.:* ഇല്ല. പരിപാലനം നിർവ്വഹിച്ചുവന്ന ഗ്രൂപ്പ് തിരക്കുമൂലം സമയത്തു ചെയ്യാതായി. എസ്.എം.സി. സവാനയിലേക്കു മാറി. ഡേറ്റാ സെർവ്വർ വാടകതന്നെ മാസം 12,000 രൂപ ആയിരുന്നു. അതിനിടെ ആപ്പിളിനു സമാനമായ ഒരു സ്വതന്ത്രസോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയ്തതിനു വക്കീൽനോട്ടീസ് വന്നു. പിൻവലിച്ചേ പറ്റൂ എന്ന സ്ഥിതി. കാലിഫോർണിയ ടെക്നോളജീസിലെ ആനന്ദ് ബാബു ബംഗളൂരുവിലുള്ള സ്വന്തം സെർവ്വറിൽ ഹോസ്റ്റ് ചെയ്തു. ഒന്നും ചെയ്യാൻ പറ്റിയില്ല. സ്വതന്ത്രസോഫ്റ്റ്‌വെയർ ഫൗണ്ടേഷനും സഹായിച്ചില്ല.

*മനോജ്:* അന്നെല്ലാം താങ്കൾതന്നെ ആയിരുന്നില്ലേ ഫൗണ്ടേഷന്റെ ഇവിടുത്തെ ഭാരവാഹി?

*സി.വി.ആർ.:* അല്ല. മലയാളിയായ എം. അരുൺ, ബോംബേയിൽനിന്നു നാഗാർജ്ജുന, ബംഗളൂരുവിൽനിന്നു ഗോപിനാഥ്, തുടങ്ങി ആറുപേരായിരുന്നു അന്നത്തെ ഫൗണ്ടേഷന്റെ സാരഥികൾ. ഞാൻ ഇൻഡ്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിലാണു പ്രവർത്തിച്ചിരുന്നത്. കെ.എസ്.എസ്. നമ്പൂതിരി പ്രസിഡന്റും ഞാൻ സെക്രട്ടറിയും (1997 മുതൽ). ഭാരവാഹികളിൽ കേന്ദ്രധനമന്ത്രാലയത്തിൽനിന്നുള്ള രണ്ടുപേരൊക്കെ ഉണ്ടായിരുന്നു. പാർലമെന്റിൽ സ്വതന്ത്രസോഫ്റ്റ്‌വെറ്റർ വന്നത് അങ്ങനെയാണ്. 2002-ൽ രാജ്യാന്തരഗ്രൂപ്പ് അവരുടെ യോഗം തിരുവനന്തപുരം ടെക്നോപാർക്കിൽ നടത്താൻ തയ്യാറായി. ആ സമയത്താണു സെക്രട്ടറിപദം സതീഷ് ബാബുവിനെ ഏല്പിച്ചു ഞാൻ പിന്മാറുന്നത്.

*മനോജ്:* ലിനക്സ് ഗ്രൂപ്പിലും സജീവമായിരുന്നില്ലേ? അത് എന്നാണ്?

*സി.വി.ആർ.:* ഏതാണ്ട് ഇതേകാലത്തു ലിനക്സ് ഗ്രൂപ്പും തുടങ്ങി. ദില്ലി, ബംഗളൂരു കേന്ദ്രങ്ങൾ ശക്തമായിരുന്നു. പ്രൊപ്രൈറ്ററി കമ്പനികളിൽനിന്നു വലിയ പ്രതിരോധം ഉണ്ടായി. അവയെ അതിജീവിച്ച പ്രാദേശിക യൂസർ ഗ്രൂപ്പുകൾ തിരുവനന്തപുരത്തും ഉണ്ടായി.

ലിനക്സിന്റെ ഇൻസ്റ്റലേഷനൊന്നും ഇന്നത്തെപ്പോലെ ലളിതമായിരുന്നില്ല. അതുകൊണ്ട് എല്ലാവർക്കും എല്ലാം അറിയാമായിരുന്നു. 2000 ആയപ്പോഴേക്കു ഗ്രൂപ്പ് വളരെ ശക്തമായി. അന്നൊന്നും നല്ല ബ്രൗസറില്ല, വേഡ് പ്രോസസറില്ല, സ്പ്രെഡ് ഷീറ്റില്ല, ഓഫീസ് സ്വീറ്റില്ല. 2005-ഓടെ ഇതെല്ലാം ഉണ്ടായി. സ്വീകാരം കൂടി. അവയൊന്നും വേണ്ടാത്ത താടിക്കാർ മാത്രമായിരുന്നു അന്നത്തെ ഉപയോക്താക്കൾ. ഇന്ന് ആൻഡ്രോയിഡുകൂടി വന്നതോടെ ലിനക്സ് ഒഴിവാക്കാനാവാത്തതായി.

ലിനക്സ് എങ്ങനെ ഇങ്ങനെയായി എന്നത് അത്ഭുതമാണ്. അമേരിക്കയിലും മറ്റും ഡെൽ ഒക്കെ ലിനക്സ് പ്രീലോഡ് ചെയ്ത് കമ്പ്യൂട്ടർ ഇറക്കുന്നു. ഇനി പ്രതിരോധിക്കാനാവില്ല.

*മനോജ്:* ഇവിടെ ഇപ്പോഴും എല്ലാം പ്രൊപ്രൈറ്ററി ഓപ്പറേറ്റിങ് സിസ്റ്റവുമായാണല്ലോ കിട്ടുന്നത്?

*സി.വി.ആർ.:* അതെ. ഇവിടെ എല്ലാ സിസ്റ്റവും വരുന്നത് മൈക്രോസോഫ്റ്റ് വിൻഡോസ് പ്രീലോഡ് ചെയ്താണ്. അവർ തമ്മിൽ ഉടമ്പടിയാണ്. അതു വേണ്ടാ എന്നു ശക്തമായി വാദിച്ചപ്പോൾ ഓപ്പറേറ്റിങ് സിസ്റ്റം ഇല്ലാതെ തരാൻ പറ്റില്ലെന്ന ന്യായം പറഞ്ഞ് ബൂട്ട് ചെയ്യാൻ മാത്രമുള്ള ഡോസിന്റെ (DOS) ഓപ്പറേറ്റിങ് സിസ്റ്റം മാത്രം ഇട്ടുതന്നു. സേവനത്തിനും പരിപാലനത്തിനും സംവിധാനം ഇല്ലാത്തതിനാൽ ഇവർ മറ്റുള്ളവർക്കു തരില്ല.

*മനോജ്:* അപ്പോൾപ്പിന്നെ വ്യാപിപ്പിക്കാൻ എന്തു ചെയ്യണം?

*സി.വി.ആർ.:* ചില സമീപനങ്ങളാണു പ്രശ്നം. ഉദാഹരണത്തിന്, ഐറ്റി@സ്കൂളിൽ ആധാരം സ്വതന്ത്രസോഫ്റ്റ്വെയർ ആണെങ്കിലും അതിന്റെ സിലബസിൽ C, C++ എന്നിവ പഠിപ്പിക്കുമ്പോൾ മൈക്രോസോഫ്റ്റിന്റെ സി-കമ്പയിലറാണ് ഉപയോഗിക്കുന്നത്. അതുകാരണം, ലിനക്സ് പഠിക്കുമ്പോൾ C, C++ പഠിക്കാൻ കുട്ടികൾക്കു വിൻഡോസിലേക്കു കടക്കേണ്ടിവരും. അതിലെ ഗ്രാഫിക്കൽ ലാളിത്യം അവരുടെ പഠനത്തെ ദോഷമായി ബാധിക്കും. ഇത് ഉടൻ മാറ്റണം.

*മനോജ്:* പകരം?

## ലിനക്സ് വളർന്ന വഴി

*സി.വി.ആർ.:* ഫ്രീ സോഫ്റ്റ്വെയർ ഫൗണ്ടേഷന്റെ കമ്പയിലറുണ്ട്. ലിനക്സിന്റെ ജി.സി.സി. (Gnu Compiler Collection) ആണു ഏറ്റവും മികച്ചതെന്നു ലോകം അംഗീകരിച്ചത്. അതിനാൽ കുട്ടികൾ ഇതു പഠിക്കാനുള്ള സാദ്ധ്യത സൃഷ്ടിക്കുകയാണ് വേണ്ടത്. ഉണ്ടാക്കുന്ന പ്രോഗ്രാം പരീക്ഷിക്കാനും മെച്ച

പ്പെടുത്താനുമെല്ലാം ഉള്ള എക്സർസൈസുകൾ ചെയ്യാൻ നല്ലത് ജി.സി.സി. ആണ്.

ഇത്തരം പല കുരുക്കുകൾ പലയിടത്തും കിടക്കുന്നു. ഇതൊക്കെ കണ്ടെത്തി പരിഹരിച്ചാൽ പ്രയോഗം വ്യാപിപ്പിക്കാം. പതിനഞ്ചു വയസിൽ പുറത്തിറങ്ങുന്ന കുട്ടികളെ ശരിയാക്കിയാൽ വലിയ മാറ്റം ഉണ്ടാകും.

വ്യാപാരികൾക്ക് കണക്കുസൂക്ഷിപ്പിനും ഇൻവെന്ററിക്കും സോഫ്റ്റ്‌വെയർ വേണം. ഇത്തരം മേഖലകൾ കണ്ടെത്തി എന്തുകൊണ്ടു സ്വതന്ത്രസോഫ്റ്റ്‌വെയറിൽ ഉണ്ടാക്കിക്കൊടുത്തുകൂടാ? അതൊക്കെ ചെയ്യണം. ഐ.സി. ഫോസ് ആണു ചെയ്യേണ്ടത്. പക്ഷെ, ചെയ്യുന്നില്ല. ചാല മുതൽ പാളയം വരെ എത്ര വ്യാപാരികളുണ്ട്? പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിനു രണ്ടുലക്ഷം രൂപ കൊടുക്കണം. എത്ര പണമാണു നാടിനു നഷ്ടമാകുന്നത്! നമുക്ക് ഓറക്കിളൊന്നും വേണ്ടാ. ലളിതമായ ബില്ലിങ് സോഫ്റ്റ്‌വെയർ മതി. നികുതി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള സഹായോപാധികൾ അടക്കം ഇതുണ്ടാക്കാൻ നികുതിവകുപ്പ് മുൻകൈ എടുക്കണം. ധാരാളം തട്ടിപ്പുകൾ ഒഴിവാക്കാം. പ്ലസ് ടു കഴിഞ്ഞ് ഇറങ്ങുന്നവരെക്കൊണ്ടു ചെയ്യിക്കാവുന്നതേയുള്ളൂ. ഐറ്റി@സ്കൂളിന്റെ

ഇടത്തുനിന്ന്: യാൻ വാനെക് (ചെക് റിപ്പബ്ലിക്കിൽ നിന്നുള്ള പ്രോഗ്രാമർ), ഹാൻ തെ താൻ (പിഡിഎഫ് ടെക് (pdfTEX) എന്ന സ്വതന്ത്രസോഫ്റ്റ്‌വേറിന്റെ രചയിതാവ്) കാമ്പസ് സന്ദർശിച്ചപ്പോൾ. ഇവർ സായാഹ്നയുടെ സാങ്കേതികറ്റീമിന്റെ ഭാഗമാണ്.



അനുബന്ധസംരംഭമായി ഇതു വികസിപ്പിക്കാം. സർവ്വീസ് നല്കൽ വഴി ധാരാളം തൊഴിലവസരവും ഉണ്ടാക്കാം.

*മനോജ്:* ശരിയാണ്. ഞാനും പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, പലനിലയ്ക്കും മെച്ചമായ സ്വതന്ത്രസോഫ്റ്റ്‌വെയറുകൾ കേരളം പോലൊരു പുരോഗമനരാഷ്ട്രീയസമൂഹത്തിൽപ്പോലും അതിനനുസരിച്ച വ്യാപകമാകാത്തതെന്തെന്ന്.

*സി.വി.ആർ.:* എന്തല്ലാം മെച്ചങ്ങൾ! ഹാക്കിങ്ങിനു സാദ്ധ്യത കുറവാണ്. ഒരു സ്ഥാപനം അല്ലല്ലോ, ലോകമാകെ വ്യാപിച്ചിട്ടുള്ള ഒരു സമൂഹം തന്നെയല്ലേ ഇവയുടെ പരിപാലകർ. അതുകൊണ്ട്, ഒരുവിഭാഗം ഹാക്കിങ്ങിനു ശ്രമിച്ചാൽ എതിർവിഭാഗം ശക്തമായി പ്രതിരോധിക്കും, മെച്ചപ്പെടുത്തും. സോഴ്സ് കോഡുകൾ കണ്ടാൽ കുഴപ്പങ്ങൾ വേഗം ചൂണ്ടിക്കാട്ടാൻ പറ്റും.

വൻകിട ജർമ്മൻ ബാങ്കായ ഡോഷ് ബാങ്ക് (Deutche Bank) ബാങ്കിങ് സോഫ്റ്റ്‌വെയർ ഓപ്പൺ ആക്കി. നമ്മുടെ പണം കൈകാര്യം ചെയ്യുന്നതല്ലേ. അതു സുതാര്യമാകണ്ടേ? ബോദ്ധ്യപ്പെടുത്താൻ കഴിയണ്ടേ? പൊതുപരിശോധന വേണ്ടേ? പരിഷ്കൃതസമൂഹം അങ്ങനെയൊക്കെയാണു ചിന്തിക്കുന്നത്. ഡോഷ് ബാങ്ക് ചെറിയ കൂട്ടരൊന്നുമല്ലല്ലോ. നാമും അനുകരിക്കണം. ബാങ്കിങ് സോഫ്റ്റ്‌വെയർ ആൻഡ്രോയിഡിൽ ആണല്ലോ. വോട്ടെടുപ്പിനുള്ള സോഫ്റ്റ്‌വെയറൊക്കെ ഇങ്ങനെ ഓഡിറ്റബിൾ ആകണം. എല്ലാറ്റിനും തടസം മനോഭാവമാണ്. അതു മാറണം.

## സ്വാതന്ത്ര്യത്തിന്റെ ആരൂഢം

*മനോജ്:* ഈ സ്വാതന്ത്ര്യമനോഭാവം റിവർ വാലിയുടെ ഈ ക്യാമ്പസിലും ജഗതിയിലെ വീട്ടിലുമൊക്കെ കാണാനും അനുഭവിക്കാനും പറ്റുന്നുണ്ട്. നഗരപ്രാന്തത്തിൽ ഇത്രയും വിശാലവും പ്രശാന്തവുമായ ക്യാമ്പസ് ശരിക്കും അത്ഭുതമാണ്. വലിയൊരു കുളവും ചെറുകുളങ്ങളും അരുവിയുമൊക്കെ കണ്ടു. എന്തൊക്കെയാണ് ഇവിടെയുള്ളത്?

*സി.വി.ആർ.:* നാല് ഏക്കറുണ്ട് ആകെ. വലിയ കുളത്തിനു നൂറുമീറ്റർ നീളവും 20 മീറ്റർ വീതിയും നൂറടി ആഴവുമുണ്ട്. വിവിധ ഇനത്തിൽപ്പെട്ട ഒരുലക്ഷത്തോളം മീനുകളുണ്ട് അതിൽ. കരിമീനും കൊഞ്ചുമൊക്കെയുണ്ട് ചെറിയ കുളങ്ങളിൽ. അതതു ഭാഗത്തെ ജലസേചനത്തിനുള്ളതാണു ചെറുകുളങ്ങൾ. മുഴുവൻ മഴയും ഇവയിൽ സംഭരിച്ച് ഉപയോഗിക്കും. വർഷം മുഴുവൻ കുടിക്കാനും കുളിക്കാനും ക്യാമ്പസിൽ വെള്ളമുണ്ടാകും. 200 കോഴിയും 50 താറാവും ഉണ്ട്. പത്ത് പശുക്കളുണ്ട്. അൻപതിനം വാഴ, കാരറ്റ്, മുട്ടക്കോസ് (കാബേജ്),... ഏതാണ്ടെല്ലാ പച്ചക്കറിയും ഉണ്ട്. ധാരാളം ഔഷധസസ്യങ്ങളും ക്യാമ്പസിലുണ്ട്. അരിമാത്രം വാങ്ങും. കുറച്ച് വയൽ ഒരാളോട് ചോദിച്ചിരുന്നു. തന്നില്ല. ഇപ്പോൾ തരാമെന്നു പറയുന്നു.

*മനോജ്:* അരിയും പാലുമൊഴികെ സ്വയംപര്യാപ്തമാണ്?

*സി.വി.ആർ.:* ജീവനക്കാരിൽ 40 പേർ ക്യാന്റീൻ ഉപയോഗിക്കുന്നുണ്ട്. ക്യാന്റീനിൽ ഉപയോഗിക്കുന്നതു മുഴുവൻ ക്യാമ്പസ് ഉത്പന്നങ്ങളാണ്. പാലും മുട്ടയും പച്ചക്കറിയും മീനുമൊക്കെ ജീവനക്കാർക്കും കൊടുക്കും. ബാക്കിവരുന്നതു വില്ക്കും.

*മനോജ്:* കൃഷി ഏതുരീതിയിലാണ്?

*സി.വി.ആർ.:* പൂർണ്ണമായും ജൈവകൃഷിയാണ്. പച്ചക്കറി വളർത്താൻ പോളിഹൗസ് ഉണ്ട്. ഫംഗസ് ബാധ ഒഴിവാകും. കാരറ്റിന് അൾട്രാവയലറ്റ് പാടില്ല. അതു തടയാൻ പോളിമർ ഫിൽറ്ററുണ്ട്. കീടനാശിനി ഇല്ല. ജൈവനിയന്ത്രണമാണ്. ഇര-ഇരപിടിയർ ബാലൻസ് ഇപ്പോൾ കൃത്യമാണ്. പത്തുശതമാനമൊക്കെയേ കീടം കയറി പോകാറുള്ളൂ.

*മനോജ്:* ധാരാളം മയിലുകളെ കണ്ടല്ലോ. ഇടയ്ക്കിടെ കൂവലും കേൾക്കാം. വളർത്തുന്നതാണോ?

*സി.വി.ആർ.:* അല്ല. ക്യാമ്പസിൽ ധാരാളം പാമ്പുണ്ട്. അതാണല്ലോ ഇഷ്ടഭക്ഷണം. അതുകൊണ്ടു പാർപ്പുറപ്പിച്ചവരാ.

പരിസ്ഥിതിയ്ക്കിണങ്ങുന്ന കെട്ടിടങ്ങളാണ് എല്ലാം. നല്ല വായൂസഞ്ചാരമാണ്. ഫാനുകൾ പിടിപ്പിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിപ്പിക്കേണ്ടിവരുന്നില്ല. ധാരാളം വെളിച്ചം




കാമ്പസിലെ പ്രധാനജലസംഭരണി. (കടപ്പാട്: ഇ. പി. ഉണ്ണി)

കടന്നുവരുന്നതിനാൽ പകൽ ലൈറ്റ് ഇടേണ്ടിവരാറില്ല. എൽ.ഇ.ഡി. ലൈറ്റുകളാണ് എല്ലാം. അവതന്നെ വെളിച്ചം കുറയുന്നതിനനുസരിച്ച് തെളിഞ്ഞുവരുന്ന, സെൻസിറ്റിവിറ്റി വഴി നിയന്ത്രിക്കുന്ന, തരമാണ്. വൈദ്യുതിക്കു പകരം സൗരോർജ്ജം ആക്കാനുള്ള ഒരുക്കത്തിലാണിപ്പോൾ.

മുള കാര്യമായി ഉപയോഗിച്ചുള്ളതാണു നിർമ്മാണം. നാല്പതുകൊല്ലമാണ് അതിന്റെ ആയുസ്സ്; സ്റ്റീലിനോളം. സ്റ്റീൽ കൈവരികൾ കിളിക്കാട്ടം വീണുംമറ്റും ദ്രവിച്ചിട്ടും മുള കുഴപ്പമില്ലാതെ നില്ക്കുന്നു!

ഭിന്നശേഷീസൗഹൃദമാണു നിർമ്മാണം. ഒരുനിലപ്പൊക്കത്തിലാണു റാമ്പ്. ഒരറ്റത്തെ ക്വാർട്ടേഴ്സിൽനിന്നു മറ്റേയറ്റത്തെ കുളത്തിൽവരെ വീൽ ചെയറിൽ പോകാം. എല്ലാ കെട്ടിടത്തിൽനിന്നും പടി കയറാതെ പ്രധാനഗേറ്റുവരെയും വഴിയുണ്ട്.

മൂന്നുഭാഗമായി അഞ്ചു ബ്ലോക്കുകളാണ് ആകെ കെട്ടിടങ്ങൾ. പ്രധാനകെട്ടിടത്തിന് അഞ്ചു നിലയുണ്ട്. അതിൽ ലിഫ്റ്റുണ്ട്. പ്രധാനകെട്ടിടത്തിലെ ഒന്നും രണ്ടും നിലകളിലായി 250 പേർക്കു ജോലിചെയ്യാം. മലയാളത്തിലും ഇംഗ്ലിഷിലുമുള്ള ധാരാളം പുസ്തകമുള്ള നല്ലൊരു ലൈബ്രറിയുമുണ്ട്. അവിടത്തെ വായനക്കാർ കൂടുതലും താണതലത്തിലുള്ള ജോലികൾ ചെയ്യുന്നവരാണെന്നു സി.വി.ആർ പറഞ്ഞു.

മറ്റൊരുഭാഗത്ത് രണ്ടു ദമ്പതിമാർക്കുവീതം താമസിക്കാവുന്ന നാലു ഗസ്റ്റ് ഹൗസുണ്ട്. കെയർ ടേക്കർക്കുള്ള പാർപ്പിടവും അവിടെയാണ്. സിവിആർ ചിലപ്പോഴൊക്കെ അവിടയാണു തങ്ങിയിരുന്നത്. ഇപ്പോൾ ആരോഗ്യം വീണ്ടുമൊന്നു പിണങ്ങിയപ്പോൾ അവിടെയായി സ്ഥിരതാമസം.

ഈ രണ്ടു ഭാഗങ്ങൾക്കും നടുവിലാണു ഭക്ഷണശാല. വിശാലമായ അടുക്കള. രണ്ടു നിലകളിലായി രണ്ടു ഭക്ഷണശാലകളിൽ 250 പേർക്കു ഭക്ഷണം കഴിക്കാം.

*മനോജ്:* ക്യാന്റീനും പൂർണ്ണമായും ജൈവമാണോ?

*സി.വി.ആർ.:* അതെ. വറുത്ത ഭക്ഷണം കഴിവതും ഒഴിവാക്കും. ആഴ്ചയിൽ ഒരുദിവസം വടയോ വാഴയ്ക്കാപ്പമോ ഉണ്ടാകും. അവൽ, തെരളി, അവലോസുപൊടി, കൊഴുക്കട്ട, അട തുടങ്ങിയവയൊക്കെയാണു സാധാരണ. ക്രിസ്ത്യൻവിഭവമായ 'ഇൻറിയപ്പ്'വും ഉണ്ടാക്കും. നാടൻ കോഴിയിറച്ചിയൊക്കെയുണ്ട് മെനുവിൽ. ആഴ്ചയിൽ മൂന്നുദിവസം മീനുണ്ട്. ഒരുദിവസം വറുത്തതാണ്. വെള്ളിയാഴ്ചകളിൽ പരിപ്പും പപ്പടവും പായസവും ഒരുക്കും. തീയൽ പോലുള്ള വിഭവങ്ങളൊക്കെ ഉണ്ടാകാറുണ്ട്. വെണ്ടയ്ക്കാത്തോരൻ ബഹുവിശേഷമാണ്. സായിപ്പന്മാർക്കൊക്കെ വലിയ ഇഷ്ടം. ധാരാളം കൂട്ടുകാർ വരും. ജർമ്മനിയിൽനിന്നും മറ്റുമുള്ള ടെക് ഡെവലപ്പർമാരും വരും. കേരളീയഭക്ഷണത്തെപ്പറ്റി വലിയ മതിപ്പാണ് അവർക്കെല്ലാം.

മാസത്തിൽ ഒരുദിവസം സദ്യയുണ്ട്. 90-95 പേർ കഴിക്കും. ഭക്ഷണമെല്ലാം 65 ശതമാനം സബ്സിഡി കുറച്ചാണു നല്കുന്നത്. ആവശ്യക്കാർക്കു സ്വന്തം കമ്പ്യൂട്ടറിൽനിന്ന് ഓർഡർ നല്കാം. മാസാവസാനം ബില്ലും കമ്പ്യൂട്ടറിൽ വരും.

## തൊഴിലാളീസൗഹൃദവും

*മനോജ്:* ക്യാന്റീൻ നടത്തിപ്പ്?



വർക്ക് സ്റ്റേഷനുകളും ജീവനക്കാരും പ്രവർത്തനസ്ഥലവും. (കടപ്പാട്: ഇ. പി. ഉണ്ണി)

*സി.വി.ആർ.:* തൊഴിൽക്കരാറാണ്. പാത്രവും ഇന്ധനവും മറ്റു സൗകര്യവുമെല്ലാം നമ്മൾ നല്കും. സ്ത്രീകളുടെ തൊഴിൽപ്രസ്ഥാനമായ സേവയ്ക്കാണു കരാർ. ഏഴു ജീവനക്കാരുണ്ട്. അവർക്കും പ്രൊവിഡന്റ് ഫണ്ടൊക്കെ നല്കും. ശമ്പളത്തിനു പുറമെ വിലയുടെ പത്തു ശതമാനം അവർക്കു നല്കും. അവധിദിവസവും ശമ്പളം നല്കും. ബന്ദുദിവസം വരണ്ടാ. അവരെല്ലാം ഹാപ്പിയാണ്. മൂന്നുകൊല്ലം കൂടുമ്പോൾ അവർക്കു സേവയുടെ മറ്റു കരാർസ്ഥലങ്ങളിലേക്കു സ്ഥലംമാറ്റം ഉണ്ടെങ്കിലും അവർക്ക് ഇവിടമാണിഷ്ടം.

*മനോജ്:* റിവർ വാലിയിലെ ജീവനക്കാരോടും ഇതുതന്നെയാകും സമീപനം, അല്ലേ?

*സി.വി.ആർ.:* അതെ. പിരിഞ്ഞുപോകാൻ തോന്നാത്ത ശമ്പളമാണു നല്കുന്നത്. അതുകൊണ്ട് ആരും അധികജോലി ഏറ്റെടുക്കാറില്ല. അല്ലാതെതന്നെ എല്ലാവർക്കും കുട്ടികളെ നല്ല വിദ്യാലയത്തിൽ പഠിപ്പിക്കാനും വണ്ടി, വീട് ഒക്കെ പരിപാലിക്കാനും കഴിയും.

ഓരോദിവസത്തെയും ജോലി കണക്കാക്കി അവധിദിവസം ജോലി ചെയ്യണോ എന്നത് വോട്ടിനിടും. ഭൂരിപക്ഷവും അനുകൂലിച്ചാൽമാത്രം ചെയ്യും. അതിന് ഇരട്ടി വേതനവും ഒരു ദിവസത്തെ പകരം അവധിയും നല്കും. ചുരുക്കത്തിൽ ഒരു അവധിദിനജോലിക്കു മൂന്നുദിവസത്തെ ശമ്പളം. ബന്ദിനു പകരം മറ്റൊരു അവധിദിനം പ്രവൃത്തിദിനമാക്കും. അവധിദിനപ്രവൃത്തികൾ തൊഴിൽവകുപ്പിനെ അറിയിക്കും. ഒരു തൊഴിൽനിയമവും ലംഘിക്കില്ല. പണി

തീർന്നാൽ ആഴ്ചക്കണക്കിൽ നേരത്തേ പോകാം. ചിലർ നാലുമണിക്കൂറിൽ ത്താഴെയേ ചെയ്യാറുള്ളൂ. ജോലി നിരീക്ഷിക്കാൻ സംവിധാനമുണ്ട്. പക്ഷെ, ബിഗ് ബ്രദർ ആകരുതെന്നുണ്ട്. അതിനാൽ അത് അത്രയ്ക്കു നോക്കാറില്ല.

വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള അനുമതി പണ്ടേ ഉണ്ട്. മിക്കവർക്കും ലാപ്ടോപ് ഉണ്ട്. കോവിഡ് 19 അടച്ചിടൽക്കാലത്ത് ഇതാണു തുണയായത്. ലാപ്ടോപ് ഇല്ലാത്തവർക്കുകൂടി അതു നല്കാനും അത് അവസരമായി.

നാലുലക്ഷം രൂപയുടെ മെഡിക്കൽ ഫണ്ടുണ്ട്. ജീവനക്കാർക്ക് അവകാശബോധം തോന്നാൻവേണ്ടിമാത്രം ബോണസിലെ ഒരു സംഭാവന ഇതിൽ ഇടുവിക്കും. ജീവകാരുണ്യം പോലുള്ള ഫ്യൂഡൽ മാടമ്പിത്തമാണെന്ന് ആർക്കും തോന്നേണ്ടല്ലോ. ബാക്കി കമ്പനി ഇടുന്നതാണ്. ഇതിൽനിന്ന് അടിയന്തരസഹായം നല്കും. ഇ.എസ്.ഐ. കിട്ടുമ്പോൾ തിരിച്ചടച്ചാൽ മതി. അതിനായി കാത്തു വിഷമിക്കേണ്ട എന്നതാണു മെച്ചം. എല്ലാവർക്കും ആരോഗ്യ ഇൻഷ്വറൻസും ഉണ്ട്.

*മനോജ്:* ഇപ്പോൾ എത്രപേർ ജോലിചെയ്യുന്നുണ്ട്?

*സി.വി.ആർ.:* ഒടുവിൽ 134 പേർ ഉണ്ടായിരുന്നു. ഇതിൽ 85 ശതമാനം സ്ത്രീകളാണ്. 50 – 50 അനുപാതത്തിൽ തുടങ്ങിയതാണ്. സ്ഥാപനത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കിയിട്ടുമുണ്ട്.

*മനോജ്:* റിവർ വാലിക്കു വേറെയും കേന്ദ്രങ്ങൾ ഇല്ലേ?



റിവർ വാലിയിലെ ജീവനക്കാർ പ്രവർത്തനനിരതരായി. (കടപ്പാട്: ഇ. പി. ഉണ്ണി)

*സി.വി.ആർ.:* ഉണ്ട്. നാലു കേന്ദ്രങ്ങൾ. ചെറിയ സംവിധാനങ്ങളാണ്. തൃശ്ശിനാപ്പള്ളിയിൽമാത്രം 30 പേർ. കൊച്ചിയിൽ അഞ്ചുപേരും കോഴിക്കോട്ട് 18 പേരും കണ്ണൂരിൽ നാലു പേരും. ഒരു കരുതൽ സംവിധാനം കൂടിയാണത്. പ്രളയമോ ഭൂമികുലുക്കമോ പോലെ എന്തെങ്കിലും ഉണ്ടായാലും കണക്റ്റിവിറ്റി പോയാലും മറ്റു കേന്ദ്രങ്ങളിൽനിന്നു പ്രവർത്തിപ്പിക്കാനാകും. രാജ്യാന്തരനിലവാരമുള്ള സ്ഥാപനങ്ങളൊക്കെ ഇപ്പോൾ ഇങ്ങനെ പല കേന്ദ്രങ്ങൾ ഒരുക്കാറുണ്ട്. സെർവ്വറുകളൊക്കെ അങ്ങനെയാണല്ലോ. മിറർ സെർവ്വറുകൾ വേറെ ഭൂഭാഗങ്ങളിൽ വയ്ക്കും. ക്ലൗഡ് കമ്പ്യൂട്ടിങ്ങിന്റെയൊക്കെ ഗുണം അതാണ്. ഞങ്ങളുടെ ഡേറ്റ എല്ലാം ക്ലൗഡിലാണ്. ഇവിടെ സാധാരണ കമ്പ്യൂട്ടറുകൾതന്നെ ഇല്ല.

*മനോജ്:* അതെ. അതു ഞാൻ ശ്രദ്ധിച്ചു. ചോദിക്കണമെന്നു കരുതിയതുമാണ്. എന്താണാ സംവിധാനം?

*സി.വി.ആർ.:* ഡെസ്ക്ക്ടോപ്പിനു പകരം 3500 രൂപ മാത്രം വിലയുള്ള റാസ്പ്ബെറി (Raspberry) ആണ് എല്ലാ ടേബിളിലും. 750 വാട്ട്സ് വൈദ്യുതിയുടെ സ്ഥാനത്ത് അഞ്ചുവാട്ട്സ് മതി. അതിലെ ബാറ്ററിയിൽ 23 മണിക്കൂർ പ്രവർത്തിപ്പിക്കാം. ഒരു കീബോർഡും എൽസിഡി മോനിറ്ററും മാത്രം മതി. ആവശ്യമെങ്കിൽ പ്രിന്ററും ബന്ധിപ്പിക്കാം. സേവ് ചെയ്യുന്നതെല്ലാം ക്ലൗഡ് സെർവ്വറിൽ ആയതിനാൽ പാസ്‌വേഡുള്ള ആർക്കും എവിടെയിരുന്നും എപ്പോഴും അത് എടുത്ത് ഉപയോഗിക്കാൻ കഴിയും. മൂലധനച്ചെലവു നന്നേ കുറച്ചുമതി.

## സ്വാതന്ത്ര്യത്തിന്റെ കമ്മ്യൂൺ

*മനോജ്:* മറ്റൊരു പ്രധാനകാര്യം—ഒരുപക്ഷെ, ഏറ്റവും കൗതുകകരവും—ചോദിക്കാനുള്ളത് താങ്കളുടെ കമ്മ്യൂൺ പരീക്ഷണത്തെപ്പറ്റിയാണ്.

(സി.വി.ആർ. ആർത്താർത്തു ചിരിച്ചു. ശരീരത്തിലെ ആവേശം മുഴുവൻ മുഖത്തേക്ക്. പൊടുന്നനെ അദ്ദേഹം കൂടുതൽ വാചാലനായി.)

*മനോജ്:* എന്തായിരുന്നു പ്രചോദനം?

*സി.വി.ആർ.:* കൂട്ടുകുടുംബം ആയിരുന്ന എന്റെ കുടുംബംതന്നെയാണു പ്രേരണ. കൂട്ടുകുടുംബത്തിനു കോട്ടങ്ങൾപോലെതന്നെ ചില നേട്ടങ്ങളുമുണ്ട്. ഒരു കുട്ടിക്കു സുഖമില്ലാതായാൽ അച്ഛനമ്മമാർ ബേജാറാകേണ്ട കാര്യമില്ല. ഇന്നോ? അതുപോലെതന്നെ പ്രായമായവരുടെ കാര്യവും. എന്റെ അച്ഛനമ്മമാരെ ഞാൻ നിർബ്ബന്ധിച്ചു കൊണ്ടുവരേണ്ടിവന്നു, സംരക്ഷിക്കാൻ. താത്പര്യമില്ലാത്തത് സമപ്രായക്കാർ ഇല്ലാത്തതുകൊണ്ട്. മുത്തശ്ശന്മാരും മുത്തശ്ശിമാരും കുട്ടികളുമായുമുള്ള ബന്ധവുമില്ല. പരസ്പരമുള്ള കരുതലില്ലായ്മ. അതോടൊപ്പം സാംസ്കാരികപാരമ്പര്യവും നഷ്ടമാകുന്നു. ആർദ്രത, സഹാനുഭൂതി ഒക്കെ അങ്ങനെ പകർന്നുകിട്ടേണ്ടവയാണ്. പഞ്ചതന്ത്രം കഥയൊക്കെ എത്ര തലമുറ പറഞ്ഞതാണ്. അവ നഷ്ടമായപ്പോൾ കുട്ടികൾ വിനോദത്തിനു യന്ത്രങ്ങളിലേക്കു തിരിയുന്നു. അവർക്കു വിവേചനമില്ല.

അതുപോലെയാണു വാർദ്ധക്യത്തിൽ എത്തിയവരുടെ കാര്യവും. അവരുടെ ആവശ്യം അനായാസേനയുള്ള മരണമാണ്. അതിൽ എത്രമാത്രം

സഹായിക്കാനാകും? അവരവരുടെ വാർദ്ധക്യം അവരവർ ആസൂത്രണം ചെയ്തു കൃത്യതയോടെ നടപ്പാക്കുക എന്നതു സാദ്ധ്യമാകണം. നല്ല വിദ്യാഭ്യാസം കിട്ടിയാൽ കിട്ടുന്ന ജോലികൾ നഗരങ്ങളിൽ ആകയാൽ കുട്ടികൾക്കും അച്ഛനമ്മമാർക്കും ഒപ്പം ജീവിക്കാൻ സാദ്ധ്യത കുറയും. നല്ല വിദ്യാഭ്യാസം കിട്ടാത്തവർക്കാകട്ടെ, അതിനുള്ള ശേഷി ഉണ്ടാകുകയുമില്ല. ചിലപ്പോൾ മനസ്സും. ചിലർ അക്രമികളായൊക്കെ മാറാം. അങ്ങനെയൊക്കെയാണല്ലോ കാണുന്നത്.

ഓർമ്മയും ബുദ്ധിയും ക്ഷയിക്കുന്നതും ചലനശേഷി കുറയുന്നതുമാണ് വാർദ്ധക്യത്തിലെ പ്രശ്നങ്ങൾ. രണ്ടിനും ഇന്നു ശാസ്ത്രീയപരിഹാരങ്ങളുണ്ട്. പക്ഷേ, അവ വ്യക്തിപരമയി നേടാൻ പറ്റില്ല. ഉദാഹരണത്തിനു കക്കൂസിൽ പോകാനുള്ള ബുദ്ധിമുട്ട്. പരിഹാരം ഉണ്ട്. പക്ഷേ, ഒരാൾക്കായി ആ ചെലവു താങ്ങാനാവില്ല. ഒരു സമൂഹമായി വാങ്ങിയാൽ എല്ലാവർക്കും ഉപയോഗിക്കാം. 'ഗുസാരിസ്' (Guzaarish) എന്ന സിനിമയിൽ ഈ ഉപകരണങ്ങളുണ്ട്. എട്ടുപത്തുലക്ഷം രൂപയുണ്ട് ഒരു ഉപകരണത്തിന്. അതൊരു 'പ്ലഷറാ'ണ്.

അതുപോലെ, പൊതു അടുക്കള, ജലസംഭരണി, ഇന്റർനെറ്റ് കഫേ, കളിസ്ഥലം, വയോജനങ്ങൾക്ക ശമ്പളത്തിൽ നഴ്സുമാർ തുടങ്ങി എല്ലാ പൊതുസൗകര്യവുമുള്ള, പരിസ്ഥിതിസൗഹൃദമായ, അത്തരം അവബോധങ്ങളുള്ള ഒരു കൂട്ടുജീവിതമാണ് ഞാൻ വിഭാവനം ചെയ്തത്.

*മനോജ്:* പക്ഷെ, കൂട്ടുകുടുംബം പലനിലയ്ക്കും ആരോഗ്യകരം ആയിരുന്നില്ലെന്നാണല്ലോ ചരിത്രവിശകലനങ്ങളും എം.റ്റി.യെപ്പോലുള്ളവരുടെ രചനകളും വ്യക്തമാക്കിയിട്ടുള്ളത്?

*സി.വി.ആർ.:* അതെ. അത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവയൊക്കെ ഒഴിവാക്കിയ, ആധുനികകാഴ്ചപ്പാടുകൾക്ക് അനുസൃതവും ജനാധിപത്യപൂർണ്ണവുമായ ഒരു പ്രാദേശിക സ്വാശ്രിതസമൂഹമായാണ് ഞാൻ അതിനെ വിഭാവനം ചെയ്തത്. ഓരോരുത്തർക്കും അവകാശങ്ങൾ ഉണ്ട്. അവ സംരക്ഷിക്കണം. താത്പര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും എന്ന പ്രശ്നമുണ്ട്. അതു ചർച്ച ചെയ്യണം. കുട്ടികളുടെ കാര്യത്തിൽ തല്ല്, ശാസന, ഭീഷണിപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളുണ്ട്. കുട്ടികളുടെ പ്രണയത്തെ എങ്ങനെ സമീപിക്കണം? അവർ ലൈംഗികമായൊക്കെ ഇടപെടാം. അതൊക്കെ എങ്ങനെ സ്നേഹപൂർവ്വം, യാഥാർത്ഥ്യബോധത്തോടെ കൈകാര്യം ചെയ്യാം? ജാതിക്കോമരങ്ങളുടെ സ്വാധീനത്തിൽനിന്നു സംവിധാനത്തെ എങ്ങനെ മുക്തമാക്കാം. ഇങ്ങനെ വിപുലമാണു മേഖലകൾ.

(സി.വി.ആറിന്റെ കമ്മ്യൂൺ സങ്കല്പം അദ്ദേഹത്തിന്റെ ബ്ലോഗിൽ അവതരിപ്പിച്ചിട്ടുണ്ട്. സുസ്ഥിരസമൂഹം (Sustainable Community) എന്നാണ് അതിനു നല്കിയിട്ടുള്ള പേര്. (http://cvr.cc/?p=35) അതിന്മേൽ കാര്യമായ ചർച്ച നടന്നിട്ടുമുണ്ട്.)

*മനോജ്:* പാരീസ് കമ്മ്യൂണാണോ പ്രചോദനം?

*സി.വി.ആർ.:* തീർച്ചയായും അതുണ്ട്. പക്ഷെ, അതിനു പ്രശ്നങ്ങൾ ഉണ്ടായിരുന്നല്ലോ. ഇസ്രായീലിലെ കിബ്ബുത്സ് (Kibbutz) പോലെ ഒന്നാണ് എന്റെ സങ്കല്പത്തിലെ കമ്മ്യൂൺ.

*മനോജ്:* ആ വഴിക്കു ചില പരിശ്രമങ്ങളും നടത്തിയല്ലോ. എന്തൊക്കെ ആയിരുന്നു അത്?

*സി.വി.ആർ.:* ഇതിൽ താത്പര്യമുള്ള കുടുംബങ്ങളെ കണ്ടെത്തുക, കമ്മ്യൂൺ സ്ഥാപിക്കാൻ സ്ഥലം വാങ്ങുക, അവിടെ പൊതുസൗകര്യങ്ങൾ ഒരുക്കുക, പരിപാലനസംവിധാനം ഉണ്ടാക്കുക എന്നിങ്ങനെ പലതും വേണ്ടിയിരുന്നു. കിള്ളി എന്ന സ്ഥലത്ത് 14 ഏക്കർ സ്ഥലം കണ്ടെത്തി. കമ്പനിയിലുള്ളവർക്കു വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള സാദ്ധ്യത പരിശോധിച്ചു. ഇഷ്ടമുള്ളപ്പോൾ ഓഫീസിൽ വരിക. സ്വസ്ഥമായി ഇരിക്കാൻ തോന്നുമ്പോൾ അതു കഴിയണം. പഴയ കൃഷിപ്പണിപോലെ. കമ്പനിയിൽ ആയിരിക്കുമ്പോൾ ഉണ്ടാകുന്ന കുടുംബാസൗകര്യങ്ങൾ ഒഴിവാക്കണം. കുട്ടികളെ നോക്കൽ, അച്ഛനമ്മമാരെ കൊണ്ടുവരൽ, അവരുടെ കാര്യങ്ങൾ നോക്കൽ ഒക്കെ മനഃക്ലേശമില്ലാതെ നടക്കണം. വേർപിരിയൽ പരമാവധി കുറയ്ക്കാൻ വിവാഹപൂർവ്വ-കുടുംബ കൗൺസെലിങ് ഒക്കെ ആലോചിച്ചു.

പക്ഷെ, വസ്തുവിന്റെ ഉടമകൾ തമ്മിലുള്ള ആശയക്കുഴപ്പങ്ങളും ബ്രിട്ടിഷ് പങ്കാളിയുടെ കുത്തിത്തിരിപ്പും ഒക്കെ കാരണം അന്നതു നടന്നില്ല. പിന്നീട് സ്വന്തം സഹോദരങ്ങളെയും കുടുംബങ്ങളെയും ചേർത്തു ലഘുമാതൃകയും ആലോചിച്ചു. എങ്കിലും നമ്മുടെ പാരമ്പര്യത്തിലെ 'ഫ്യൂഡലും ട്രൈബലുമായ' സ്വഭാവവിശേഷങ്ങൾ തുടക്കത്തിലേ അതും തല്ലിക്കെടുത്തി. എന്നാലും ആ സ്വപ്നം ആർക്കെങ്കിലും പ്രചോദനമാകുന്നെങ്കിൽ, ആരെങ്കിലും നടപ്പാക്കാൻ മുതിരുന്നെങ്കിൽ, ആകട്ടെ എന്നു കരുതിയാണ് അതു ബ്ലോഗിൽ വിശദമായിത്തന്നെ ഇട്ടത്.

സി.വി.ആർ. തന്റെ www.cvr.cc എന്ന ബ്ലോഗിൽ http://cvr.cc/?p=60 എന്ന താളിൽ 'എന്റെ സ്വപ്നങ്ങൾ' (My Dreams) എന്ന ശീർഷകത്തിൽ രണ്ടു സ്വപ്നങ്ങളിൽ ഒന്നാമത്തേതായി പറയുന്നത് കമ്മ്യൂൺ സ്ഥാപനമാണ്. 1973 മുതൽ ഇദ്ദേഹം ഇതിനായി സംസാരിക്കുന്നു. യുട്ടോപ്യൻ എന്ന് ഒരുവേള തോന്നിയ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ സി.വി.ആർ. ഇപ്പോൾ വീണ്ടും പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ, ആധുനികമാനവികമൂല്യങ്ങളുടെ, വക്താവും പ്രയോക്താവുമായ സി.വി.ആർ. തന്റെ ആശയങ്ങൾ കഴിയുന്നത്ര സ്വന്തം ജീവിതത്തിലും സമൂഹത്തിലും നടപ്പാക്കുകയും സമൂഹത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ചെയ്യുന്ന അപൂർവ്വമാതൃകയാണ്. സി.വി.ആറിന്റെ പ്രവൃത്തികളും മാതൃകകളാണ്. നല്ലൊരു നാളേയ്ക്കുള്ള സ്വാതന്ത്ര്യത്തിന്റെ മാതൃകകൾ. ശാരീരികമായ പരിമിതിയാൽ മുച്ചക്രക്കസേരയിൽ തളയ്ക്കപ്പെട്ട ശരീരത്തിൽ ആ വിശ്വമനസ് ചക്രവാളങ്ങളില്ലാത്ത സ്വാതന്ത്ര്യസ്വപ്നങ്ങൾ കാണുന്നു; അവയുടെ സാക്ഷാത്ക്കാരത്തിന്റെ സാദ്ധ്യതകൾ തേടുന്നു. ആ വഴിയിൽ നമ്മളാലാവുന്നതു ചെയ്യുക എന്നതാണ് ഈ മനുഷ്യസ്നേഹിക്കുള്ള സമർപ്പണം.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'ലോകോത്തരജേർണലുകളുടെ രൂപശില്പി സി.വി.ആർ. ജീവിതം പറയുന്നു', മീഡിയ മാസിക, 2019 ഒക്ടോബർ.
2. 'ടെക്കിന്റെ ജൈത്രയാത്രയും പുറംതിരിഞ്ഞു നാമും', മീഡിയ മാസിക, 2019 നവംബർ – ഡിസംബർ.
3. 'അറിവുസ്വാതന്ത്ര്യത്തിന്റെ ആഘോഷം', പ്രസാധകൻ മാസിക 2020 ജൂൺ.

Please write to ⟨info@sayahna.org⟩to file bugs/problem reports, feature requests and to get involved.Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA